***മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി***

***സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്***

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ഒറ്റൂർ ഗ്രാമ പഞ്ചായത്ത്**

**വാർഡ് - 1 ഞെക്കാട്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/3/2019**

**റിപ്പോർട്ട് തയാറാക്കിയത്**

**തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം**

**ശംഭു ചന്ദ്രൻ, സുമി. ആർ, ശ്രീല. ആർ, സ്വപ്ന എ എസ്, സൗമ്യ ആർ**

o

# ഭരണഘടനാപ്രതിജ്ഞ

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും

സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം,

ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,സ്ഥാനമാനങ്ങൾ,

അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും

വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന

സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം,

ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 28 ആം തീയതി ഞെക്കാട് പി. എച്ച്. സി യിൽ കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 വിജ്ഞാപനം ചെയ്തെങ്കിലും 2005ൽ പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2006 ഫെബ്രുവരി രണ്ടിന് രാജ്യത്ത് തുടക്കംകുറിച്ചു. മൂന്ന് ഘട്ടങ്ങളായി 2008ൽ നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ തൊഴിൽ ദിനങ്ങൾ ആവശ്യ അധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജന വിഭാഗങ്ങൾക്കായി ഈടുറ്റതും, ഗുണമേന്മയുള്ളതും ഉൽപാദനക്ഷമത ഉള്ള ഉപജീവന ആസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. മഹാത്മാഗാന്ധി എന്ന

വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് അനുപൂരകമായി ജമ്മു-കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതു ആണ്.  മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ ഉറപ്പു നൽകുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണ മെന്ന് നിയമത്തിലെ 17- വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു

1. തൊഴിൽ കാർഡിന് അപേക്ഷിക്കാൻ ഉം 15

ദിവസത്തിനകം ലഭിക്കുവാനും ഉള്ള അവകാശം

2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം

4. ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം

5. താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനും ഉള്ള അവകാശം

6. കുടിവെള്ളം തണൽ പ്രാഥമിക ശുശ്രൂഷ കിറ്റ് തൊഴിലാളികളോട് ഒപ്പം അഞ്ചു വയസ്സിനു താഴെയുള്ള അഞ്ചു കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ട് എങ്കിൽ അവരെ നോക്കാനായി ആയ, ഇതിനായുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം  ലഭിക്കുന്നതിനുള്ള അവകാശം

8. കൂലി ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം കിട്ടുന്നതിനുള്ള അവകാശം

9. പരാതികളിൽ സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

# പൊതുവിവരങ്ങൾ

# ഒറ്റൂർ ഗ്രാമപഞ്ചായത്ത്

ജില്ല : തിരുവനന്തപുരം

ബ്ലോക്ക് : വർക്കല

പഞ്ചായത്ത് : ഒറ്റൂർ

വിസ്തീർണ്ണം : 9.47ച. കി.മി

വാർഡുകളുടെ എണ്ണം :13

ജനസംഖ്യ : 21612 (2011 ലെ സെൻസസ് പ്രകാരം)

സ്ത്രീകൾ : 10132

പുരുഷന്മാർ : 11480

പട്ടികജാതി : 2796

പ്രസിഡന്റ് : ആർ. സുഭാഷ്

സെക്രട്ടറി : ഡി. അനിൽ കുമാർ

വാർഡ് : ഞെക്കാട്

വാർഡ്മെമ്പർ: അജി

രജിസ്ട്രേഡ് വർക്കേഴ്സ് : 3273

സജീവ തൊഴിലാളികൾ : 938

100 ജോലി തികഞ്ഞവർ : 334

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

തിരുവനന്തപുരം ജില്ല

വർക്കല ബ്ലോക്ക്

ഒറ്റൂർ ഗ്രാമ പഞ്ചായത്ത്

വാർഡ് : 1 ( ഞെക്കാട് )

1) പ്രവർത്തിയുടെ പേര് : കൃഷിക്കാവശ്യമായ കുളത്തിന്റെ നിർമ്മാണം

പ്രവർത്തിയുടെ കോഡ് :1614010006/IF/383775

അടങ്കൽ തുക : 99556

ചിലവായ തുക : 77832

പ്രവർത്തി ആരംഭിച്ച തീയതി :26/10/2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 13/11/2018

ആകെ തൊഴിൽദിനങ്ങൾ : 481

മസ്റ്ററോളുകളുടെ എണ്ണം : 20

മേറ്റ് : ഷിനി

2] പ്രവർത്തിയുടെ പേര് : കൃഷിക്കാവശ്യമായ കുളത്തിന്റെ നിർമ്മാണം

പ്രവർത്തിയുടെ കോഡ് :1614010006/IF/383775

അടങ്കൽ തുക : 99556

ചിലവായ തുക :77832

പ്രവൃത്തി ആരംഭിച്ച തീയതി :28/01/2019

പ്രവർത്തി അവസാനിച്ച തീയതി :  14/02/2019

ആകെ തൊഴിൽദിനങ്ങൾ : 282

മസ്റ്റർ റോളുകളുടെ എണ്ണം : 4

മേറ്റ് : ഷിനി

3] പ്രവർത്തിയുടെ peru  : കിണർ നിർമ്മാണം, ഞെക്കാട്

പ്രവർത്തിയുടെ കോഡ് :1614010006/IF/339737

അടങ്കൽ തുക : 28173

ചിലവായ തുക :26144

പ്രവൃത്തി ആരംഭിച്ച തീയതി :22/02/2019

പ്രവർത്തി അവസാനിച്ച തീയതി :  09/03/2019

ആകെ തൊഴിൽദിനങ്ങൾ : 46

മസ്റ്റർ റോളുകളുടെ എണ്ണം : 8

മേറ്റ് : ഷിനി

4] പ്രവർത്തിയുടെ പേര്  : കിണർ നിർമ്മാണം, ഞെക്കാട്

പ്രവർത്തിയുടെ കോഡ് :1614010006/IF/339736

അടങ്കൽ തുക : 28173

ചിലവായ തുക : 26073

പ്രവൃത്തി ആരംഭിച്ച തീയതി :26/02/2019

പ്രവർത്തി അവസാനിച്ച തീയതി : 14/03/2019

ആകെ തൊഴിൽദിനങ്ങൾ : 47

മസ്റ്റർ റോളുകളുടെ എണ്ണം : 8

മേറ്റ് : ഷിനി

5] പ്രവർത്തിയുടെ പേര് : തരിശുഭൂമി കൃഷിയോഗ്യമാക്കൽ, പാട്ടക്കൃഷി।

പ്രവർത്തിയുടെ കോഡ് :1614010006/IF/336379

അടങ്കൽ തുക : 799445

ചിലവായ തുക : 74244

പ്രവൃത്തി ആരംഭിച്ച തീയതി :01/10/2018

പ്രവർത്തി അവസാനിച്ച തീയതി : 11/10/2018

ആകെ തൊഴിൽദിനങ്ങൾ : 269

മസ്റ്റർ റോളുകളുടെ എണ്ണം : 10

മേറ്റ് : ഷിനി

6] പ്രവർത്തിയുടെ പേര് : കൃഷിക്കാവശ്യമായ കുളത്തിന്റെ നിർമ്മാണം

പ്രവർത്തിയുടെ കോഡ് : 1614010006/IF/338548

അടങ്കൽ തുക : 129241

ചിലവായ തുക : 97428

പ്രവർത്തി ആരംഭിച്ച തീയതി :26/02/2019

പ്രവർത്തി അവസാനിച്ച തീയതി : 13/03/2019

ആകെ തൊഴിൽദിനങ്ങൾ : 353

മസ്റ്റർ റോളുകളുടെ എണ്ണം :12

മേറ്റ് : ഷിനി

7] പ്രവർത്തിയുടെ പേര് : കിണർ നിർമ്മാണം, ഞെക്കാട്

പ്രവർത്തിയുടെ കോഡ് : 1614010006/IF/339735

അടങ്കൽ : 26446

ചിലവായ തുക : 21788

പ്രവർത്തി ആരംഭിച്ച തീയതി : 06/01/2019

പ്രവർത്തി അവസാനിച്ച തീയതി : 20/01/2019

തൊഴിൽ ദിനങ്ങൾ : 38

മസ്റ്റർ റോളുകളുടെ എണ്ണം : 2

മേറ്റ് : ഷിനി

8] പ്രവർത്തിയുടെ പേര് :കിണർ നിർമ്മാണം (ഞെക്കാട് )

പ്രവർത്തിയുടെ കോഡ് : 1614010006/IF/214317

അടങ്കൽ : 27523

ചിലവായ തുക : 26144

പ്രവർത്തി ആരംഭിച്ച തീയതി : 26/02/2019

പ്രവർത്തി അവസാനിച്ച തീയതി : 13/03/2019

തൊഴിൽ ദിനങ്ങൾ :46

മസ്റ്റർ റോളുകളുടെ എണ്ണം : 3

മേറ്റ് : ഷിനി

9] പ്രവർത്തിയുടെ പേര് : ഞെക്കാട് L.P.S.H.S.S പരിസരം പച്ചക്കറി കൃഷിക്ക് അനുയോജ്യമാക്കൽ

പ്രവർത്തിയുടെ കോഡ് : 1614010006/LD/234602

അടങ്കൽ : 24387

ചിലവായ തുക : 17388

പ്രവർത്തി ആരംഭിച്ച തീയതി : 14/12/2018

പ്രവർത്തി അവസാനിച്ച തീയതി : 15/12/2018

തൊഴിൽ ദിനങ്ങൾ : 63

മസ്റ്റർ റോളുകളുടെ എണ്ണം : 5

മേറ്റ് : ഷിനി

10] പ്രവർത്തിയുടെ പേര് : ഞെക്കാട് phc യുടെ പരിസരം

പച്ചക്കറി കൃഷിക്ക് അനുയോജ്യമാക്കൽ

പ്രവർത്തിയുടെ കോഡ് :1614010006/LD/234601

അടങ്കൽ തുക : 24384

ചിലവായ തുക : 19044

പ്രവർത്തി ആരംഭിച്ച തീയതി : 19/12/2018

പ്രവർത്തി അവസാനിച്ച തീയതി : 20/12/2018

മസ്റ്റർ റോൾ എണ്ണം : 5

തൊഴിൽ ദിനങ്ങൾ : 69

മേറ്റ് : ഷിനി

11) പ്രവർത്തിയുടെ പേര് : കിണർ നിർമ്മാണം, ഞെക്കാട്

പ്രവർത്തിയുടെ കോഡ് : 1614010006/IF/340143

അടങ്കൽ തുക : 190969

ചിലവായ തുക : 15044

പ്രവർത്തി ആരംഭിച്ച തീയതി : 07/01/2019

പ്രവർത്തി അവസാനിച്ച തീയതി: 20/01/2019

മസ്റ്റർ റോൾ എണ്ണം : 04

തൊഴിൽ ദിനങ്ങൾ : 30

മേറ്റ് : ഷിനി

12) പ്രവർത്തിയുടെ പേര് : കൃഷിക്കാവശ്യമായ കുളത്തിന്റെ നിർമ്മാണം.

പ്രവർത്തിയുടെ കോഡ് : 1614010006/IF/383776

അടങ്കൽ തുക : 81418

ചിലവായ തുക : 76176

പ്രവർത്തി ആരംഭിച്ച തീയതി : 28/01/2019

പ്രവർത്തി അവസാനിച്ച തീയതി: 22/02/2019

മസ്റ്റർ റോൾ എണ്ണം : 13

തൊഴിൽ ദിനങ്ങൾ : 276

മേറ്റ് : ഷിനി

13) പ്രവർത്തിയുടെ പേര് : കോടിയോട്ടു മഠം ശ്രീനാരായണ പുരം തോട് നവീകരണം.

പ്രവർത്തിയുടെ കോഡ് : 1614010006/WH/288929

അടങ്കൽ തുക : 101209

ചിലവായ തുക : 94668

പ്രവർത്തി ആരംഭിച്ച തീയതി : 29/11/2018

പ്രവർത്തി അവസാനിച്ച തീയതി: 11/12/2018

മസ്റ്റർ റോൾ എണ്ണം : 15

തൊഴിൽ ദിനങ്ങൾ : 343

മേറ്റ് : ഷിനി

14) പ്രവർത്തിയുടെ പേര് : തരിശുഭൂമി കൃഷിയോഗ്യമാക്കൽ - ( പാട്ടക്കൃഷി ), ഞെക്കാട്

പ്രവർത്തിയുടെ കോഡ് : 1614010006/IF/336380

അടങ്കൽ തുക : 64179

ചിലവായ തുക : 57684

പ്രവർത്തി ആരംഭിച്ച തീയതി : 27/12/2018

പ്രവർത്തി അവസാനിച്ച തീയതി: 05/01/2019

മസ്റ്റർ റോൾ എണ്ണം : 10

തൊഴിൽ ദിനങ്ങൾ : 209

മേറ്റ് : ഷിനി

## വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ഫയലുകളിലെ പൊതുവായ കണ്ടെത്തലുകൾ

1. കവർ പേജ് : IF/336379, IF/336828 എന്നീ ഫയലുകളിൽ മാത്രമേ കവർ

പേജ് ഉണ്ടായിരുന്നു. എന്നാൽ അപൂർണ്ണമായിരുന്നു.

2.ചെക്ക് ലിസ്റ്റ് : IF/336379, IF/336828 എന്നീ ഫയലുകളിൽ ചെക്ക്ലിസ്റ്റ് ഉണ്ടായിരുന്നു.

3.ആക്ഷൻ പ്ലാൻ : പരിശോധിച്ച 14 ഫയലുകളിലും ആക്ഷൻപ്ലാൻ കോപ്പി കാണാൻ സാധിച്ചില്ല.

4.ഭരണാനുമതി : IF/339737, IF/339736, IF/338548, IF/339735, IF/214317 എന്നീ ഫയലുകളിൽ എ. എസ് ന്റെ സെക്യൂർ കോപ്പി കാണാൻ സാധിച്ചു. എ.എസ് ന്റെ കോപ്പി ഇല്ലാതിരുന്ന ഫയലുകളിൽ എ.എസ് നമ്പർ റ്റി. എസ് ൽ ഉൾപ്പെടുത്തിയിരുന്നു.

5.സാങ്കേതിക അനുമതി :

പരിശോധിച്ച 14 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രം ഉണ്ടായിരുന്നു. IF/339735, IF/338548 എന്നീ ഫയലുകളിൽ സെക്യൂർ ആയിട്ടുള്ള റ്റി. എസ് കാണാൻ സാധിച്ചു.

6. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് :

പരിശോധിച്ച 14 ഫയലുകളിലും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു .

7. ഡ്രോയിങ് & ഡിസൈനിങ് :

പരിശോധനക്ക് വിധേയമാക്കിയ 14 ഫയലുകളിലും ഡ്രോയിംഗ് ആൻഡ് ഡിസൈനിങ് ഇല്ലാരുന്നു.

8.ഡിമാൻഡ് ഫോം :

പരിശോധിച്ച IF/336379, IF/336828 എന്നീ ഫയലുകളിൽ മാത്രമേ ഡിമാൻഡ് ഫോം ഉണ്ടായിരുന്നുള്ളൂ.

9. വർക്ക് അലോക്കേഷൻ ഫോം: പരിശോധിച്ച ഫയലുകളിൽ IF/336828, IF/336379 എന്നീ ഫയലുകളിൽ മാത്രമേ വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നുള്ളൂ.

10.10. ഇ -മസ്റ്ററോൾ : 14 ഫയലുകളിലും മസ്റ്ററോൾ ഉണ്ടായിരുന്നു.

11. മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് :

മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് പരിശോധിച്ച എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

12.വേജ് ലിസ്റ്റ് :

പരിശോധിച്ച 14 ഫയലുകളിലും വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

13. ഫണ്ട് ട്രാൻസ്ഫർ ഓർഡർ: പരിശോധിച്ച 14 ഫയലുകളിലും എഫ്. ടി. ഒ. ഉണ്ടായിരുന്നു.

14. എം ബുക്ക് :

പരിശോധിച്ച 14 ഫയലുകളിലും എം ബുക്ക് ഉണ്ടായിരുന്നു. ഒരു എംബുക്കിൽ തന്നെ ഒന്നിലധികം ഫയലുകളുടെ വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്നത് ഫയൽ പരിശോധന വൈകുന്നതിനു കാരണമായി.

15. മെറ്റീരിയൽ പ്രൊക്യുർമെൻറ് സ്റ്റേറ്റ്മെൻറ്: പ്രവർത്തികൾ ഒന്നുംതന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല അതുകൊണ്ട് ഇത് ബാധകമല്ല.

16. മെറ്റീരിയൽ ബില്ല് &വൗച്ചർ :

14 ഫയലുകൾക്കും ഇത് ബാധകമായിരുന്നില്ല.

17. റോയൽറ്റി പെയ്മെൻറ് റെസിപ്റ്റ് :14 ഫയലുകൾക്കും

റോയൽറ്റി ബാധകമായിരുന്നില്ല.

18.ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്: പരിശോധിച്ച 14 ഫയലുകളിലും ത്രീ സ്റ്റേജ് ഫോട്ടോ ഇല്ലായിരുന്നു

19.വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്:

IF/336379, IF/336828 എന്നീ ഫയലുകളിൽ മാത്രമേ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നുള്ളൂ.

20.ജിയോ ടാഗ് ഫോട്ടോഗ്രാഫ് : ഒരു ഫയലിലും കാണാൻ സാധിച്ചില്ല.

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

പരിശോധിച്ച ഒരു ഫയലുകളിലും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കാണാൻ സാധിച്ചില്ല.

22.സൈറ്റ് ഡയറി:

പരിശോധിച്ച ഫയലുകളിൽ IF/339736, IF/340143, IF/339745, IF/214317 എന്നീ ഫയലുകളിൽ മാത്രമേ സൈറ്റ് ഡയറി ഉണ്ടായിരുന്നുള്ളൂ. എന്നാൽ അപൂർണമായിരുന്നു.

# നിരീക്ഷണങ്ങളും കണ്ടെത്തലുകളും

1)ഒന്നാം വാർഡിൽ 14 പ്രവൃത്തികളാണ് ഒക്ടോബർ 1, 2018-നും മാർച്ച് 31, 2019-നും ഇടയിൽ പൂർത്തീകരിച്ചത്.

2) കിണർ, കുളം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ (പാട്ടക്കൃഷി ), പച്ചക്കറി കൃഷി, തോട് നവീകരണം എന്നിവയായിരുന്നു പ്രധാന ഇനം പ്രവർത്തിയായി കാണാൻ കഴിഞ്ഞത്.

3)ഷീജ മോഹൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ നിർമ്മിച്ച് നൽകിയ കുളത്തിൽ മത്സ്യകൃഷി തുടങ്ങിയെങ്കിലും

വെള്ളത്തിൽ അമോണിയ കൂടുതലായതിനാൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങി. എസ്റ്റിമേറ്റ് പ്രകാരം 10 m നീളം, 10 m വീതി, 2 m ആഴവുമുള്ള കുളം കാണാൻ കഴിഞ്ഞു.

4)സുഗുണാദേവി, സുലജ, മനു, മിനി, ശാന്ത എന്നീ വ്യക്തികളുടെ പുരയിടത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള കിണർ കാണാൻ സാധിച്ചു. മിനി, സുലജ എന്നീ വ്യക്തികൾക്കു നിർമ്മിച്ച് നൽകിയ കിണറ്റിൽ രേഖപ്പെടുത്തിയിരുന്ന പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ പെയിന്റടിച്ച് മാഞ്ഞുപോയ നിലയിലായിരുന്നു.

5)കോടിയോട്ടുമഠം, ശ്രീനാരായണപുരം തോടുനവീകരണം - 1200m നീളമുള്ള തോടായിരുന്നു എസ്റ്റിമേറ്റ് പ്രകാരം ഉണ്ടായിരുന്നത്. എന്നാൽ തോടിന്റെ പരിസരം പുല്ല് നിറഞ്ഞ രീതിയിലായിരുന്നു.

6) ഷീജ എന്ന വ്യക്തിയുടെ പുരയിടം കൃഷിയോഗ്യമാക്കലായിരുന്നു പ്രവൃത്തി. കൃഷിയോഗ്യമാക്കിയ പുരയിടത്തിൽ വാഴ, ചേമ്പ്, ചേന, മഞ്ഞൾ, മരച്ചീനി തുടങ്ങിയവ കൃഷിചെയ്തിരുന്നു. എസ്റ്റിമേറ്റ് പ്രകാരം മഴക്കുഴി -2, മാലിന്യസംസ്കരണ കുഴി -2, എർത്തേൺ ബണ്ട് -15 എന്നവയാണുണ്ടായിരുന്നത്. എന്നാൽ മഴക്കുഴി, വേസ്റ്റ് കുഴി എന്നിവ ഓരോന്നുവീതം കാണാനേ കഴിഞ്ഞുള്ളു.

7) ഷാജികുമാർ എന്ന വ്യക്തിയുടെ പുരയിടത്തിൽ അനുവദിച്ച പ്രവർത്തിയായ കുളം നിർമ്മിച്ചിരുന്നത് വയലിലായിരുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിൽ കുളം നിർമ്മിച്ചിട്ടുണ്ട്.

8)രാജേന്ദ്രൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ എസ്റ്റിമേറ്റ് പ്രകാരം തൊഴിലാളികൾ കുളം കുഴിച്ചു നൽകിയെങ്കിലും തുടർപണികൾ പൂർത്തീകരിച്ചിട്ടില്ല.

9)ഞെക്കാട് പി എച്ച് സി -യുടെ പരിസരം പച്ചക്കറിക്കൃഷിക്ക് അനുയോജ്യമാക്കുക എന്ന പ്രവർത്തിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ കാണാൻ കഴിഞ്ഞില്ല. കമ്പോസ്റ്റ് പിറ്റ് -3, പിറ്റ് -6, കാടുവെട്ടിത്തെളിക്കൽ, കിളക്കൽ എന്നിവയാണ് ഉണ്ടായിരുന്നത്. കാടുമൂടിയ നിലയിൽ ആയതിനാൽ പ്രവർത്തികൾ കാണാൻ കഴിഞ്ഞില്ല.

10) കോടിയോട്ടു മഠം സാവിത്രി അന്തർജനത്തിന്റ പുരയിടത്തിൽ നവജ്യോതി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പാട്ടക്കൃഷിയിൽ മഴക്കുഴി -3, വേസ്റ്റ് കുഴി -1, എയത്തേൺ ബണ്ട് -8 എന്നിവയായിരുന്നു എസ്റ്റിമേറ്റ് പ്രകാരം. എന്നാൽ 2 മഴക്കുഴി മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. വാഴ, മഞ്ഞൾ, ചേമ്പ്, ചേന, മരച്ചീനി എന്നിവ കൃഷി ചെയ്തിട്ടുണ്ട്.

11)ഞെക്കാട് LPSHSS  പരിസരം പച്ചക്കറിക്കൃഷിക്ക് അനുയോജ്യമാക്കൽ എന്ന പ്രവർത്തിയിൽ എസ്റ്റിമേറ്റ് പ്രകാരം എടുത്തു നൽകിയ മഴക്കുഴി കുട്ടികൾക്ക് അപകടമായതിനെത്തുടർന്ന് നികത്തിയതായി മനസിലായി.(പിറ്റ് -5, കമ്പോസ്റ്റ് പിറ്റ് -5)കുഴികളിൽ വാഴ നട്ട് പരിപാലിക്കുന്നുണ്ട്.

12)ശ്രീലക്ഷ്മി ഗ്രൂപ്പ് ഏറ്റെടുത്ത് നടത്തിയ പാട്ടക്കൃഷിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 12 എയത്തേൺ ബണ്ട്, മഴക്കുഴി -1 എന്നിവ കാണാൻ സാധിച്ചു.

13)കഴിഞ്ഞ സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച 18 തൊഴിലാളികൾ മാത്രമാണ് ഉണ്ടായിരുന്നത്.

# ചർച്ച

====

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ (ഞെക്കാട് ) സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 3 മണിക്ക് ഞെക്കാട് പി എച് സിയിൽ ആരംഭിച്ചു.

കഴിഞ്ഞ വർഷം 100 തൊഴിൽ തികച്ച കനകവല്ലി എന്ന തൊഴിലാളിയെ യോഗത്തിന്‌റെ അധ്യക്ഷ സ്ഥാനത്തേക്കു തെരെഞ്ഞെടുത്തു.

വി ആർ പി സൗമ്യ ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശേഷം വാർഡ് മെമ്പർ അജി സ്വാഗതപ്രസംഗം നടത്തി. തുടർന്ന് വി ആർ പി സ്വപ്ന തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും ആമുഖപ്രസംഗം നടത്തി. തൊഴിലാളികളുടെ 10 അവകാശങ്ങളെപ്പറ്റി വി ആർ പി സൗമ്യ വിശദമാക്കി. ശേഷം വി ആർ പി സ്വപ്ന റിപ്പോർട്ട് അവതരിപ്പിച്ചു . അതിനുശേഷം റിപ്പോർട്ട് അവതരണത്തെക്കുറിച്ചും തൊഴിലാളികളുടെ പരാതികളെക്കുറിച്ചും ചർച്ചചെയ്തു.

തൊഴിൽ കാർഡ് പുതുക്കാനായി ഫോട്ടോയെടുക്കാൻ തൊഴിലാളികളിൽ നിന്നും പണം ചെലവായി എന്ന് ചർച്ചയിൽ

മനസ്സിലായി. എന്നാൽ  തൊഴിൽ കാർഡ്  പുതുക്കൽ  സൗജന്യം ആണെന്നും തൊഴിലാളികൾക്ക് പൈസ ചെലവാക്കേണ്ട ആവശ്യമില്ലെന്നും വി ആർ പി വ്യക്തമാക്കി.

 തൊഴിലാളികൾ കൃത്യ സമയം പാലിക്കാറില്ലെന്ന് ഒരു തൊഴിലാളി പരാതി പറഞ്ഞു. കൃത്യ സമയം പാലിക്കാത്ത തൊഴിലാളികൾക്ക് അബ്സെൻ്റ ഇടണം എന്ന്   ഓവർസീയർ വ്യക്തമാക്കി.

വേതനം ലഭിക്കുന്നതിൽ വരുന്ന കാലതാമസം യോഗത്തിൽ ചർച്ചാവിഷയമായി.പഞ്ചായത്തിൽ നിന്നും 7 ദിവത്തിനകം തന്നെ വേതനം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നു ഓവർ സിയർ  മറുപടി നൽകി.

ഒന്നാം വാർഡിൽ വ്യക്തിഗത ആസ്തി നിർമാണം കൂടുതലായിരുന്നു. അതിനെ ഓവർസീയർ അഭിനന്ദിച്ചു.

വരൾച്ച സമയത്ത് പാട്ടക്കൃഷി ചെയ്യുമ്പോൾ ഉണ്ടാകുന്ന ജലക്ഷാമത്തെ പറ്റി തൊഴിലാളികൾ ആശങ്ക പ്രകടിപ്പിച്ചു. കാലാവസ്ഥ അനുസരിച്ചുള്ള തൊഴിലാണ് പഞ്ചായത്ത് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുന്നത് എന്ന് ഓവർസീയർ വ്യക്തമാക്കി.

ഫയലിൽ ഇല്ലാത്ത ചില പ്രധാനപ്പെട്ട രേഖകൾ ഇനിയുള്ള ഫയലുകളിൽ കൃത്യമായി ഉൾപ്പെടുത്തുമെന്നും ഓവർസിയർ ഗ്രാമസഭയിൽ പറഞ്ഞു.

28 തൊഴിലാളികൾ യോഗത്തിൽ പങ്കെടുത്തു.

ചർച്ചകൾക്കും തീരുമാനങ്ങൾക്കും ഒടുവിൽ തൊഴിലാളികൾ റിപ്പോർട്ട്

കൈയ്യടിച്ചു പാസ്സാക്കി. 4:30 ന് വി ആർ പി സുമി നന്ദി പറഞ്ഞുകൊണ്ട് യോഗം അവസാനിപ്പിച്ചു.

# നന്ദി

====

വർക്കല ബ്ലോക്കിലെ ഒറ്റൂർ പഞ്ചായത്തിലെ വാർഡ് 1ന്റെ 2018-19 സാമ്പത്തികവർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ഒറ്റൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ ഫീൽഡ് പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ഒറ്റൂർ ഗ്രാമപഞ്ചായത്**

**വാർഡ് 2 മതുരകോട്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട്ട് തയാറാക്കിയത്

## തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

**അജിത s, മഞ്ജു എം എസ്, അഞ്ജന ജെ ആർ, ദിവ്യ മോഹൻ, പ്രതിഭ, വിജില വിജയൻ**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽഓഡിറ്റ്.

## *ഭരണഘടനാ പ്രതിജ്ഞ*

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ,

ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും

സാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം

എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന

സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 26 ആം തീയതി പി.എച്ച. സി സബ്സെന്റർ നെല്ലിക്കോട് വെച്ച് കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 1 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23 28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6 sch 2 |

| | | |
|---|---|---|
| | | ,29,a,b,c,d,e,f.3 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, &<br>**സെഷൻ** 17( 2 |

**അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ**

*****തൊഴിൽ കാർഡ് പുതുക്കുന്നതിനു വേണ്ടി തൊഴിലാളികൾക്ക് അവരുടെ കയ്യിൽ നിന്നും കാശ് ചെലവായിട്ടുണ്ടെന്നും, കൂടാതെ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം ചെലവിലാണ് നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു.

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചിലല് . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്. എന്നാൽ ചെലവ് ആയ തുകക്ക് ഉള്ള ബില്ല് പ്രകാരം തുക തിരിച്ചു നൽകിയിട്ടുണ്ട് എന്ന് മനസിലായി.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.
*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

**പൊതുവിവരങ്ങൾ ഒറ്റൂർ ഗ്രാമപഞ്ചായത്ത്**

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 9.47 ച.കി.മീ. |
| വാർഡുകളുടെ എണ്ണം | **13** |
| ജനസംഖ്യ | **21612(2011 ലെ സൻെസസെ് പ്രകാരം )** |

| | |
|---|---|
| സ്ത്രീകൾ | 10132 |
| പുരുഷന്മാർ | 11480 |
| പട്ടികജാതി | 2796 |
| പ്രസിഡന്റ് | R.സുഭാഷ് |
| സെക്രട്ടറി | D.അനിൽകുമാർ |
| രജിസ്റ്റേർഡ് വർക്കർ | 3273 |
| സജീവതൊഴിലാളികൾ | 938 |
| 100ജോലി തികഞ്ഞവർ | 334 |
| വാർഡ് | 2, മതുരകോട് |
| വാർഡ് മെമ്പർ | ദീപ. എസ് |

Source : Census data 2011

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് ആറിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

➔ ജില്ലയിലെ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ വിശദമായ യോഗം ചേരുകയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു .ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെംമ്പർ, മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി ജീവനക്കാർ സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ എന്നിവർ ചേർന്ന യോഗത്തിൽ സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും, വാർഡ് 6ൽ ചെയ്യുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തങ്ങളെകുറിച്ച് ചർച്ച ചെയ്യൽ .

- ➔ കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ

- ➔ പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .

- ➔ ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,

- ➔ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

- ➔ ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

**പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ**

| **Sl** | **വർക്ക് കോഡ്** | **പ്രവർത്തിയുടെ പേര്** | **പദ്ധതി ആരംഭം** | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 1614010006/IF/336871 | പരിഷ്കരിച്ച പട്ടിക 1, വകുപ്പ് (2) ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 13-11-2018 | 30 - 11 - 2018 | 104865 | 97016 |
| 2 | 1614010006/IF / 336845 | പരിഷ്കരിച്ച പട്ടിക (1) ലെ വകുപ്പ് (2) ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 26-10-2018 | 5-11-2018 | 96509 | 91336 |
| 3 | 1614010006/IF/336890 | പരിഷ്കരിച്ച പട്ടിക (1) ലെ വകുപ്പ് (2) ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 19-12-2018 | 14-01-2019 | 186859 | 181056 |
| 4 | 1614010006/IF/379429 | സ്വകാര്യ | 15-03- | 23-03-2019 | 66833 | 62100 |

| | | | | | | |
|---|---|---|---|---|---|---|
| | | ഭൂവുടമകളുടെ ഭൂമി തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ | 2019 | | | |
| 5 | 1614010006/WH/288932 | മതുരകോട് പുതുക്കുളങ്ങര കല്ലായി തോട് പുനരുദ്ധാരണം. | 01-12-2018 | 11-12-2018 | 102542 | 98256 |
| 6 | 1614010006/ IF/ 379431 | സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടുതിരിക്കൽ, മൺ കയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ | 02/03/2019 | 10/03/2019 | 79358 | 71208 |
| 7 | 161401006/IF/ 379430 | സ്വകാര്യ ഭൂവുടമകളുടെ ഭൂമി | 28/01/2019 | 18/02/2019 | 154712 | 150144 |

| | | | | | | |
|---|---|---|---|---|---|---|
| | | തട്ടുതിരിക്കൽ , മൺകയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ | | | | |
| 8 | **1614010006/IF / 340152** | കിണർ നിർമ്മാണം | **15/12/2018** | 16/12/2018 | 20518 | 19066 |

## *22 ഡോക്യുമെന്റ്സ്*

### 1. കവർപേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 8 ഫയലുകളിൽ 2 എണ്ണത്തിൽ മാത്രമാണ് വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നത്.ബാക്കിയുള്ള 6 എണ്ണത്തിൽ കവർപേജ് ലഭ്യമല്ല.

### 2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 8 ഫയലുകളിലും 2 എണ്ണത്തിൽ മാത്രമാണ് വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഉണ്ടായിരുന്നത്.

### 3. ആക്ഷൻപ്ലാൻ കോപ്പി

പരിശോധിച്ച 8 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറകൂലർ പ്രകാരം

നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

## 4. എസ്റ്റിമേറ്റ് കോപ്പി

പരിശോധിച്ച 8 ഫയലുകളിലും സെക്യൂരിറ്റിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ ഒരു ഫയലിലും പ്രൊജക്റ്റ് റിപ്പോർട്ട്, സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ്, ബന്ധപ്പെട്ട അധികാരികളുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നില്ല.

## 5. സാങ്കേതികാനുമതി

പരിശോധിച്ച 8 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രമാണ് വർക്ക് ഫയലിൽ കാണാൻ കഴിഞ്ഞത്.

## 6. ഭരണാനുമതി

പരിശോധിച്ച 8 ഫയലുകളിലും ഭരണാനുമതി കാണാൻ സാധിച്ചു. പ്രാദേശികമായി തയാറാക്കിയ ഭരണാനുമതിയാണ് വർക്ക് ഫയലിൽ സൂക്ഷിച്ചിരുന്നത്.

## 7.തൊഴിലിനുള്ള അപേക്ഷ

പരിശോധിച്ച 8 ഫയലുകളിൽ 2 ഫയലിലും ഡിമാൻഡ് ഫോം ലഭ്യമായിരുന്നു.

## 8. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം

പരിശോധിച്ച 8 ഫയലുകളിലും IF/336871,IF/336845 എന്നീ കോഡുള്ള വർക്ക് ഫയലുകളിൽ മാത്രമാണ് പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നത്

## 9. ഇ മസ്റ്റർ റോൾ

പരിശോധിച്ച 8 പ്രവർത്തി ഫയലുകളിലും മസ്റ്റർ റോൾ ഉണ്ടായിരുന്നു.എന്നാൽ മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു . മസ്റ്ററ് റോളുകളിൽ ബി.ഡി.ഓ ,സെക്രെട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

## 10. മെഷര്മെന്റ് ബുക്ക്

പരിശോധിച്ച 8 ഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു. മെഷര്മെന്റ് ബുക്കിൽ പ്രീ മെഷര്മെന്റ് ,എ .എസ് നമ്പർ,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിട്ടുണ്ടായിരുന്നു. എല്ലാ മെഷർ മെന്റ് ബുക്കിലും ഒന്നോ അതിലധികമോ ഇടങ്ങളിൽ ഒപ്പ് രേഖപെടുത്തുമ്പോൾ തീയതി എഴുതിയിരുന്നില്ല. M ബുക്കിൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. കൂടാതെ ഒരു M

ബുക്കിൽ തന്നെ ഒന്നിലധികം വാർഡുകളിൽ നടപ്പിലാക്കിയ പ്രവർത്തികളുടെ വിവരങ്ങൾ രേഖപെടുത്തിയിരിക്കുന്നതായി കണ്ടു.

**11. മെറ്റീരിയൽ**

പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല. എന്നാൽ IF / 340152 കോഡ് പ്രകാരം കിണർ നിർമ്മാണം മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവർത്തി ആണ് .എന്നാൽ ഈ പ്രവർത്തിയിൽ മെറ്റീരിയൽ ബില്ല്, മെറ്റീരിയൽ സ്റ്റേറ്റ്മെന്റ് ഇവ ലഭ്യമായിരുന്നില്ല.

**12.വേജ് ലിസ്റ്റ്**

പരിശോധിച്ച 8 പ്രവർത്തിഫയലുകളിലും വേജ് ലിസ്റ്റ് ലഭ്യമാണ്. MIS ൽ നിന്നും ഡൗൺലോഡ് ചെയ്ത വെജ്ലിസ്റ്റ് ആണ്.

**13.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

പരിശോധിച്ച 8 ഫയലുകളിലും wege ലിസ്റ്റ് പ്രകാരം ഉള്ള FTO കാണാൻ സാധിച്ചു.

## 14. മെറ്റീരിയൽ ബിൽ ആൻഡ് വൗച്ചർ

പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല. അതുകൊണ്ട് ഇത് ബാധകമല്ല.

**15. റോയൽറ്റി**

പരിശോധിച്ച 8 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**16. ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്**

പരിശോധിച്ച 8 ഫയലുകളിൽ ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് ലഭ്യമല്ല

**17.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച 8 ഫയലുകളിലും 2 ഫയലുളിൽ മാത്രമേ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

ഉണ്ടായിരുന്നുള്ളൂ.

**18.മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്**

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു,

**19.ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

ഒരു ഫയലിലും കാണാൻ സാധിച്ചില്ല

**20.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

**21.സൈറ്റ് ഡയറി**

പരിശോദിച്ച 8 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , തൊഴിൽ ഉപകരണങ്ങളുടെ വാടക , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു . ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

**22. ഡ്രോയിങ് ആൻഡ് ഡിസൈനിങ്**

പരിശോധനയ്ക്ക് വിധേയമാക്കിയ 8 ഫയലുകളിലും ഡ്രോയിങ് ആന്റ് ഡിസൈൻ ലഭ്യമായിരുന്നില്ല

ഫയൽ പരിശോധനയിലെ പൊതുവായ കണ്ടെത്തലുകൾ

1. IF / 336871 കോഡ് ഉള്ള വർക്ക് ഫയലിൽ 263 രൂപ വെച്ചാണ് തൊഴിലാളികൾക്ക് വേതനം നൽകിയിരിക്കുന്നത്. ആകെ പ്രവർത്തി ദിനങ്ങൾ 362 ആണ് എന്നാൽ സൈറ്റ് ഡയറിയിൽ 364 ആയി രേഖപ്പെടുത്തിയിരിക്കുന്നു.

2. IF/ 336845 കോഡുള്ള ഫയലിൽ മസ്റ്റർ റോളിൽ വെട്ടിതിരുത്തലുകൾ കാണാൻ കഴിഞ്ഞു. മസ്റ്റർ റോൾ പ്രകാരം ആകെ ചെലവ് 91336 രൂപയാണ്, എന്നാൽ മെഷർമെന്റ് ബുക്കിൽ 91356 രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ wage ലിസ്റ്റിൽ 90528 രൂപയെ കാണിക്കുന്നുള്ളൂ. മെഷർമെന്റ് ബുക്കിൽ ഉള്ള തുക തന്നെയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ ലും ഉള്ളത്.

3. IF/ 336890 വർക്ക് കോഡുള്ള ഫയലിൽ മസ്റ്റർ റോൾ നമ്പർ 18059 ൽ ആയുധ വാടക കൂട്ടി എഴുതിയിരിക്കുന്നതിൽ പിശകുണ്ട്. 75 രൂപ രേഖപ്പെടുത്തേണ്ടിടത്ത് 65 ആയി കാണിച്ചിരിക്കുന്നു. കൂടാതെ 18063 നമ്പർ ഉള്ള മസ്റ്റർ റോളിൽ ആയുധ വാടക 60 വരേണ്ട സ്ഥാനത്ത് 50 ആയി രേഖപ്പെടുത്തി.

4. IF/ 379430 കോഡുള്ള വർക്ക് ഫയലിൽ 22967 നമ്പർ ഉള്ള മസ്റ്റർ റോളിൽ ഹാജർ അനുസരിച്ചുള്ള ആകെ വേതനം 13821 രൂപയാണ് വരേണ്ടത് എന്നാൽ 1355 രൂപയായി കാണിച്ചിരിക്കുന്നു.ഇതേ ഫയലിൽ തന്നെ ആയുധ വാടക കൂട്ടിയതിൽ തെറ്റ് ഉണ്ട്. 250 ആണ് ശരിയായ ഷാർപെനിങ് ചാർജ് 285 രൂപയാണ് കാണിച്ചിരിക്കുന്നത്.

5. WH/ 288932 മതുരകോട് പുതുകുളങ്ങര കല്ലായി തോട് പുനരുദ്ധാരണം എന്ന പ്രവർത്തിയുടെ 16184 നമ്പർ ഉള്ള മസ്റ്റർ റോളിൽ ലേഖ ( 002/110) എന്ന തൊഴിലാളി 3/12/2018 ൽ ഒപ്പും അപസെന്റ് ഒരുമിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ഇതേ നമ്പർ മസ്റ്റർ റോളിൽ ശാന്ത ( 002/ 140) എന്ന തൊഴിലാളി 3/12/2018 ൽ ഹാജർ ആപ്സെന്റ് ഒരുമിച്ച് കാണിച്ചിരിക്കുന്നു. മസ്റ്റർ റോളിൽ മേറ്റ് സൈൻ ചെയ്തിട്ടില്ല.

6. IF / 379429 കോഡുള്ള ഫയലിൽ 26449 നമ്പർ മാസ്റ്റർ റോളിൽ ആയുധ വാടക 245 ആണ് വരേണ്ടത്, എന്നാൽ 250 ആയി രേഖപെടുത്തി. മസ്റ്റർ റോൾ പ്രകാരം ഉള്ള തൊഴിൽ ദിനങ്ങൾ 226 ആണ്. എന്നാൽ 26457 നമ്പർ ഉള്ള muster റോൾ ന്റെ പുറകിൽ 226 ലെസ്സ് 1, 225 എന്ന് കാണിച്ചിരിക്കുന്നു. (ഇതിന്റെ കാരണമായി കണ്ടെത്തിയത്, ഏതോ ഒരു തൊഴിലാളി അനുവദിച്ചിരിക്കുന്ന 100 ജോലിക്ക് പുറമെ ഒരു ദിവസം കൂടി ജോലി ചെയ്തു. ആയതിനാൽ അധികമായി ചെയ്ത ജോലിക്ക് വേതനം നൽകാൻ നിയമത്തിൽ വ്യവസ്ഥ ഇല്ല അതുകൊണ്ട് ഒരു ദിവസത്തെ തൊഴിൽ കുറച്ചിരിക്കുന്നു).

**<u>രജിസ്റ്ററുകളുടെ പരിശോധന</u>**

നിയമപ്രകാരം7രജിസ്റ്ററുകൾഗ്രാമപഞ്ചായത്ത്നിർബന്ധമായും സൂക്ഷിക്കേണ്ടതാണ് അവ ചുവടെ ചേർക്കുന്നു.

## <u>1.</u> തൊഴിൽ card രജിസ്റ്റർ

## 2.ഗ്രാമസഭാ രജിസ്റ്റർ

**3.ഡിമാൻഡ് രജിസ്റ്റർ**

**4.വർക്ക് രജിസ്റ്റർ**

**5.ആസ്തി രജിസ്റ്റർ**

**6.പരാതി രജിസ്റ്റർ**

**7. മെറ്റീരിയൽ രജിസ്റ്റർ**

**എല്ലാ രജിസ്റ്ററുകളും പഞ്ചായത്ത് സൂക്ഷിക്കുന്നുണ്ട്**

## പ്രവർത്തിയിടങ്ങൾ പരിശോധിച്ചതിലെ പൊതുവായ കണ്ടെത്തലുകൾ

പരിശോധനയ്ക്ക് വിധേയമാക്കിയ 8 ഫയലുകളിലും ആയി ആകെ 30 ഗുണഭാക്തക്കൾ ഉണ്ട്. കൂടാതെ WH / 288932 - മതുരകോട് പുതുകുളങ്ങര കല്ലായി തോട്, IF / 340152 - കിണർ നിർമ്മാണം എന്നീ പ്രവർത്തിയിടങ്ങൾ ആണ് ഞങ്ങളുടെ ഗ്രൂപ്പ് സന്ദർശിച്ചത്. എം ബുക്ക് പ്രകാരം ഉള്ള ജോലികൾ ഏറെക്കുറെ പ്രവർത്തിയിടത്തും കാണാൻ സാധിച്ചു.

* സുനിൽ റാവു ശിവങ്കര വിലാസം മതുരകോട് - നിരത്തി കിളചു, മരച്ചീനി, മഞ്ഞൾ എന്നിവ കൃഷി ചെയ്തിരിക്കുന്നതയി കണ്ടു.

* സത്യഭാമ കുരുവിള മേലെതിൽ വീട് നെല്ലികോട് - നിരത്തി കിളച്ചു, 10 തേങ്ങിന് തടമെടുതു. മഴകുഴി എടുത്തു എന്ന് മേറ്റ് പറഞ്ഞു എന്നാൽ ഞങ്ങൾക്ക് കാണാൻ സാധിച്ചില്ല.

* സലോചന കടയിൽ വീട് ഞെക്കാട്, - വാഴകുഴി - 3, വാഴ നട്ടിട്ടുണ്ട്, വേസ്റ്റ് കുഴി 1 എടുത്തു. പച്ചക്കറി നടാൻ തടം എടുത്തു പച്ചക്കറി നട്ടു.

* രമണി, മീര സധനം നെല്ലികോട് - 5 തെങ്ങിൻ തടം എടുത്തു,

ചേമ്പ് നടാനായി 4 കുഴി എടുത്തു, ചേമ്പ് നട്ടിട്ടുണ്ട്. വേസ്റ്റ് കുഴി എടുത്തിട്ടുണ്ട്, അതിരു പിടിച്ചിട്ടുണ്ട്.

* ബാബു ബാബു നിവാസ് മതുരകോട് - തെങ്ങിൻ തടം 7, വാഴ നാടാനായി കുഴിച്ച കുഴി കളിൽ ചിലതിൽ മാത്രം വാഴ നട്ടു. നിരത്തി കിളച്ചു, മരച്ചീനി, ചേമ്പ് നട്ടു.

* ഹേമലത അഞ്ജന മന്ദിരം നെല്ലികോട് - വേസ്റ്റ് കുഴി ഉണ്ട്

* സുഷമ കാഞ്ഞിരവിള വീട് - നിരത്തി കിളച്ചു മരച്ചീനി നട്ടു. തെങ്ങിൻ തടം 9

* സുലോചന, ശിവശങ്കര വിലാസം വടശ്ശേരികോണം - 10 വാഴ കുഴി എടുത്തു വാഴ നട്ടു. മഴകുഴി ഉണ്ട്

* ലീല ചെക്കാലവിളാകം മതുരകോട്, നിരത്തി കിളചിട്ട് ഒന്നും നട്ടില്ല.

* സുനന്ദ, കടയിൽ വീട് ഞെക്കാട് - നിരത്തി കിളച്ചു എന്നാൽ കാടുപിടിച്ച നിലയിൽ കണ്ടു. വസ്തുവിന്റെ ഉടമ ഗേറ്റ് പൂട്ടിയിരുന്നു അതിനാൽ തൊഴിലിടം നല്ല രീതിയിൽ സന്ദർശിക്കാൻ സാധിച്ചില്ല. മറ്റൊരു വസ്തുവിൽ വേസ്റ്റ് കുഴി എടുത്തു.

* ഷീബ ഷീബ മന്ദിരം നെല്ലികോട് - നിരത്തി കിളച്ചു കൃഷി യോഗ്യമാക്കി.

* ലേഖ ദിവസധനം നെല്ലികോട്, ഗേറ്റ് പൂട്ടിയിരുന്നു ആയതിനാൽ ഫീൽഡ് വെരിഫിക്കേഷൻ നടത്താൻ സാധിച്ചില്ല.

* ലീല കാഞ്ഞിരവിള വീട് വേസ്റ്റ് കുഴി, മഴ കുഴി ഉണ്ട്.

* ജലജ മണി യുടെ വസ്തുവിൽ മരച്ചീനി നട്ടതു വിളവേടുത്ത്. 5 വാഴ കുഴി എടുത്ത് വാഴ നട്ടു.

* രാധമണിയുടെ വസ്തുവിൽ അതിരു പിടിച്ചു, വേസ്റ്റ് കുഴി ഉണ്ട്.

* ബാലമ്മ യുടെ വസ്തുവിൽ മരച്ചീനി, മഞ്ഞൾ നട്ടു. വേസ്റ്റ് കുഴി ഉണ്ട്. 9 തെങ്ങിൻ തടം

* സരോജിനി യുടെ വസ്തുവിൽ വേസ്റ്റ് കുഴി ഉണ്ട്.

* അംബികയുടെ വസ്തുവിൽ വേസ്റ്റ്കുഴി ഉണ്ട് മരച്ചീനി നട്ടു. തെങ്ങിൻ തടം 10, വാഴ കുഴി 5.

* റീന യുടെ വസ്തുവിൽ മഴ കുഴി ഉണ്ട്. അതിരു ഉണ്ട്.

* സജില യുടെ വസ്തുവിൽ നിരത്തി കിളച്ചു ഒന്നും നട്ടില്ല. കാട് പിടിച്ച നിലയിൽ കാണപ്പെട്ടു.

* ഷീജ, ബാഹുലേയൻ എന്നിവരുടെ വസ്തുവിൽ മഴ കുഴി എടുത്ത്.

* ബിജു വിന്റെ വസ്തുവിൽ ആയിരുന്നു കിണർ സ്ഥിതിചെയ്യുന്നത്. ഡിസ്പ്ലേ ബോർഡ് ഉണ്ടായിരുന്നു. 9 ആം തൊടിയിൽ വെള്ളം കണ്ടു. കിണർ കുഴിച്ചു കൊണ്ടിരിക്കവേ മണ്ണ് ഇടിഞ്ഞു വീണു അതിനാൽ 20 ഉറ ഇറക്കി. കിണറിന്റെ പൈസ കിട്ടിയോ എന്ന് ഉടമ സംശയം പ്രകടിപ്പിച്ചു.

* മതുരകോട് പുതുകുളങ്ങര കല്ലായി തോട് , ഡിസ്പ്ലേ ബോർഡ് ഇല്ല വീതി 1 1/2 മീറ്റർ, നീളം 1200 മീറ്റർ ഉണ്ട്. തോടിൽ ചവറുകൾ നിക്ഷേപിച്ച നിലയിൽ ആയിരുന്നു. തോട് പണിക്ക് കൈയുറ, കാലുറ എന്നിവ ഉണ്ടായിരുന്നില്ല.

ഗ്രാമസഭ - ചർച്ച, മറുപടി, തീരുമാനം

ഒറ്റൂർ പഞ്ചായത്തിന്റെ 2 ആം വാർഡായ മതുരകോട് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 26/ 11/2019 കൃത്യം 11.30 ന് പി എച്. സി. സബ്സെന്റർ നെല്ലിക്കോട് വെച്ച് നടന്നു.

★ _ഫസ്റ്റ് എയ്ഡ് ബോക്സ് പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല. പകരം തൊഴിലാളികളും മെറ്റും ചേർന്ന പണം പിരിച്ചു കൂടിയാണ് വാങ്ങുന്നത്.
**മറുപടി - ഫസ്റ്റ് എയ്ഡ് ബോക്സ് വാങ്ങിയതിന്റെ ബില്ല് പഞ്ചായത്തിൽ ഹാജരാക്കിയാൽ പണം തിരികെ നൽകാം എന്ന് ഉറപ്പ് നൽകി .**
**തീരുമാനം - പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായ മറുപടി തൊഴിലാളികൾ ഏറ്റെടുക്കുകയും ഇനി മുതൽ ബില്ല് ഹാജരാക്കും എന്ന് തീരുമാനിച്ചു.**

★ **തൊഴിൽ സമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആകണമെന്നാണ് തൊഴിലാളികളുടെ പൊതുവായ അഭിപ്രായം.( പെൺകുട്ടികൾ ഉള്ള വീടുകളിൽ അവരുടെ സുരക്ഷക്ക് കൂടുതൽ ഊന്നൽ നൽകണം )**

★ **ആവശ്യത്തിന് തൊഴിൽ ലഭ്യമല്ല. നിലവിലുള്ള വർഷത്തിൽ തൊഴിൽ എണ്ണം കുറവാണ്.**
**മറുപടി - തൊഴിലിനായുള്ള അപേക്ഷ പഞ്ചായത്തിൽ ഹാജരാക്കുന്നതിനനുസരിച് സ്വന്തം വാർഡിലോ അല്ലെങ്കിൽ ജോലി ആരംഭിക്കുന്ന മറ്റേതെങ്കിലും വാർഡിൽ ജോലി നൽകുന്നതായിരിക്കും.**
**തീരുമാനം - ഏറ്റെടുത്ത ജോലി പൂർത്തീകരിച്ചതിനുശേഷം തൊഴിലിനായുള്ള അപേക്ഷ നൽകുമെന്നും ഏതു വാർഡിൽ ജോലി**

**ചെയ്യാനും തൊഴിലാളികൾ തീരുമാനിച്ചു.**

- **പുതിയ തൊഴിൽ കാർഡ് ലഭിക്കുന്നതിനും നിലവിലെ തൊഴിൽ കാർഡ് പുതുക്കുന്നതിനും തൊഴിലാളികളുടെ കയ്യിൽ നിന്നും പണം ചിലവാകാറുണ്ട്.**

  മറുപടി - പദ്ധതി ആരംഭിച്ച വർഷത്തിൽ ഫോട്ടോ എടുക്കുന്നതിനായി പഞ്ചായത്തുകൾക്ക് വെബ്ക്യാമറകൾ അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ ക്യാമറ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്.
- അർദ്ധ വിദഗ്ദ, വിദഗ്ദ തൊഴിലിനെക്കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണയില്ല.

  ആയതിനാൽ അത്തരം തൊഴിലുകളെ കുറിച് വ്യക്തമാക്കുകയും ചെയ്തു. ആസ്തി നിർമ്മിത പ്രവർത്തികൾക്കാണ് വരും വർഷങ്ങളിൽ ഊന്നൽ നൽകുന്നത്.
- തൊഴിലിനുള്ള അപേക്ഷ മേറ്റ് വഴി ഗ്രൂപ്പ് ആയിട്ട് വെള്ളപേപ്പറിൽ എഴുതി ആണ് പഞ്ചായത്തിൽ നൽകുന്നത് എന്നും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.
- തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.
- ജോലി പൂർത്തിയായിട്ടും കൃത്യമായി വേതനം ലഭിക്കുന്നില്ല എന്ന അഭിപ്രായം തൊഴിലാളികൾ പറഞ്ഞു.
- എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ തൊഴിലാളികൾ ചെയ്തിട്ടും ഭൂഉടമകളുടെ അനാസ്ഥമൂലം അവ ഉപയോഗശൂന്യമായി കിടക്കുന്നത് കാണാൻ കഴിഞ്ഞു. അതായത് വാഴ നടനായി കുഴിക്കുന്ന കുഴികളിൽ വാഴ നടതരിക്കുന്നു.

- ★ തൊഴിലാളികളുടെ അവകാശങ്ങൾ പലപ്പോഴും ഹനിക്കപ്പെടുന്നുണ്ട്.
- ★ തോട് പണിക്ക് ആവശ്യമായ കൈയുറ, കാലുറ എന്നിവ ലഭ്യമാകുന്നില്ല എന്നതും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടായ പൊതുവായ പരാതി ആയിരുന്നു.

  മറുപടി - 2008 ൽ പദ്ധതി ആരംഭിക്കുന്ന സമയത്ത് അനുവദിച്ച കൈയുറ, കാലുറ എന്നിവ ഉപയോഗ്യമല്ല.പഞ്ചായത്തിന്റെ ഫണ്ട് കുറവയായതിനാൽ ഇത് ബുദ്ധിമുട്ടായിരിക്കും.

  തീരുമാനം - ഫണ്ടിന്റെ കുറവ് ഉള്ള സാഹചര്യം ആണെങ്കിലും ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ എല്ലാവരും ചേർന്ന് ഒരു അപേക്ഷ പഞ്ചായത്തിൽ ഏല്പിക്കുക. ഈ അപേക്ഷ സ്റ്റാന്റിങ് കമ്മിറ്റിയിൽ അവതരിപ്പിക്കാം എന്നും തീരുമാനിച്ചു.

* മസ്റ്റർ റോളിലെ വെട്ടിതിരുത്തലുകൾ ഒഴിവാക്കാൻ മേറ്റ് പ്രത്യേകം ശ്രദ്ധിക്കണം.

മസ്റ്റർ റോളിൽ ഒപ്പിടാനുള്ള കോളത്തിന്റെ വലിപ്പം കൂട്ടണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.

* 2019 ആഗസ്റ് മാസത്തിനു മുൻപ് ചെയ്ത ജോലിയുടെ വേതനം ഇതുവരെയും കിട്ടിയിട്ടില്ല.

* കൂലി വർധിപ്പിക്കണം എന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു.

## <u>നന്ദി</u>

വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ഒറ്റൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

***മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി***

***സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്***

<u>തിരുവനന്തപുരം</u>

<u>വർക്കല ബ്ലോക്ക്</u>

**ഒറ്റൂർ പഞ്ചായത്ത്**

<u>വാർഡ് -3 (ചന്നേൻകോഡ് )</u>

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/3/2019**

റിപ്പോർട്ട് തയ്യാറാക്കിയത്

തിരുവനതപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

അനിൽ സുചിത്ര ചിത്ര VRP, ആർഷ എ എസ്, സൗമ്യ എസ് ബി VRP, സുഹൈൽ എ എസ് VRP നന്ദു രാജ്, വിജി റ്റി VRP, വിജി വിജയൻ VRP, സൗമ്യ R VRP

ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ല് വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ല് പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ല് നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലെയും ഗ്രാമീണ മേഖലകള് ഈ നിയമത്തിന്റെ പരിധിയില് വ

ന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവര്ഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴില് ദിനങ്ങള് ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുര്ബല ജനവിഭാഗങ്ങള്ക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തില് കൂട്ടി ചേര്ക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളില് വരുത്തുന്ന ഭേദഗതികള് സംസ്ഥാന പദ്ധതിയിലും ഉള്ക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികള്ക്ക് ഒരു കൂട്ടം അവകാശങ്ങള് നല്കുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവര്ത്തികളും സോഷ്യൽ ഓഡിററിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കര്ഷിക്ക്ന്നു. പദ്ധതി പ്രവര്ത്തനത്തെപ്പററിയും പൊതു ധനം ചെലവഴിക്കുന്നതിനപെററിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിററ്.

**മഹാത്മാ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂള്** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂള്** 1 & **ഷെഡ്യൂള്** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷന്** 7,8,9 |
| 4 | ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂള്** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി | **ഷെഡ്യൂള്**2 **പാരഗ്രാഫ്** 23-28 |

| | | |
|---|---|---|
| | ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സഷെന്**3(2),6, sch 2 ,29,a,b,c,d,e,f .30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സഷെന്** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചലെവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സഷെന്** 19, & **സഷെന്** 17( 2) |

**അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ.**

*** ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചിട്ടുണ്ട് .**

**തൊഴിലിനു അപക്ഷേിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചു എന്ന കാര്യത്തിൽ വ്യകതതയുണ്ട്. തൊഴിലാളികൾ തൊഴിൽ അപക്ഷേ നല്കുന്നുടങ്കെിലും അത് ഫ്രണ്ട് ഓഫീസ് വഴിയല്ല എന്നു തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു മനസിലായി.**

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ട് അവയെല്ലാം തൊഴിലാളികൾ സ്വന്തമായി വാങ്ങിയിട്ട് ബില്ലുകൾ പഞ്ചായത്തിൽ ഏല്പിക്കുന്നുണ്ട് .

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.

* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില് അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന ക്യത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.

## പൊതുവിവരങ്ങൾ -ഒറ്റൂർ പഞ്ചായത്ത്

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ഒറ്റൂർ ഗ്രാമപഞ്ചായത് |
| ആസ്ഥാനം | മണമ്പൂർ |
| ഉൾപ്പെടുന്ന വില്ലേജു | ഒറ്റൂർ |
| വിസ്തൃതി | 9.47ച.കി. മി |
| വാർഡുകളുടെ എണ്ണം | 13 |
| ബ്ലോക്ക് | വർക്കല |
| അസംബ്ലിമണ്ഡലം | ആറ്റിങ്ങൽ |
| പാർലമെന്റ് | ആറ്റിങ്ങൽ |
| ജനസംഖ്യ | 21612( as പേർ 2001 സെൻസസ് ) |
| പുരുഷന്മാർ | 11480 |
| സ്ത്രീകൾ | 10132 |
| പട്ടികജാതി ജനസംഖ്യ | 2796 |
| പട്ടികജാതി പുരുഷന്മാർ | 1269 |
| പട്ടികജാതി സ്ത്രീകൾ | 1527 |
| താമസമുള്ള വീടുകൾ | 4836 |
| സാക്ഷരരായവർ | 18313 |
| പുരുഷന്മാർ | 8318 |

| | |
|---|---|
| സ്ത്രീകൾ | 9995 |

**അതിരുകൾ**

കിഴക്ക് - മണമ്പൂർ ഗ്രാമപഞ്ചായത് NH66

തക്കെു - മണമ്പൂർ, ചറെുന്നിയൂർ ഗ്രാമപഞ്ചായത്

പടിഞ്ഞാറ് - ചറെുന്നിയൂർ ഗ്രാമപഞ്ചായത്

വടക്കു - ചമെ്മരുതി ഗ്രാമപഞ്ചായത്

ഐെതിഹ്യമനുസരിച്ച് ദശേനാമം ഒറ്റ ഊരിൽ നിന്നും ഉണ്ടായതാണത്ര.ഇരിക്കുന്ന നിലയിൽ ശ്രീകൃഷ്ണനെ പ്രതിഷ്ഠിച്ചിട്ടുള്ള കരേളത്തിലെ ഒരയേൊരു ക്ഷതേ്രം ഇവിടയെുള്ള ശ്രീകൃഷ്ണസ്വാമിക്ഷതേ്രം ആണ്. ഇങ്ങനയെുള്ള ഒറ്റ ഊര് ആണത്ര ഒറ്റൂർ ആയി പരിണമിച്ചത്. ഐെതിഹ്യം എന്തായാലും ഈ പഞ്ചായത്തിലെ ചരിത്രം ഇന്നത്തെ മണമ്പൂർ പഞ്ചായത്ത് ചരിത്രവുമായി കൂടിക്കുഴഞ്ഞാണു കഴിഞ്ഞ നൂറ്റാണ്ടിലെ അവസാന ദശകങ്ങൾ വരെ കിടന്നിരുന്നത്. ഇതുവരയെും ഇത് മണമ്പൂർ പഞ്ചായത്തിൻറെ ഭാഗമായിരുന്നു സർക്കാരിൻറെ 25/08 /1977 ലെ ജി ഓ എം /എസ് 241 /77 /LA4 /എസ് ഡബ്ല്യു ഡി നമ്പർ ഉത്തരവ് പ്രകാരമാണ് ഒറ്റൂർ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. 31 /8/ 1977ൽ മണമ്പൂർ പഞ്ചായത്ത് ഓഫീസിൽ വച്ച് വർക്കല ബ്ലോക്ക് ഡവെലപ്മൻെറ് ഓഫീസർ ശ്രീ സോമ സുന്ദര രാജിന്റെ അധ്യക്ഷതയിൽ അഡ്മിനിസ്ട്രറേ്റീവ് കമ്മിറ്റി യുടെ സത്യപ്രതിജ്ഞ കർമ്മം നിർവഹിച്ചു. വിഭജനത്തിനു മുൻപ് ഈ പഞ്ചായത്തിൻറെ പ്രഥമ പ്രസിഡൻറ് കെ ആർ ഗോപാലകൃഷ്ണക്കുറുപ്പ് ആയിരുന്നു.

1953 ൽ നിലവിൽ വന്ന പഞ്ചായത്ത് 1962 വരെ നിലവിലുണ്ടായിരുന്നു.ഒരു വർഷത്തെ ഇടവളേയ്ക്ക് ശഷേം 1963 തിരഞ്ഞടെുപ്പ് നടക്കുകയുണ്ടായി തുടർന്ന് 1977 പഞ്ചായത്ത് ഉണ്ടാവുകയും ഒറ്റൂർ വില്ലജേിനകത്തുള്ള പഞ്ചായത്ത് മമെ്പർമാരയെും ഉൾപ്പടെുത്തി ഒരു നോമിനറേ്റ് കമ്മിറ്റി

രൂപീകരിക്കുകയുണ്ടായി. 1987 ൽ വീണ്ടും തിരഞ്ഞെടുപ്പ് ഉണ്ടാവുകയും എസ് ഗോപാലൻ പ്രസിഡൻറ്, ബി.സി കുറുപ്പ് വൈസ് പ്രസിഡണ്ടും ആയി.

2010 ഓഗസ്റ്റ് 15 മുതൽ സെപ്റ്റംബർ 30 വരെ ശ്രീ ആർ സുഭാഷ് പ്രസിഡൻറ് ആയിരുന്നു

ബഹുമാനപ്പെട്ട ആറ്റിങ്ങൽ എംഎൽഎ അഡ്വക്കേറ്റ് വി പി സത്യൻ അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ ഓഫീസ് മന്ദിരം 2015 സെപ്റ്റംബർ മാസം ഒന്നാം തീയതി ഉദ്ഘാടനം ചെയ്തു. 2015 നടന്ന പൊതുതിരഞ്ഞെടുപ്പിൽ ശ്രീ ആർ സുഭാഷിനെ നേതൃത്വത്തിലുള്ള ഭരണസമിതി ചുമതലയേറ്റു.

**സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം**

കേരളസോഷ്യൽഓഡിറ്റ്സൊസൈറ്റിതൊഴിലുറപ്പുപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് 3 ലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

1. കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെഫയലുകൾ,വിവരശേഖരണാർത്ഥ MIS എന്നിവ പരിശോധിക്കൽ
2. പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
3. ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
4. തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

5. ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

| S. no | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പദ്ധതിയുടെ ആരംഭം | പദ്ധതിയുടെ അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചലെവ് | തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | 1614010006/IF/211427 | പരിഷ്കരിച്ച പട്ടിക 1 വകുപ്പ് 2 ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷി യോഗ്യമാക്കൽ | 26/10/2018 | 25/11/2018 | 140461 | 134024 | 214 |
| 2 | 1614010006/IF/379428 | സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള മണ്ണ് ജല സംരക്ഷണ | 02/03/2019 | 17/03/2019 | 48335 | 41400 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പ്രവർത്തികൾ | | | | | |
| 3 | 1614010006/IF/379433 | സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പെട്ടിട്ടുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | 15/10/2018 | 21/02/2019 | 154944 | 148764 | 135 |
| 4 | 1614010006/IF/379451 | സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പെട്ടിട്ടുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | 16/03/2019 | 25/03/2019 | 37203 | 31464 | 114 |
| 5 | 1614010006/IF/211435 | പരിഷ്കരിച്ച | 26/10/2018 | 08/11/2018 | 123480 | 115092 | 234 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പട്ടിക 1 വകുപ്പ് 2 ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | | | | | |
| 6 | 1614010006/IF/379436 | സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പടെട്ടിട്ടുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | 15/01/2019 | 13/02/2019 | 151138 | 144624 | 524 |
| 7 | 1614010006/IF/379432 | സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പടെട്ടിട് | 02/03/2019 | 11/03/2019 | 46803 | 42076 | 153 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ടുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തിക ൾ | | | | | |
| 8 | 1614010006/WH/295747 | പരിഞ്ഞ്ഞം കോണം മുള്ളറംകോഡ് തോട് പുനരുദ്ധാര ണം | 03/12/2018 | 17/12/2018 | 75771 | 70104 | 254 |
| 9 | 1614010006/IF/379427 | സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ടുതിരിക്ക ൽ, മൺകയ്യാല എന്നിവ ഉൾപ്പടെടിട് ടുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തിക ൾ | 02/03/2019 | 14/03/2019 | 51547 | 46644 | 169 |
| 10 | 1614010006/IF/379437 | സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ടുതിരിക്ക ൽ, | 15/01/2019 | 05/02/2019 | 154836 | 64584 | 234 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | മൺകയ്യാല എന്നിവ ഉൾപ്പെടെട്ടിട്ടുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | | | | | |
| 11 | 1614010006/WH/289580 | പരോറ കട ചറെുവള്ളി കോണം തോട് പുനരുദ്ധാരണം | 19/12/2018 | 05/01/2019 | 91372 | 86112 | 312 |
| 12 | 1614010006/WH/289582 | മാവലേി കോണം കിഴക്കിൻ തോട് പുനരുദ്ധാരണം | 03/12/2018 | 13/12/2018 | 74290 | 67344 | 244 |
| 13 | 161401006/WH/289579 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം തമ്പുരാൻ നട പരോർകട തോട് പുനരുദ്ധാരണം | 03/12/2018 | 18/12/2018 | 108488 | 102892 | 364 |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | 1614010006/WH/295743 | കണ്ണറേറ്റിൽ പരിഞ്ഞം കോണം തോട് പുനരുദ്ധാരണം | 19/12/2018 | 04/01/2019 | 80143 | 74520 | 270 |

## 22 ഡോക്യൂമെന്ററസ്

### 1. കവർപജേ്

വാർഷിക മാസ്ററർ സർക്കുലർ പ്രകാരം കവർപജേിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചലെവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രഖേപടുെത്തണേ്ടതാണ്. പരിശോധിച്ച 14 ഫൈലുകളിൽ പല പ്രവർത്തിയിലും വാർഷിക മാസ്ററർ സർക്യൂലർ പ്രകാരമുള്ള കവർ പജേ് കാണാൻ സാധിച്ചില്ല.

### 2. ചകെ്ക് ലിസ്ററ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പജേ് നമ്പറും രഖേപ്പടുെത്തണേ്ട ചകെ്ക് ലിസ്ററ് ഫയലിൽ സൂക്ഷിക്കണേ്ടതാണ്. പരിശോധിച്ച 14 ഫയലുകളിൽ പലതിലും വാർഷിക മാസ്ററർ സർക്യൂലർ പ്രകാരമുള്ള ചകെ്ക് ലിസ്ററ് കാണാൻ സാധിച്ചില്ല .

### 3. ആക്ഷൻപ്ലാൻ കോപ്പി

പരിശോധിച്ച 14 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്ററർ സറക്യൂലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കണേ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

### 4. എസ്ററിമറേ്റ് കോപ്പി

പരിശോധിച്ച 14 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി കാണാൻ സാധിച്ചു..,

എസ്റ്റിമേറ്റിന്റെ കോപ്പിയിൽ അക്രഡിക്ടഡ് എഞ്ചിനീയരുടെ ഒപ്പ്, സീല് എന്നിവ ഉണ്ടായിരുന്നു.

**5. സാങ്കേതികാനുമതി**

പരിശോധിച്ച 14 ഫൈലുകളിലും വാർഷിക മാസ്റ്റർ പ്രകാരം ഉള്ള സെക്യൂർ നിന്നുള്ള സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടില്ല . എന്നാൽ, പ്രാദേശികമായിട്ടുള്ള സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചിട്ടുണ്ട്

**6. ഭരണാനുമതി**

പരിശോധിച്ച 14 ഫയലുകളിൽ ഭരണാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് പ്രാദേശികം ആണെന്ന് മാത്രം സെക്യൂറിൽ നിന്നുള്ള കോപ്പി അല്ല.

**7.വർക്ക് അലോക്കേഷൻ ഫോം**

പരിശോധിച്ച 14 ഫയലുകളിൽ വർക്ക് അലോക്കേഷൻ ഫോം ഇല്ലായിരുന്നു.

**8. തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 14 ഫയലുകളിൽ പല പ്രവർത്തിയിലും വ്യക്തമായ തരത്തിലുള തൊഴിൽ അപേക്ഷ ഉണ്ടായിരുന്നില്ല .

**9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 14 ഫയലുകളിൽ പലതിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

**10. മസ്റ്റർ റോൾ**

പരിശോധിച്ച 14 പ്രവർത്തി ഫയലുകളുടെ.മസ്റ്റർറോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു . മസ്റ്റർ

റോളുകളിൽ ആയുധങ്ങളുടെ വാടക രഖേപടുെത്തിയിട്ടുണ്ട് .

**11. മഷെർമനെ്റ് ബുക്ക്**

മഷെർമനെ്റ് ബുക്കിൽ പ്രീ മഷെർമനെ്റ്,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് . പക്ഷെ ഒരു മഷെർമനെ്റ് ബുക്കിൽ മറ്റു വാർഡിലയെും പ്രവർത്തികളുടെ മഷെർമനെ്റ് കാണിച്ചിരിക്കുന്നു.

**12. മറെ്റീരിയൽ**

പ്രവർത്തികൾ ഒന്നും തന്നെ മറെ്റീരിയൽ ഉപയോഗിച്ച് ചയെുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

**13. വജെ്ലിസ്റ്**

പരിശോധിച്ച 14 പ്രവർത്തിഫയലുകളും വജേ് ലിസ്റ്റ് ഉൾപ്പടെുത്തിയിരുന്നു .

**14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

ഉണ്ടായിരുന്നു

**15. മറെ്റീരിയൽ വൗച്ചർ ബിൽ**

പരിശോധിച്ച 14 ഫൈലുകൾക്കും മെറ്റീരിയൽ വൗച്ചർ ബില്ല് ആവശ്യമില്ല

**16. റോയൽറ്റി**

പരിശോധിച്ച 14 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**17. ഫോട്ടോഗ്രാഫ്സ് .**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല

18. **പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച 14 ഫലൈിലും പലതിലും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം കാണാൻ സാധിച്ചില്ല .

**19. മസ്റ്റർ റോൾ മൂവമനെ്റ്**

മസ്റ്റർ റോൾ മൂവമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**22. സൈറ്റ് ഡയറി**

എല്ലാ ഫയലിലും സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു , തൊഴിൽ ഉപകരണങ്ങളുടെ വാടക, പൂരിപ്പിച്ചതായി കണ്ടു. ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

**തൊഴിൽ കാർഡ് പരിശോധന**

- തൊഴിൽ കാർഡുകളിൽ തൊഴിൽ ആവശ്യപ്പെടുന്ന സംബന്ധിച്ച വിവരം, പ്രവർത്തിയുടെ അളവ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചു.
- മസ്റ്റർ റോൾ അനുവദിക്കപ്പെട്ട പ്രവർത്തി, കൂലി നൽകിയത് എന്നീ വിവരങ്ങൾ എഴുതിയത് ഭാഗികമാണ്.

## കണ്ടെത്തലുകൾ( പ്രവർത്തിയുടെ സന്ദർശ്ശനം )

**പ്രവർത്തി 1:**

**പരിഷ്കരിച്ച പട്ടിക 1 വകുപ്പ് 2 ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷി യോഗ്യമാക്കൽ 1614010006/IF/211435**

**5 ഗുണഭോക്താക്കൾ ആണ് ഈ പ്രവർത്തിയിൽ ഉൾപ്പെട്ടിരിക്കുന്നത്.**

**എസ്റ്റിമേറ്റ്**

| S.no | പേര് | പ്രവൃത്തി: കാടുവെട്ടൽ | നിരത്തികിളയിൽ | മഴക്കുഴി കമ്പോസ്റ്റ് കുഴി | ബണ്ട് നിർമ്മാണം |
|---|---|---|---|---|---|
| 1 | ഗീത ജി കെ, ജീനാലയം | 23.5X43 =1010.50 | 23.5X38.20.20 | 8 no<br>(111) | 12 no (10.80.40.4) |
| 2 | ഷിബി, പുത്തൻവിള വീട് | 18.617.4=323.64 | 18.612.50.2 | | |
| 3 | മണിലാൽ എം, വാഴവിളവീട് | 35.650=1780 | 35.645.10.20 | | |
| 4 | വത്സല, എസ്.വി.നിവാസ് | 19.210.5=201.60 | 19.28.40.2 | | |
| 5 | ഗിരിജ, ശിവഗിരി | 42.536.1=1534.25 | 42.532.100.2 | | |

**കണ്ടെത്തലുകൾ**

1. ഗീതയുടെ പുരയിടത്തിൽ കാട് വെട്ടൽ നിരത്തി കിളയ്ക്കൽ നടന്നിട്ടുണ്ട്. ഗുണഭോക്താവ് നല്ലരീതിയിൽ ഈ പ്രവർത്തികളെല്ലാം ഉപയോഗിക്കുന്നുണ്ട്. അവിടെ മുൻപുണ്ടായിരുന്ന കുഴി തെളിയിച്ചു കൊടുക്കുകയും അത് വേസ്റ്റ് കുഴി ആയി ഉപയോഗിക്കാം എന്ന് പറഞ്ഞതായി ഗുണഭോക്താവ് പറഞ്ഞു അല്ലാതെ അവിടെ വേസ്റ്റ് കുഴി എന്ന പ്രവർത്തി തൊഴിലാളികൾ ചെയ്തിട്ടില്ല . ബണ്ട് നിർമ്മാണം അവിടെ കണ്ടില്ല.
2. സിബിയുടെ പുരയിടത്തിൽ കാട് വെട്ടൽ നിർത്തി കിളയ്ക്കൽ നടന്നിട്ടുണ്ട്.ബണ്ട് ഒരു സൈഡിൽ നിന്ന് കാണാം ബാക്കിയെല്ലാം കാടുപിടിച്ചു കിടക്കുന്നു.
3. മണിലാൽ എം, പുരയിടത്തിൽ കാടു വെട്ടി നിരത്തി കിളച്ചിട്ടുണ്ട്. ബണ്ടുകളോ മഴക്കുഴി /കമ്പോസ്റ്റ് കുഴി മുതലായ ഒരു പ്രവർത്തിയും കണ്ടില്ല.
4. വത്സലയുടെ പുരയിടം കാടുപിടിച്ച അവസ്ഥയിലായിരുന്നു. എന്ത് പ്രവർത്തനമാണ് അവിടെ നടന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ല.
5. ഗിരിജയുടെ പുരയിടത്തിൽ കാടുവെട്ടി നിരത്തി കിളച്ചു ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്ഡ്. പക്ഷേ എസ്റ്റിമേറ്റ് പ്രകാരമുള്ള മഴക്കുഴികളോ കംപോസ്റ്റുകുഴികളോ അവിടെ കാണാൻ കഴിഞ്ഞിട്ടില്ല.

**നിരീക്ഷണം**

1. എസ്റ്റിമേറ്റ് പ്രകാരമുള്ള കാടുവെട്ട് നിരത്തികിളയലും തൊഴിലാളികൾ എസ്റ്റിമേറ്റ് പ്രകാരം തന്നെ പുരയിടങ്ങളിൽ ചെയ്തിട്ടുണ്ട്.
2. മഴക്കുഴി കമ്പോസ്റ്റ് കുഴി 8 എണ്ണം ആണ് എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ളത് എന്നാൽ ഈ 5 പുരയിടങ്ങളിലും സന്ദർശിച്ചതിലും എട്ട് മഴക്കുഴി /കമ്പോസ്റ്റ് കുഴി കാണാൻ സാധിച്ചിട്ടില്ല.
3. ബണ്ട് നിർമ്മാണം 12 എണ്ണമാണ് എസ്റ്റിമേറ്റിൽ പ്രകാരം ഉള്ളത് ബണ്ട് നിർമാണവും പല പുരയിടങ്ങളിലും കണ്ടിട്ടില്ല. പിന്നെ ബണ്ട് എന്ന് പറയുന്നത് മുൻപുണ്ടായിരുന്ന അതിരു ഒന്നുകൂടി മണ്ണിട്ട് പുതുക്കുന്ന പ്രവണതയാണ് സൈറ്റ് സന്ദർശിച്ചപ്പോൾ

മനസ്സിലാക്കാൻ കഴിഞ്ഞത് പുതിയതായി ഉറപ്പുള്ള ഒരു ബണ്ട് തൊഴിലാളികൾ നിർമ്മിക്കുന്നില്ല.

4. മഴക്കുഴി / കംപോസ്റ്റുകുഴി നിർമിക്കാൻ ഗുണഭോക്താക്കൾ അനുവദിക്കുന്നില്ല എന്നാണ് തൊഴിലാളികൾ പറയുന്നത്.
5. എസ്റ്റിമേറ്റിൽ പറയാത്ത വാഴക്കുഴി, തെങ്ങിൻകുഴി, മരിച്ചീനി നടൽ തുടങ്ങിയ പ്രവർത്തികൾ കൂടുതൽ കാണാൻ സാധിക്കുന്നു.

**പ്രവർത്തി 2:**

**സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പെടെട്ടിട്ടുള്ള മണ്ണ് ജല സംരക്ഷണ**

**1614010006/IF/379451**

**2 ഗുണഭോക്താക്കൾ ആണ് ഈ പ്രവർത്തിയിൽ ഉൾപ്പെടെട്ടിരിക്കുന്നത്.**

**എസ്റ്റിമേറ്റ്**

| S.no | പേര് | പ്രവൃത്തി: കാടുവെട്ടൽ | നിരത്തികിളയിൽ | മഴക്കുഴി കമ്പോസ്റ്റ് കുഴി | ബണ്ട് നിർമ്മാണം |
|---|---|---|---|---|---|
| 1 | സുലോചന അമ്മ , ജോണി നിവാസ് | 34.633.9=1172.74 | 34.628.60.20=197.912 | 2(111) | 4(10.30.40.4)=6.59 |
| 2 | ശാന്ത, ചരുവിളവീട് | 24.69.8=241.74 | 24.65.80..20=28.536 | | |

**കണ്ടത്തെലുകൾ**

1. സുലോചന അമ്മയുടെ പുരയിടത്തിൽ കാട് വട്ടെൽ, നിരത്തികിളയിൽ തുടങ്ങിയ പ്രവൃത്തികൾ നടന്നിട്ടുണ്ട്. വാഴ, മഞ്ഞൾ എന്നിവ നട്ടു പിടിപ്പിച്ചിട്ടുണ്ട്.പക്ഷേ മഴകുഴി/ കമ്പോസ്റ്റ് കുഴി എന്നിവ പുരയിടത്തിൽ ഇല്ല. എസ്റ്റിമേറ്റ് പ്രകാരം കാടുവട്ടെലും, നിരത്തി കിളയലും മാത്രമേ നടന്നതായി ഗുണഭോക്താവ് പറഞ്ഞു.
2. ശാന്തയുടെ പുരയിടത്തിൽ കാടു വട്ടെി, നിരത്തി കിളച്ചിട്ടുണ്ട്. ബണ്ടും ചെയ്തിട്ടുണ്ട്. ബണ്ട് മുന്പുണ്ടായിരുന്നത് ഒരിക്കല്കൂടി മണ്ണിട്ട് കട്ടെി എന്നാണ് തൊഴിലാളി പറഞ്ഞത്.പക്ഷേ മഴക്കുഴി വസ്റേ് കുഴിയോ കണ്ടിട്ടില്ല.

**നിരീക്ഷണം**

1. എസ്റ്റിമേറ്റ് പ്രകാരം ഉള്ള എല്ലാ പ്രവർത്തികളും നടക്കുന്നില്ല.ഗുണഭോക്താക്കൾ മഴ / കമ്പോസ്റ്റ് കുഴിയെടുക്കാൻ സമ്മതിക്കില്ലെന്നും അവര് പറയുന്ന പ്രവർത്തിയാണ് പുരയിടങ്ങളിൽ ചെയ്യണേ്ടിവരുന്നതെന്നും തൊഴിലാളികൾ പറയുന്നു.
2. പല തൊഴിലാളികളും എസ്റ്റിമേറ്റ് അംഗീകരിക്കുന്നില്ലെന്നും പറയപ്പെടുന്നു പ്രവർത്തിയെ സംബന്ധിച്ചു മേറ്മായി അവർ തർക്കത്തിൽ ഏർപ്പെടുന്നതായും തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നു.
3. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള 2 മഴ / കമ്പോസ്റ്റ് കുഴി രണ്ടു പുരയിടങ്ങളിലും കാണാൻ സാധിച്ചിട്ടില്ല.
4. എസ്റ്റിമേടിൻ പ്രകാരമുള്ള 4 ബണ്ടുകൾ കൃത്യമായി കാണാൻ സാധ്ച്ചിട്ടില്ല. ശാന്തകുമാരിയുടെ പുരയിടത്തിലെ ബണ്ടുകൾ നശിച്ചനിലയിൽ ആയിരുന്നു.

**പ്രവർത്തി 3:**

**സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പെടുത്തിട്ടുള്ള മണ്ണ് ജല സംരക്ഷണ**

**1614010006/IF/379433**

**4 ഗുണഭോക്താക്കൾ ആണ് ഈ പ്രവർത്തിയിൽ ഉൾപ്പെട്ടിരിക്കുന്നത്.**

**എസ്റ്റിമേറ്റ്**

| S.no | പേര് | പ്രവൃത്തി: കാടുവെട്ടൽ | നിരത്തികിളയിൽ | മഴക്കുഴി കമ്പോസ്റ്റ് കുഴി. | ബണ്ട് നിർമ്മാണം |
|---|---|---|---|---|---|
| 1 | പ്രഭ. എൻ, ദേവരാഗം | 45.635.5=1618 | 45.630.5.20=78.16 | 4 no (111) | 14no (10.30.40.4) |
| 2 | മനുദാസ്, കാഞ്ഞിരംവിള വീട് | 52.654.6=2871.96 | 52.649.2.20=517.50 | | |
| 3 | ലില്ലി, പുത്തൻവിള വീട് | 39.830.5=1213.9 | 39.825.60.2=203.776 | | |
| 4 | മോനിഷ, കുഴിയിൽ വീട് | 29.519.2=566.4 | 29.514.2.2=83.78 | | |

**കണ്ടത്തെലുകൾ**

1. പ്രഭ യുടെ പുരയിടത്തിൽ കാട് വട്ടെൽ, നിരത്തി കിളയിൽ തുടങ്ങിയവ നടന്നിട്ടുണ്ട് കുറച്ചു കാലം ആയതിനാൽ വീണ്ടും കാടുകയറി തുടങ്ങി. ബണ്ട് പുതിയതായി ഒന്നും ചയ്തെു കണ്ടില്ല. നിലവിലുള്ള അതിരുകൾ വീണ്ടും എടുത്തു എന്നാണ് കാണാൻ കഴിഞ്ഞത്. മഴക്കുഴി ചയ്തെിട്ടില്ല.
2. മോനിഷയുടെ പുരയിടത്തിൽ നശിച്ച നിലയിൽ ഉള്ള അതിരു കാണാൻ കഴിഞ്ഞു മഴക്കുഴി ഇല്ല
3. മനു ദാസിനെ പുരയിടത്തിൽ ഒന്നും അറിയാൻ സാധിക്കുന്നില്ല കാരണം അവിടെ ഇപ്പോൾ കുട്ടികൾ കളിക്കുന്ന ഒരു കളിസ്ഥലം ആക്കി മാറ്റിയിരിക്കുന്നു.
4. ലില്ലിയുടെ പുരയിടവും കാടുപിടിച്ച അകത്തേക്ക് കയറാൻ പറ്റാത്ത നിലയിലായിരുന്നു.വാഴക്കൃഷി ചയ്തെിട്ടുണ്ട് പക്ഷെ എസ്റ്റിമറ്റേിൽ വാഴക്കൃഷിയുടെ കാര്യം പറഞ്ഞിട്ടില്ല.

**നിരീക്ഷണം**

1. എസ്റ്റിമറ്റേ് പ്രകാരമുള്ള 4 മഴക്കുഴികൾ ഒരു പുരയിടത്തിലും കാണാൻ സാധിച്ചില്ല.
2. ബണ്ട് നിർമ്മാണം വളരെ ശോചനീയമായ നിലയിലാണ് ചയ്തെിരിക്കുന്നത് ഈ ബണ്ട് നിർമ്മാണം മൂലം ഗുണഭോക്താവിന് എന്തങ്കെിലും ഗുണം ഉണ്ടാകും എന്ന് തോന്നുന്നില്ല ഒരു ചറെിയ മഴ മൂലം തന്നെ ഒലിച്ചു പോകുന്ന രീതിയിലാണ് ഇതിൻറെ നിർമ്മാണം നടത്തുന്നത്.

**പ്രവർത്തി 4**

**സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ടു തിരിക്കൽ, മൺകയ്യാല, എന്നിവ ഉൾപ്പടെയുള്ള മണ്ണുജല സംരംക്ഷണ പ്രവൃത്തികൾ**

**1614010006/IF/ 379428**

**2 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പടെ്ടിട്ടുള്ളത്**

**എസ്റ്റിമേറ്റ്**

| S.no | പേര് | പ്രവർത്തി: കാട് വെട്ടൽ | നിരത്തി കിളയ്ക്കൽ | മഴക്കുഴി /കമ്പോസ്റ്റ് കുഴി | ബണ്ട് നിർമ്മാണം |
|---|---|---|---|---|---|
| 1 | സുധാമണി | 14.6 16.6= 142.36 | 1 &2 314.73105.69=33264 | 2 (111) | 8( 10.3 0.4 0.4) |
| 2 | സുലജ | 38.9 38.5=1497.65 | | | |

**കണ്ടെത്തലുകൾ**

1. സുലജയുടെ പുരയിടത്തിൽ കാടുവെട്ടലും നിരത്തി കിളയലും നടന്നിട്ടുണ്ട്. ബണ്ട് നിർമ്മാണവും ചെറിയതോതിൽ കാണാൻ സാധിച്ചിട്ടുണ്ട്. മഴക്കുഴി കാണാൻ സാധിച്ചിട്ടില്ല. പകരം ഒരു വേസ്റ്റ് കുഴി മൂടപ്പെട്ട നിലയിൽ കണ്ടു
2. സുധാമണിയുടെ പുരയിടത്തിൽ കാടു വെട്ടി നിരത്തി കിളച്ചു തുടങ്ങിയ പ്രവൃത്തികൾ കണ്ടു. പക്ഷേ എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവർത്തികളും ഇവിടെ കാണാൻ സാധിച്ചിട്ടില്ല. ബണ്ടു ചെയ്തിട്ടില്ല. മഴക്കുഴി ചെയ്തിട്ടില്ല. പകരം അഞ്ച് തെങ്ങിൻ തടം ചെയ്തതായി കണ്ടു.

**നിരീക്ഷണം**

1. എസ്റ്റിമേറ്റ് പ്രകാരമുള്ള രണ്ടു മഴ /കമ്പോസ്റ്റ് കുഴിയിൽ ഒരു കമ്പോസ്റ്റ് കുഴി സുലജ യുടെ പുരയിടത്തിൽ കണ്ടെത്തി എന്നാൽ ശേഷിക്കുന്ന ഒരു മഴക്കുഴിയോ കമ്പോസ്റ്റ് കുഴിയോ രണ്ടു പുരയിടത്തിലും കണ്ടില്ല.
2. എസ്റ്റിമേറ്റ് പ്രകാരമുള്ള ബണ്ടുകൾ പുരയിടത്തിൽ കാണാൻ

സാധിച്ചിട്ടില്ല. സുലജയുടെ പുരയിടത്തിൽ ചെറിയതോതിലുള്ള ബണ്ടുകൾ കണ്ടെത്തി.

**പ്രവർത്തി 5**

**പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടിലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കാൻ**

**1614010006/IF/211427**

**5 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്**

**എസ്റ്റിമേറ്റ്**

1. ശ്രീകണ്ഠൻ പിള്ള
2. പ്രശോഭ്
3. എസ്തർ ഗോമസ്
4. സാവിത്രിയമ്മ
5. സുധർമ്മ കെ

**കണ്ടെത്തലുകൾ**

1. ശ്രീകണ്ഠൻ പിള്ളയുടെ പുരയിടത്തിൽ കാട് വെട്ടൽ, നിരത്തി കിളയിൽ തുടങ്ങിയ പ്രവർത്തികൾ നടന്നിട്ടുണ്ട്. അതിരു എടുത്തിട്ടുണ്ട്. പുരയിടത്തിൽ ചേമ്പ്, വാഴ കൃഷി ഉള്ളതായി കാണപ്പെട്ടു. ഒരു മഴക്കുഴി എടുത്തിട്ടുണ്ട്
2. പ്രശോഭ യുടെ പുരയിടത്തിൽ വാഴ, ചേമ്പ്, മരിച്ചീനി എന്നിവ കൃഷി നടത്തുന്നുണ്ടായിരുന്നു. പുരയിടം ബണ്ട് കെട്ടി തിരിച്ചിട്ടുണ്ട്. അതിരുകളും ഉണ്ടായിരുന്നു. മഴ കുഴിയോ കമ്പോസ്റ്റ് കുഴിയോ പുരയിടത്തിൽ കണ്ടില്ല.
3. എസ്തർ ഗോമസിന്റെ പുരയിടത്തിൽ കാടു വെട്ടി, നിരത്തി കിളച്ചിട് ഉണ്ടായിരുന്നു.മരിച്ചീനി നട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള മഴക്കുഴിയോ കമ്പോസ്റ്റ് കുഴിയോ ബണ്ടുകളോ പുരയിടത്തിൽ

കണ്ടിട്ടില്ല.

4. സാവിത്രിയമ്മയുടെ പുരയിടത്തിൽ മരിച്ചീനി നട്ടിട്ട് ഉണ്ടായിരുന്നു. അതിരു എടുത്തിട്ടുണ്ടായിരുന്നു. മഴക്കുഴി കണ്ടില്ല. കമ്പോസ്റ്റ് കുഴിയും പുരയിടത്തിൽ കണ്ടില്ല
5. സുധർമ യുടെ പുരയിടത്തിൽ വാഴ കുഴി എടുത്തിട്ടുണ്ട് അതിൽ വാഴകൃഷി നടക്കുന്നുണ്ട്. ബണ്ട് കെട്ടിടുണ്ടായിരുന്നു. ബണ്ട് കെട്ടിയ സ്ഥലത്തു മതിൽ കെട്ടിയതായി കാണാൻ കഴിഞ്ഞു. ഇവിടെയും മഴ കുഴിയോ കമ്പോസ്റ്റ് കുഴിയോ പുരയിടത്തിൽ ഇല്ലായിരുന്നു.

**നിരീക്ഷണം**

1. എസ്റ്റിമേറ്റ് പ്രകാരമുള്ള മഴക്കുഴിയോ കമ്പോസ്റ്റ് കുഴിയോ പുരയിടങ്ങളിൽ കാണാൻ സാധിച്ചിട്ടില്ല.
2. എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത് അല്ലാതെ പല പ്രവർത്തികളും പുരയിടങ്ങളിൽ കാണാൻ സാധിച്ചു. വാഴ കുഴി, ചമ്പ് നടൽ തുടങ്ങിയ പ്രവർത്തികൾ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടില്ല, ഈ പ്രവർത്തികൾ ആണ് കൂടുതലും പുരയിടങ്ങളിൽ കാണാൻ സാധിച്ചത്.

**പ്രവർത്തി 6**

**സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ തട്ടു തിരിക്കൽ മൺ കയ്യാല എന്നിവ ഉൾപ്പടെുത്തിയിട്ടുള്ള മണ്ണ് ജല സംരക്ഷണപ്രവർത്തികൾ**

**1614010006/IF/379436**

**നാല് ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പടെ്ടിരിക്കുന്നത്**

**എസ്റ്റിമേറ്റ്**

| S.no | പേര് | പ്രവർത്തി കാട് വട്ടെൽ | നിരത്തി കളയൽ | മഴക്കുഴി /കമ്പോസ്റ്റ്കുഴി | ബണ്ട് നിർമ്മാണം |
|---|---|---|---|---|---|
| 1 | ദീപ കൊല്ലൻ വിളാകം | 23.630.8 | 23.625.8.2 | 4 no (111) | 12 no (10.3.4.4) |
| 2 | ലത ആർ, ദ്വാരക | 28.234.4 | 28.230.5.2 | | |
| 3 | ഓമനയമ്മ, പഞ്ചവടി | 52.673.10 | 52.668.5.2 | | |
| 4 | സരസ്വതിഅമ്മ, കുന്നുവിള വീട് | 12.326.3 | 12.321.8.2 | | |

**കണ്ടത്തെലുകൾ**

1. ലതയുടെ പുരയിടത്തിൽ ബണ്ടു നിർമ്മിച്ചിട്ടുണ്ട്. മഴക്കുഴിയോ കമ്പോസ്റ്റ് കുഴി എടുത്തിട്ടില്ല, പകരം വാഴ കുഴികൾ എടുത്തിട്ടുണ്ട്.
2. ദീപയുടെ പുരയിടത്തിൽ മഴക്കുഴി എടുത്തിരുന്നു എന്നാൽ അത് മൂടപ്പെട്ടു കിടക്കുന്നു. ബണ്ടു ചെയ്തിട്ടില്ല കാരണം അതിർത്തി തർക്കമുള്ള പുരയിടം എന്നാണ് ഉടമസ്ഥൻ പറഞ്ഞത്.കാടു വട്ടെി, നിരത്തി കിളച്ചു, മരച്ചീനി കൃഷി ചെയ്തിട്ടുണ്ട്.
3. ഓമനയുടെ പുരയിടത്തിൽ 5 ബണ്ടു കാണാൻ സാധിച്ചു ഒരു മഴക്കുഴി ഉണ്ടായിരുന്നു. മരച്ചീനി, വാഴ എന്നിവ കൃഷി ചെയ്തിട്ടുണ്ട്
4. സരസ്വതി അമ്മയുടെ പുരയിടത്തിൽ ബണ്ടു കാണപ്പെട്ടു പക്ഷേ മഴ കുഴിയോ കമ്പോസ്റ്റ് കുഴി ഇല്ലായിരുന്നു ഭൂമി കൃഷിയോഗ്യമായിട്ട് ഉള്ളതായിരുന്നു.

**നിരീക്ഷണം**

1. എസ്റ്റിമേറ്റ് പ്രകാരം നാല് മഴക്കുഴിയോ കമ്പോസ്റ്റ് കുഴിയോ ആയിരുന്നു പുരയിടങ്ങളിൽ കാണേണ്ടി ഇരുന്നത് എന്നാൽ ആകെ രണ്ടെണ്ണം മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ അതും രണ്ടു മഴക്കുഴി മാത്രമേ കാണാൻ കഴിഞ്ഞിട്ടുള്ളൂ ബാക്കി 2 മഴ കുഴിയോ കമ്പോസ്റ്റ് കുഴിയോ പുരയിടങ്ങളിൽ കണ്ടെത്തിയില്ല.
2. ബണ്ട് നിർമ്മാണം എസ്റ്റിമേറ്റ് പ്രകാരം പുരയിടങ്ങളിൽ കാണാൻ സാധിച്ചു.
3. പുരയിടങ്ങളിൽ വാഴകൃഷി മുതലായ കൃഷികൾ കാണാൻ സാധിച്ചിട്ടുണ്ട് പക്ഷേ ഇതൊന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ അല്ല.

**പ്രവർത്തി 7:**

**സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടു തിരിക്കൽ, മൺ കയ്യാല എന്നിവ ഉൾപ്പടെയുള്ള മണ്ണ്, ജലസംരക്ഷണ പ്രവർത്തികൾ**

**1614010006 /IF/379432**

**2 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പടെട്ടിരുന്നത്**

**എസ്റ്റിമേറ്റ്**

| S.no | പേര് | പ്രവർത്തി കാട് വെട്ടൽ | നിരത്തി കിളയ്ക്കൽ | മഴക്കുഴി | ബണ്ട് നിർമാണം |
|---|---|---|---|---|---|
| 1 | ലീലാമണി അമ്മ കാവുവിള | 39.6 30.7 | 39.6 27.5 5.2 | 2 (111) | 4 (12.3.4.4) |
| 2 | സരസ്വതിയമ്മ പൂയം | 28.1 27.3 | 28.1 23.5. 2 | | |

**കണ്ടത്തെലുകൾ**

1. ലീലാമണി അമ്മയുടെ പുരയിടത്തിൽ വാഴ കുഴി, ബണ്ടുകൾ, മഴക്കുഴി **ഒന്ന്** എന്നിവ കാണാൻ സാധിച്ചു. ബണ്ടുകൾ നശിച്ച നിലയിലാണ് കണ്ടത്തെിയത്
2. സരസ്വതി അമ്മയുടെ പുരയിടത്തിൽ കാട് വട്ടേൽ, നിരത്തി കിളയിൽ തുടങ്ങിയ പ്രവർത്തികൾ നടന്നിട്ടുണ്ട്.ബണ്ടുകൾ നിർമ്മിച്ചതായി കണ്ടില്ല.എന്നാൽ മുഴുവൻ കാടുപിടിച്ച് നിലയിലായിരുന്നു പുരയിടം. മഴക്കുഴി ഇല്ല

**നിരീക്ഷണം**

1. എസ്റ്റിമറ്റേ് പ്രകാരം **2** മഴക്കുഴി ആണ് പ്രവർത്തിയിൽ ഉൾപ്പടെുത്തണ്ടേത് അതിൽ ഒരു മഴ കുഴി കണ്ടത്തെി **ശഷേിക്കുന്ന ഒരണ്ണെം** ഒരു പുരയിടത്തിലും കണ്ടത്തെിയില്ല.
2. സരസ്വതിഅമ്മയുടെ പുരയിടം ആകെ കാടുപിടിച്ച നിലയിലായിരുന്നു തൊഴിലാളികൾ തങ്ങളുടെ പ്രവർത്തി നന്നായി ചയെ്യുന്നുണ്ടങ്കെിലും ഗുണഭോക്താക്കൾ അത് ഉപയോഗിക്കുന്നില്ല എന്നതാണ് ഏറ്റവും വലിയ തളിവായിരുന്നു സരസ്വതിഅമ്മയുടെ പുരയിടം.
3. **നാലു** ബണ്ടുകളാണ് എസ്റ്റിമറ്റേ് പ്രകാരം പറഞ്ഞിരിക്കുന്നത് അതിൽ ലീല മണി അമ്മയുടെ പുരയിടത്തിൽ മാത്രമാണ് ബണ്ടുകൾ കാണാൻ സാധിച്ചത്.

പ്രവർത്തി 8

**സ്വകാര്യ ഭൂവുടമകളുടഭെൂമി തട്ടു തിരിക്കൽ, മൺ കയ്യാല എന്നിവയുൾപ്പടെയെുള്ള മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ.**

**161401006/IF/379427**

**രണ്ടു ഗുണഭോക്താക്കളായിരുന്നു ഈ പദ്ധതിയിൽ ഉൾപ്പടെ്ടിരുന്നത്.**

**എസ്റ്റിമേറ്റ്**

| S.no | പേര് | പ്രവർത്തി കാട് വെട്ടൽ | നിരത്തി കിളയൽ | മഴക്കുഴി കമ്പോസ്റ്റ് കുഴി | ബണ്ട് നിർമ്മാണം |
|---|---|---|---|---|---|
| 1 | പ്രസന്നകുമാരി വിപിൻ ഭവൻ | 36.527.7 | 36.522.6.2 | 2(111) | 8(10.6.4.4) |
| 2 | ശാന്ത ചരുവിള വീട് | 31.630.7 | 31.627.4.2 | | |

**കണ്ടെത്തലുകൾ**

1. ശാന്തയുടെ പുരയിടത്തിൽ കാണുന്ന രീതിയിലുള്ള ബണ്ടുകളില്ല മുൻകാലത്ത് ചെയ്തിരുന്ന ബണ്ടിൽ മണ്ണ് വെട്ടിയിട്ടിട്ടു ബണ്ട് നിർമ്മാണം എന്നാണ് പറഞ്ഞിരിക്കുന്നത് മഴക്കുഴി ചെയ്തിട്ടില്ല. കാടുവെട്ടലും നിരത്തി കിളയലും ചെയ്തിട്ടുണ്ട്
2. പ്രസന്ന കുമാരി യുടെ പുരയിടത്തിൽ മഴക്കുഴി ഉണ്ട് കൃഷി ചെയ്തിട്ടുണ്ട്, ബണ്ട് എല്ലാം നശിച്ച നിലയിലായിരുന്നു.

**നിരീക്ഷണം**

1. എസ്റ്റിമേറ്റ് പ്രകാരം **രണ്ട്** മഴക്കുഴികൾ ആണ് പറഞ്ഞിരിക്കുന്നത് എങ്കിൽ **ഒന്ന്** മാത്രമേ കാണാൻ സാധിച്ചിട്ടുള്ളൂ
2. ബണ്ടുകൾ **8 എണ്ണം** എന്നാണ് പറഞ്ഞിരിക്കുന്നത് എന്നാൽ എല്ലാം നശിച്ച നിലയിലായിരുന്നു കാണപ്പെട്ടത്. കാരണം ബണ്ടു നിർമാണം കുറച്ചുകാലത്തേക്ക് നിലനിൽക്കുന്ന രീതിയിലുള്ളതു അല്ലായിരുന്നു ഒരു ചെറിയ മഴ പെയ്യുമ്പോൾ തന്നെ ഒലിച്ചുപോകുന്ന രീതിയിലുള്ള ബണ്ടുകൾ ആയിരുന്നു നിർമ്മിച്ചിരുന്നത്.

പ്രവർത്തി 9

**സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടിയടെുക്കൽ കയ്യാല എന്നിവ ഉൾപ്പടെയെുള്ള മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ**

**1614010006/IF 379437**

**3 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പടെ്ടിരിക്കുന്നത്**

**എസ്റ്റിമറ്റേ്**

| S.no | പരേ് | പ്രവർത്തി കാട് വടെ്ടൽ | നിരത്തി കിളയിൽ | മഴക്കുഴി നിർമ്മാണം കമ്പോസ്റ്റ് കുഴി | ബണ്ട് നിർമ്മാണം |
|---|---|---|---|---|---|
| 1 | വിക്രമൻ | 29.2 25.5 | 29.2 17.6..2 | 4(111) | 12(10.3..4.4) |
| 2 | ശാർങ്ഗധരൻ | 48.641.6 | 43.636.5.2 | | |
| 3 | അമ്പിളി | 65.955.2 | 65.949.2.2 | | |

**കണ്ടത്തെലുകൾ**

1. വിക്രമൻ വിയുടെ പുരയിടത്തിൽ കാട് വടെ്ടൽ, നിരത്തി കിളയിൽ തുടങ്ങിയ പ്രവർത്തികൾ മാത്രമേ നടന്നതായി കണ്ടുള്ളൂ മഴക്കുഴി/ കമ്പോസ്റ്റ് കുഴി ഇവിടെ കണ്ടില്ല.
2. ശാർങ്ഗധരൻന്റെ പുരയിടത്തിൽ  കാട് വടെ്ടൽ, നിരത്തി കിളയ്ക്കൽ മഴക്കുഴി എന്നിവ എസ്റ്റിമറ്റേിൽ പറയുന്ന പോലെ തന്നെ കണ്ടു. പക്ഷേ മഴ കുഴി നികന്ന  നിലയിലായിരുന്നു.

3. അമ്പിളിയുടെ പുരയിടത്തിൽ കാടുവട്ടെി നിരത്തി കിളച്ചിട്ടുണ്ട്.മരച്ചീനി നട്ടിട്ടുണ്ട് മഴക്കുഴി മൂടപ്പട്ടെു

**നിരീക്ഷണം**

1. **4 മഴക്കുഴി** ആയിരുന്നു എസ്റ്റിമേറ്റ് പ്രകാരം പറഞ്ഞിരിക്കുന്നത് എന്നാൽ **2** മഴക്കുഴി മാത്രമേ പുരയിടങ്ങളിൽ കണ്ടിട്ടുള്ളൂ
2. 12 ബണ്ടുകളാണ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത് മുഴുവനും പുരയിടത്തിൽ കാണാൻ സാധിച്ചില്ല.

**പ്രവർത്തി :10**

**പരിഞ്ഞകോണം മുള്ളറും തോട് പുനരുദ്ധാരണം**

**1614010006/WH/ 295747**

**എസ്റ്റിമേറ്റ്**

| No | തോടിന്റെ വശങ്ങൾ വൃത്തിയാക്കൽ | മണ്ണ് ചളി കോരൽ | II സ്റ്റേജ് |
|---|---|---|---|
| 1 | 2001.2 | 2001.20.35 | 2001.20.35 |
| 2 | 2001.8 | 2001.20.30 | 2001.20.30 |
| 3 | 2001.6 | 2001.20.28 | 2001.20.28 |
| 4 | 2001.4 | 2001.20.40 | 2001.20.40 |
| 5 | 2001.5 | 2001.20.41 | 2001.20.41 |

**കണ്ടത്തെലുകൾ**

- തോട് കാടുപിടിച്ച് നിലയിലായിരുന്നു

- തോട് തുടങ്ങുന്ന സ്ഥലം കാടുപിടിച്ച് ഒന്നും അറിയാൻ കഴിയാത്ത അവസ്ഥയിലായിരുന്നു.
- തോട് ചാലുകൾ പോലെയായിരുന്നു, ഉടമസ്ഥർ വെട്ടിയെടുക്കുന്നു എന്നാണ് മേറ്റ് പറഞ്ഞത്

**നിരീക്ഷണം**

- തോട് പുനരുദ്ധാരണം പോലുള്ള പ്രവർത്തികൾ ചെയ്തിട്ട് അതിനെ ഒരു രീതിയിലും നിലനിർത്തുന്ന ഇല്ല.
- തോട് കാണാൻ കഴിയാതെ കാടുപിടിച്ച് നശിച്ച നിലയിലായിരുന്നു.
- ഇതുപോലത്തെ പ്രവർത്തികൾ ചെയ്തു കഴിഞ്ഞാൽ അത് നിലനിർത്താനും സംരക്ഷിക്കുവാനും ഉള്ള ബാധ്യത കൂടി ഉണ്ടാകേണ്ടതാണ്.അല്ലെങ്കിൽ സർക്കാരിന് അധിക ചിലവുണ്ടാകാൻ മാത്രമേ ഈ പ്രവർത്തികൾ മൂലം സാധിക്കു.
- വയലിന്റെ ഉടമസ്ഥർ കൃഷിയുടെ ആവശ്യത്തിന് തോടുകൾ അവരുടെ ഇഷ്ടത്തിന് വെട്ടി തിരിച്ച് വിടുന്നുണ്ട്.

**പ്രവർത്തി: 11**

**പേരേക്കട ചെറുവള്ളികോണം തോട് പുനരുദ്ധാരണം**

**1614010006/WH/ 289580**

**എസ്റ്റിമേറ്റ്**

| S.no | തോടിന്റെ വശങ്ങൾ വൃത്തിയാക്കൽ | മണ്ണ് ചെളി കോരൽ | ll സ്റ്റേജ് |
|---|---|---|---|
| 1 | 1002 | 100282 | 1002.410 |
| 2 | 1001.8 | 100290 | 1002.450 |
| 3 | 1001.9 | 1002100 | 1002.500 |

| | | | |
|---|---|---|---|
| 4 | 1001.8 | 1002124 | 1002.400 |

**കണ്ടത്തെലുകൾ**

- തോടിന്റെ നീളവും വീതിയും എം ബുക്കിൽ പറഞ്ഞതുപോലെ തന്നെയാണ്
- തോടിന്റെ വശങ്ങളിൽ കാടുപിടിച്ചു കിടക്കുകയാണ്
- പലയിടങ്ങളിലും തോട് നികന്ന രീതിയിൽ ആണ് കാണാൻ കഴിഞ്ഞത്

**നിരീക്ഷണം**

- തോട് പുനരുദ്ധാരണം പോലുള്ള പ്രവർത്തികൾ ചെയ്തിട്ട് അതിനെ ഒരു രീതിയിലും നിലനിർത്തുന്ന ഇല്ല.
- തോട് ഒഴുകുന്ന പല സ്ഥലത്തും തോട് കാണാൻ കഴിയാതെ കാടുപിടിച്ച് നശിച്ച നിലയിലായിരുന്നു.
- ഇതുപോലത്തെ പ്രവർത്തികൾ ചെയ്തു കഴിഞ്ഞാൽ അത് നിലനിർത്താനും സംരക്ഷിക്കുവാനും ഉള്ള ബാധ്യത കൂടി ഉണ്ടാകേണ്ടതാണ്.അല്ലെങ്കിൽ സർക്കാരിന് അധിക ചിലവുണ്ടാകാൻ മാത്രമേ ഈ പ്രവർത്തികൾ മൂലം സാധിക്കു.

**പ്രവർത്തി: 12**

**മാവലേി കോണം കിഴക്കും തോട് പുനരുദ്ധാരണം**

**1614010006 /WH/289582**

**എസ്റ്റിമേറ്റ്**

| S.no | തോടിന്റെ വശങ്ങൾ വൃത്തിയാക്കൽ | മണ്ണ് ചെളി കോരൽ | ll സ്റ്റേജ് |
|---|---|---|---|
| 1 | 2001.4 | 10028.2 | 1002.410 |
| 2 | 2001.5 | 10029.0 | 1002.456 |
| 3 | 2001.2 | 100210.0 | 1002.500 |

| | | | |
|---|---|---|---|
| 4 | 2001.8 | 100212.4 | 1002.400 |

**കണ്ടത്തെൽ**

- കാട് വട്ടെി വൃത്തിയാക്കി തോടിന്റെ വശങ്ങൾ വൃത്തിയാക്കി മണ്ണു വാരി തോടിന് ആഴം പറഞ്ഞതുപോലെ ഉണ്ടായിരുന്നു എന്നാൽ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ നല്ല രീതിയിൽ അല്ല
- തോടിന്റെ വശങ്ങൾ കാടുപിടിച്ചു നില്കുന്നു.
- തോടിന്റെ പല സ്ഥലങ്ങളും നികന്ന രീതിയിലാണ് കാണാൻ കഴിഞ്ഞത്
- റോഡിന്റെ നീളവും വീതിയും എന്തൊക്കെ പറഞ്ഞതുപോലെ തന്നെ ഉണ്ട്

**നിരീക്ഷണം**

- തോട് പുനരുദ്ധാരണം പോലുള്ള പ്രവർത്തികൾ ചെയ്തിട്ട് അതിനെ ഒരു രീതിയിലും നിലനിർത്തുന്ന ഇല്ല.
- തോട് ഒഴുകുന്ന പല സ്ഥലത്തും തോട് കാണാൻ കഴിയാതെ കാടുപിടിച്ച് നശിച്ച നിലയിലായിരുന്നു.
- ഇതുപോലത്തെ പ്രവർത്തികൾ ചെയ്തു കഴിഞ്ഞാൽ അത് നിലനിർത്താനും സംരക്ഷിക്കുവാനും ഉള്ള ബാധ്യത കൂടി ഉണ്ടാകണ്ടേതാണ്.അല്ലങ്കെിൽ സർക്കാരിന് അധിക ചിലവുണ്ടാകാൻ മാത്രമേ ഈ പ്രവർത്തികൾ മൂലം സാധിക്കു.

**പ്രവർത്തി 13**

**പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം തമ്പുരാൻ നട പരൂേർക്കട തോട് പുനരുദ്ധാരണം**

**1614010006 /WH/289579**

**എസ്റ്റിമേറ്റ്**

| S.no | തോടിന്റെ വശങ്ങൾ വൃത്തിയാക്കൽ | മണ്ണ് ചളി കോരൽ |
|---|---|---|
| 1 | *2002.8 1.0* | 2001.2 1.0 |
| 2 | *2002.9 1.0* | 2001.21.0 |
| 3 | *2002.6 1.0* | 2001.2 1.0 |
| 4 | *2002.5 1.0* | 2001.2 1.0 |
| 5 | *2002.8 1.0* | 2001.2 1.0 |
| 6 | *2002.6 1.0* | 2001.21.0 |
| 7 | *2002.8 1.0* | 2001.2 1.0 |

**കണ്ടത്തെൽ**

- തമ്പുരാൻ നട തോട് വൃത്തിഹീനം ആയിരുന്നു ചപ്പുചവറുകൾ കൊണ്ട് നിറഞ്ഞിരുന്നു
- അളവുകൾ എല്ലാം എം ബുക്കിൽ പ്രകാരം തന്നെ ഉണ്ടായിരുന്നു.

**നിരീക്ഷണം**

- തോട് പുനരുദ്ധാരണം പോലുള്ള പ്രവർത്തികൾ ചെയ്തിട്ട് അതിനെ ഒരു രീതിയിലും നിലനിർത്തുന്ന ഇല്ല.
- തോട് ഒഴുകുന്ന പല സ്ഥലത്തും തോട് കാണാൻ കഴിയാതെ കാടുപിടിച്ച് നശിച്ച നിലയിലായിരുന്നു.
- ഇതുപോലത്തെ പ്രവർത്തികൾ ചെയ്തു കഴിഞ്ഞാൽ അത് നിലനിർത്താനും സംരക്ഷിക്കുവാനും ഉള്ള ബാധ്യത കൂടി ഉണ്ടാകേണ്ടതാണ്.അല്ലെങ്കിൽ സർക്കാരിന് അധിക ചിലവുണ്ടാകാൻ മാത്രമേ ഈ പ്രവർത്തികൾ മൂലം സാധിക്കു.

**പ്രവർത്തി 14**

**കണ്ണനേറ്റിൽ പരിഞ്ഞാംകോണം തോട് പുനരുദ്ധാരണം**

**1614010006/WH/ 295743**

**എസ്റ്റിമറ്റ്**

| S.no | തോടിന്റെ വശങ്ങൾ വൃത്തിയാക്കൽ | മണ്ണ് ചളി കോരൽ | ഐസ്റ്റേജ് |
|---|---|---|---|
| 1 | 2001.5 1.0 | 2001.5 1.0 | 2001.5 1.0 |
| 2 | 2001.6 1.0 | 2001.5 1.0 | 2001.5 1.0 |
| 3 | 2001.4 1.0 | 2001.5 1.0 | 2001.5 1.0 |
| 4 | 2001.5 1.0 | 2001.5 1.0 | 2001.5 1.0 |

**കണ്ടത്തലുകൾ**

- കണ്ണീരിൽ അലിഞ്ഞ കോണം തോട് കാടുപിടിച്ചുകിടക്കുന്ന രീതിയിലായിരുന്നു
- എം ബുക്കിൽ പറഞ്ഞതുപോലെ കൃത്യമായ നീളവും വീതിയും ഉണ്ടായിരുന്നു

**നിരീക്ഷണം**

- തോട് പുനരുദ്ധാരണം പോലുള്ള പ്രവർത്തികൾ ചെയ്തിട്ട് അതിനെ ഒരു രീതിയിലും നിലനിർത്തുന്ന ഇല്ല.
- തോട് ഒഴുകുന്ന പല സ്ഥലത്തും തോട് കാണാൻ കഴിയാതെ കാടുപിടിച്ച് നശിച്ച നിലയിലായിരുന്നു.
- ഇതുപോലത്തെ പ്രവർത്തികൾ ചെയ്തു കഴിഞ്ഞാൽ അത് നിലനിർത്താനും സംരക്ഷിക്കുവാനും ഉള്ള ബാധ്യത കൂടി ഉണ്ടാകണേടതാണ്.അല്ലെങ്കിൽ സർക്കാരിന് അധിക ചിലവുണ്ടാകാൻ മാത്രമേ ഈ പ്രവർത്തികൾ മൂലം സാധിക്കു.

**പൊതു നിരീക്ഷണം**

- തൊഴിലാളികൾ അവരുടെ പ്രവർത്തികൾ കൃത്യമായി ചെയ്യുന്നുണ്ട് പക്ഷെ ഗുണഭോക്താക്കൾ അത് ഉപയോഗിക്കുന്നില്ല വീണ്ടും മൂന്നുവർഷം കഴിഞ്ഞു ഭൂവികസന പ്രവർത്തനത്തിലൂടെ ഗുണഭോക്താക്കളുടെ പുരയിടത്തിൽ പ്രവർത്തി ചെയ്തു കൊടുക്കുമെന്ന കരുതലുണ്ട്.
- തൊഴിലാളികൾക്ക് വേതനം കൃത്യസമയത്ത് ലഭിക്കുന്നില്ല ഒരുപാട് വൈകിയാണ് അവർക്ക് വേതനം ലഭിക്കുന്നത് അതിനാൽ തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുകൾ സഹായിക്കുന്നുണ്ട് വേതനം കിട്ടുമെന്ന് കരുതി പലരും കടംവാങ്ങിയും പിന്നീട് കൊടുക്കാൻ പറ്റാതെ ആവുകയും ചെയ്യുന്നു തുടങ്ങിയ പരാതികൾ നിരവധി പേരുടെ ഭാഗത്തുനിന്ന് കേൾക്കാൻ കഴിഞ്ഞു.
- തൊഴിലാളികൾ ഫ്രണ്ട് ഓഫീസ് മുഖേനേ അപേക്ഷ നൽകുകയോ കൈപ്പറ്റ് രസീത് വാങ്ങിക്കുകയും ചെയ്യുന്നില്ല.
- വർക്ക് ഫയലിൽ ഉൾപ്പപ്പെടുത്തേണ്ട 22 ഇനം ഡോക്യുമെന്റുകൾ എല്ലാം തന്നെ ഫയലിൽ ഉൾപ്പെടുത്തുന്നില്ല.
- എസ്റ്റിമേറ്റ് ജനകിയ ഭാഷയിൽ എഴുതുന്നില്ല
- ഓരോ പ്രവൃത്തിയുടെയും ഉദ്ദേശ്യലക്ഷ്യം ഗുണഭോക്താക്കളെ പറഞ്ഞു ബോധ്യപ്പെടുത്തുന്നില്ല.
- മസ്റ്റർറോൾ തിരുത്തലുണ്ട്.
- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയ്ക് പുറമെ ഗുണഭോക്താക്കൾ പറയുന്ന പ്രവർത്തികൾ കൂടി ചെയ്യേണ്ടി വരുന്നു.
- തൊഴിൽ സ്ഥലത്തു അപകടം സംഭവിച്ചു കഴിഞ്ഞാൽ ഉണ്ടാകുന്ന ആശുപത്രി ചിലവുകളും മറ്റിനുമുള്ള ബില്ലുകൾ തൊഴിലാളികൾ പഞ്ചായത്തിൽ ഏല്പിക്കുന്നില്ല. അങ്ങനെ ചെയ്താൽ അവർക് ചിലവായ തുക തിരികെകിട്ടുമെന്നുള്ള അറിവില്ലായ്മ ആണ് ഇതിനുള്ള കാരണം.
- പഞ്ചായത്തിൽ മെറ്റീരിയൽ പ്രവർത്തികൾ ധാരാളം ഉള്ളതായി കാണാം.

- 81 സജീവ തൊഴിലാളികൾ
- 

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്, തുക വിനിയോഗം, തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപെട്ടു ഒറ്റൂർ പഞ്ചായത്തിലെ 13 വാർഡുകളിലും നടത്തപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 17 -)o വകുപ്പ് പ്രകാരം 30/11/2019 ചേന്നൻകോഡ് അംഗൻവാടിയിൽ നടത്തിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ചർച്ചയുടെ വിവരങ്ങളും തീരുമാനങ്ങളും

അജണ്ട

- സ്വാഗതം
- അദ്യക്ഷനെ തിരഞ്ഞെടുക്കൽ
- റിപ്പോർട്ട് അവതരണം
- ചർച്ചയും ക്രോഡീകരണവും
- നന്ദി

വാർഡ് മെമ്പർ  പ്രമീള ചന്ദ്രൻ സ്വാഗതം പറഞ്ഞു കൊണ്ട് ഗ്രാമസഭ തുടങ്ങി. ആദ്യമായി അധ്യക്ഷനെ തിരഞ്ഞെടുത്തു : സിന്ധു  (100 തൊഴിൽ നേടിയ തൊഴിലാളി)

ഭരണഘടനാ പ്രതിജ്ഞാ vrp സുഹൈൽ പറഞ്ഞു കൊടുത്തു.

തൊഴിലാളികളുടെ പത്തു അവകാശങ്ങളെ പറ്റി vrp സൗമ്യ വിശദമാക്കി കൊടുത്തു

അതിനു ശഷേം റിപ്പോർട്ട് അവതരണം vrp അനിൽ സുചിത്ര ചിത്ര റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ചർച്ച തുടങ്ങി, തൊഴിലാളികളുടെ ആവശ്യങ്ങളും പരാതികളും ചുവടെ ചേർക്കുന്നു:

1. ജോലി സമയം 5:00 pm നിന്നു 4:00 ആക്കണം
2. ജോലി ചെയ്ത കൂലി സമയത്തു കിട്ടുന്നില്ല. വേതനം കിട്ടുന്നതിൽ താമസം ഉണ്ടാകുന്നതു വളരെ ബുദ്ധിമുട്ടാണെന്ന് ദിവാകരൻ എന്ന തൊഴിലാളി പറഞ്ഞു
3. ജോലി സ്ഥലത്ത് പെട്ടെന്ന് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളികൾക്ക് തൊഴിലാളി പോകാൻ ഒരു സാഹചര്യം ഉണ്ടാകുമോ എന്ന് ദിവാകരൻ എന്ന തൊഴിലാളി
4. ആസ്തിയുള്ള ഒരു പ്രവർത്തനങ്ങളും നടന്നിട്ടില്ല എന്ന് വി ആർ പി മാർ തൊഴിലാളികളോട് പറഞ്ഞു
5. ആസ്തിയുള്ള പ്രവർത്തനങ്ങൾക്കായി റോഡിന്റെ പ്രവർത്തി അനുവദിക്കണമെന്ന് ദിവാകരൻ ആവശ്യപ്പെട്ടു
6. തൊഴിൽ പരിശീലനം നൽകാൻ തൊഴിലാളികളെ വിളിച്ചിട്ട് പരിശീലനത്തിന് എത്താൻ തൊഴിലാളികളും തയ്യാറാകുന്നില്ല എന്ന് ഓവർസിയർ ചർച്ചയിൽ പറഞ്ഞു
7. തോട് പുനരുദ്ധാരണം തോട്ടിൽ വെള്ളം കുറവുള്ളപ്പോൾ തരണമെന്ന് പ്രസന്നകുമാരി ആവശ്യപ്പെട്ടു
8. ജോലി സ്ഥലത്ത് വെച്ച് അപകടം ഉണ്ടായിട്ട ആശുപത്രിയിൽ ചിലവായ തുക പഞ്ചായത്തിൽ നിന്ന് തിരികെ കിട്ടില്ലെന്ന് സുശീല എന്ന തൊഴിലാള പറഞ്ഞു
9. ടാർപോളിൻ ഷീറ്റ് ബില്ല് പഞ്ചായത്തിൽ കൊടുത്തിട്ടും അതിന്റെ പൈസ കിട്ടിയില്ല എന്ന് അമ്പിളി എന്ന തൊഴിലാളി പറഞ്ഞു
10. ഫ്രണ്ട് ഓഫീസ് വഴി തൊഴിലിനുള്ള അപേക്ഷ നൽകുന്നില്ല കൈപ്പറ്റു റസീപ്റ്റ് വാങ്ങികുന്നില്ല
11. പ്രാഥമിക ശുശ്രുഷ കിറ്റ് തുടങ്ങിയ വസ്തുക്കൾ പഞ്ചായത്തിൽ നിന്നു കിട്ടി.
12. തൊഴിലുറപ്പ് നിർത്താൻ പോകുവാണോ?

13. വതേനം കുറയ്ക്കാൻ പോകുന്നുണ്ടോ?

**മറുപടി**

1. Vrp - അനിൽ സുചിത്ര ചിത്ര , ജോലി സമയം mgnregs നിയമത്തിൽ പറഞ്ഞിരിക്കുന്നത് പോലെ ആണ് അതിൽ മാറ്റം വരുത്താൻ സാധ്യത കുറവാണു.
2. Vrp സുഹൈൽ , സെൻട്രലിൽ ചിലപ്പോൾ ഫണ്ടിനുണ്ടായ കുറവ് മൂലമോ ബാങ്കിൽ നിന്നും ഫണ്ട് കൈമാറ്റം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസം ആണ്, ഇങ്ങനെ ഒരുപാടു കാലതാമസം എടുക്കുന്നതിനെ പറ്റി റിപ്പോർട്ടിൽ പരാമർശിക്കാമെന്ന് ഉറപ്പ് നൽകി
3. റോഡിന്റെ പ്രവർത്തി തരുന്നതിൽ പ്രശ്നമില്ല പക്ഷെ എല്ലാരും ഒരുപോലെ ഏറ്റെടുത്തു ചെയ്യുമെന്ന് ഉറപ്പു തരണം- ഓവർസിയർ
4. മരണം പോലെയുള്ള അത്യാവശ്യഘട്ടത്തിൽ പോകുന്നത്കൊണ്ട് കുഴപ്പമില്ല പക്ഷേ അറ്റൻഡൻസ് അബ്സെന്റ മാർക്ക് ചെയ്തതിനുശഷേം മാത്രമേ പോകാൻ കഴിയുകയുള്ളൂ.
5. ആസ്തിയുള്ള പ്രവർത്തനങ്ങളുടെ ഗുണങ്ങൾ ഓവർസിയർ വിശദീകരിച്ചു
6. ടാർപോളിൻ ഷീറ്റ് ബില്ല് ജി എസ് ടി ബിൽ അല്ലാത്തതിനാൽ ജി എസ് ടി ബിൽ കൊണ്ടുവരാൻ അമ്പിളി എന്ന തൊഴിലാളിയോട് നിർദ്ദേശം നൽകിയിരുന്നു എന്നാൽ അവരത് നൽകിയിരുന്നില്ല.
7. അപകടം ഉണ്ടായതിനെ ചിലവ് നൽകാത്തതിനു കാരണം തൊഴിലാളി പ്രൈവെറ്റ് ഹോസ്പിറ്റലിൽ ആണ് ചികിത്സ തടേിയത്
8. ഫ്രണ്ട് ഓഫീസ് വഴിയേ തൊഴിലിനുള്ള അപക്ഷേകൊടുക്കാൻ പാടുള്ളു, കൈപ്പറ്റു റസിപ്റ്റ് വാങ്ങിക്കുകയും വണേം- vrp നന്ദുരാജ് R
9. തൊഴിലുറപ്പ് ഒരു നിയമം ആണ് അങ്ങനെ പെട്ടെന്ന് നിർത്താൻ പറ്റില്ല, അങ്ങനെ ഒരു തീരുമാനവും ഇല്ല - vrp സൗമ്യ
10. വതേനം കുറയ്ക്കുന്നതിന് പറ്റി ഒരു തീരുമാനവും ഇല്ല - vrp

നന്ദുരാജ്

**തീരുമാനങ്ങൾ**

1. കാടുവട്ടെൽ, നിരത്തി കിളയ്ക്കൽ എന്നിവയുടെ റേറ്റ് കുറവായിരിക്കും
2. ആസ്തി ഉള്ള പ്രവർത്തികൾ ആയ റോഡ് വികസനം ചെയ്യാൻ താല്പര്യമുണ്ട്
3. അപേക്ഷ നൽകുന്നത് ഫ്രണ്ട് ഓഫീസ് മുഖേന ആയിരിക്കും.
4. വേതനം ലഭിക്കുന്നതിന്റെ കാലതാമസം റിപ്പോർട്ടിൽ പരാമര്ശിക്കും
5. കക്കൂസ് നിർമ്മാണം, കോഴിക്കൂട്, മഴക്കുഴികൾ, കമ്പോസ്റ്റ് കുഴികൾ തുടങ്ങിയ ആസ്തികൾ ചെയ്യാൻ ശ്രമിക്കും.

45 തൊഴിലാളികൾ ഗ്രാമസഭയിൽ പങ്കെടുത്തു.

റിപ്പോർട്ട് എല്ലാവരും അംഗീകരിക്കുകയും ഒറ്റൂർ പഞ്ചായത് nrega ഓവര്സീർ നന്ദി രേഖപ്പെടുത്തുകയും ചെയ്തു .

നന്ദി

വർക്കല ബ്ലോക്ക് ഒറ്റൂർ പഞ്ചായത്തിലെ വാർഡ് 3 ലെ 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ഒറ്റൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പു വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മറ്റേുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

# മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്



# തിരുവനന്തപുരം

## വർക്കല ബ്ലോക്ക്

## ഒറ്റൂർ പഞ്ചായത്ത്

## വാർഡ് 4 ( കല്ലമ്പലം )

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/3/2019**

റിപ്പോർട്ട് തയ്യാറാക്കിയത്

തിരുവനതപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

അനിൽ സുചിത്ര ചിത്ര VRP, ആർഷ എ എസ് VRP

നന്ദു രാജ് ആർ VRP, സൗമ്യ എസ് ബി VRP, സുഹൈൽ എ എസ് VRP

**വിജി റ്റി, സൗമ്യ R, വിജി വിജയൻ**

ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ല് വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ല് പാര്ലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ല് നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകള് ഈ നിയമത്തിന്റെ പരിധിയില് വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവര്ഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴില് ദിനങ്ങള് ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുര്ബല ജനവിഭാഗങ്ങള്ക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തില് കൂട്ടി ചേര്ക്കുകയും ചെയ്തിട്ടുണ്ട്.

100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളില് വരുത്തുന്ന ഭേദഗതികള് സംസ്ഥാന പദ്ധതിയിലും ഉള്ക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികള്ക്ക് ഒരു കൂട്ടം അവകാശങ്ങള് നല്കുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവര്‍ത്തികളും സോഷ്യല്‍ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കര്‍ഷിക്ക്ന്നു. പദ്ധതി പ്രവര്‍ത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യല്‍ ഓഡിറ്റ്.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങള്‍ ചുവടെ ചേര്‍ക്കുന്നു.**

| Sl no | **അവകാശങ്ങള്‍** | |
|---|---|---|
| 1 | തൊഴില്‍കാര്‍ഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂള്** 2 |
| 2 | തൊഴില്‍ ആവശ്യപ്പെടാനും 15 ദിവസങ്ങള്‍ക്കുള്ളില്‍ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂള്** 1 & **ഷെഡ്യൂള്** |

| | | |
|---|---|---|
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലങ്കിൽ തൊഴിലാല്ലായ്മ വതേനം ലഭിക്കുവാനുള്ള അവകാശം | **സഷെന്** 7,8,9 |
| 4 | എറ്റടെുക്കണേ്ട പ്രവൃത്തികൾ ആസൂത്രണം ചയെ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷഡെ്യൂള്** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവള്ളെം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷഡെ്യൂള്**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സഷെന്**3( 2),6, sch 2 ,29,a,b,c,d,e,f .30 |
| 8 | തൊഴിൽ ചയെ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സഷെന്** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചലെവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന | **സഷെന്** 19, & **സഷെന്** 17( 2) |

| | | |
|---|---|---|
| | നടത്തുവാനുള്ള അവകാശം. | |

**അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ.**

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചിട്ടുണ്ട് .

തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചു എന്ന കാര്യത്തിൽ വ്യകതതയുണ്ട്. തൊഴിലാളികൾ തൊഴിൽ അപേക്ഷ നല്കുന്നുടണ്ടെങ്കിലും അത് ഫ്രണ്ട് ഓഫീസ് വഴിയല്ല എന്നു തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവങ്കെിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ട് അവയെല്ലാം തൊഴിലാളികൾ സ്വന്തമായി വാങ്ങിയിട്ട് ബില്ലുകൾ പഞ്ചായത്തിൽ ഏല്പിക്കുന്നുണ്ട് .

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.

***** പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന ക്യത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.

## പൊതുവിവരങ്ങൾ -ഒറ്റൂർ പഞ്ചായത്ത്

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ഒറ്റൂർ ഗ്രാമപഞ്ചായത് |
| ആസ്ഥാനം | മണമ്പൂർ |
| ഉൾപ്പെടുന്ന വില്ലേജു | ഒറ്റൂർ |
| വിസ്തൃതി | 9.47ച.കി. മി |
| വാർഡുകളുടെ എണ്ണം | 13 |
| ബ്ലോക്ക് | വർക്കല |
| അസംബ്ലിമണ്ഡലം | ആറ്റിങ്ങൽ |
| പാർലമെന്റ് | ആറ്റിങ്ങൽ |

| | |
|---|---|
| ജനസംഖ്യ | 21612( as പർേ 2001 സൻെസസ് ) |
| പുരുഷന്മാർ | 11480 |
| സ്ത്രീകൾ | 10132 |
| പട്ടികജാതി ജനസംഖ്യ | 2796 |
| പട്ടികജാതി പുരുഷന്മാർ | 1269 |
| പട്ടികജാതി സ്ത്രീകൾ | 1527 |
| താമസമുള്ള വീടുകൾ | 4836 |
| സാക്ഷരരായവർ | 18313 |
| പുരുഷന്മാർ | 8318 |
| സ്ത്രീകൾ | 9995 |

**അതിരുകൾ**

കിഴക്ക് - മണമ്പൂർ ഗ്രാമപഞ്ചായത് NH66
തകെ്കു - മണമ്പൂർ, ചറെുന്നിയൂർ ഗ്രാമപഞ്ചായത്
പടിഞ്ഞാറ് - ചറെുന്നിയൂർ ഗ്രാമപഞ്ചായത്
വടക്കു - ചമെ്മരുതി ഗ്രാമപഞ്ചായത്

ഐെതിഹ്യമനുസരിച്ച് ദശേനാമം ഒറ്റ ഊരിൽ നിന്നും ഉണ്ടായതാണത്രേ.ഇരിക്കുന്ന നിലയിൽ ശ്രീകൃഷ്ണനെ പ്രതിഷ്ഠിച്ചിട്ടുള്ള കരേളത്തിലെ ഒരയേൊരു ക്ഷത്േരം ഇവിടയെുള്ള ശ്രീകൃഷ്ണസ്വാമിക്ഷത്േരം ആണ്. ഇങ്ങനയെുള്ള ഒറ്റ ഊര് ആണത്രേ ഒറ്റൂർ ആയി പരിണമിച്ചത്. ഐെതിഹ്യം എന്തായാലും ഈ പഞ്ചായത്തിലെ ചരിത്രം ഇന്നത്തെ മണമ്പൂർ

പഞ്ചായത്ത് ചരിത്രവുമായി കൂടിക്കുഴഞ്ഞാണു കഴിഞ്ഞ നൂറ്റാണ്ടിലെ അവസാന ദശകങ്ങള്‍ വരെ കിടന്നിരുന്നത്. ഇതുവരെയും ഇത് മണമ്പൂര്‍ പഞ്ചായത്തിന്‍റെ ഭാഗമായിരുന്നു സര്‍ക്കാരിന്‍റെ 25/08 /1977 ലെ ജി ഓ എം /എസ് 241 /77 /LA4 /എസ് ഡബ്ല്യു ഡി നമ്പര്‍ ഉത്തരവ് പ്രകാരമാണ് ഒറ്റൂര്‍ ഗ്രാമപഞ്ചായത്ത് നിലവില്‍ വന്നത്. 31 /8/ 1977ല്‍ മണമ്പൂര്‍ പഞ്ചായത്ത് ഓഫീസില്‍ വച്ച് വര്‍ക്കല ബ്ലോക്ക് ഡവെലപ്മന്‍റ് ഓഫീസര്‍ ശ്രീ സോമ സുന്ദര രാജിന്‍റെ അധ്യക്ഷതയില്‍ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യുടെ സത്യപ്രതിജ്ഞ കര്‍മ്മം നിര്‍വഹിച്ചു. വിഭജനത്തിനു മുന്‍പ് ഈ പഞ്ചായത്തിന്‍റെ പ്രഥമ പ്രസിഡന്‍റ് കെ ആര്‍ ഗോപാലകൃഷ്ണക്കുറുപ്പ് ആയിരുന്നു.

1953 ല്‍ നിലവില്‍ വന്ന പഞ്ചായത്ത് 1962 വരെ നിലവിലുണ്ടായിരുന്നു.ഒരു വര്‍ഷത്തെ ഇടവേളയ്ക്ക് ശേഷം 1963 തിരഞ്ഞെടുപ്പ് നടക്കുകയുണ്ടായി തുടര്‍ന്ന് 1977 പഞ്ചായത്ത് ഉണ്ടാവുകയും ഒറ്റൂര്‍ വില്ലേജിനകത്തുള്ള പഞ്ചായത്ത് മെമ്പര്‍മാരെയും ഉള്‍പ്പെടുത്തി ഒരു നോമിനേറ്റ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. 1987 ല്‍ വീണ്ടും തിരഞ്ഞെടുപ്പ് ഉണ്ടാവുകയും എസ് ഗോപാലന്‍ പ്രസിഡന്‍റ്, ബി.സി കുറുപ്പ് വൈസ് പ്രസിഡണ്ടും ആയി.

2010 ഓഗസ്റ്റ് 15 മുതല്‍ സെപ്റ്റംബര്‍ 30 വരെ ശ്രീ ആര്‍ സുഭാഷ് പ്രസിഡന്‍റ് ആയിരുന്നു

ബഹുമാനപ്പെട്ട ആറ്റിങ്ങല്‍ എംഎല്‍എ അഡ്വക്കേറ്റ് വി പി സത്യന്‍ അവര്‍കളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിര്‍മ്മിച്ച പുതിയ ഓഫീസ് മന്ദിരം 2015 സെപ്റ്റംബര്‍ മാസം ഒന്നാം തീയതി ഉദ്ഘാടനം ചെയ്തു. 2015 നടന്ന പൊതുതിരഞ്ഞെടുപ്പില്‍ ശ്രീ ആര്‍ സുഭാഷിനെ നേതൃത്വത്തിലുള്ള ഭരണസമിതി ചുമതലയേറ്റു.

**സോഷ്യല്‍ ഓഡിറ്റ് രീതിശാസ്ത്രം**

കേരളസോഷ്യൽഓഡിറ്റ്സൊസൈറ്റിതൊഴിലുറപ്പുപദ്ധതി

**തിരുവനന്തപുരം** ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് 4 ലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

1. കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെഫയലുകൾ,വിവരശേഖരണാർത്ഥ MIS എന്നിവ പരിശോധിക്കൽ
2. പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
3. ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
4. തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
5. ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

**വാർഡിലെ സജീവ തൊഴിലാളികളുടെ എണ്ണം :92**

| S. no | പ്രവർത്തിയുടെ കോഡ് | പ്രവൃത്തിയുടെ പേര് | ആരംഭിച്ച ദിവസം | അവസാനിച്ച ദിവസം | അടങ്കൽ തുക | ചിലവായ തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | 1614010006/IF/336867 | പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടിലെ ഖണ്ഡിക 5 | 01/10/2018 | 20/10/2018 | 158997 | 154284 | 559 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | | | | | |
| 2 | 1614010006/IF/ 336848 | പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടിലെ ഖണ്ഡിക 5 പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കാൻ | 29/10/2 018 | 25 /12 /2018 | 14364 4 | 1368 96 | 496 |
| 3 | 1614010006/R C/271110 | മാവിൻമൂട് കോണത്ത് വഴി പാണർ കോളനി റോഡ് കോൺക്രീറ്റിംഗ് | 21/12/2 018 | 09/01/20 18 | 29972 6 | 2797 94 | 123 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 1614010006/IF/211436 | പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടിലെ ഖണ്ഡിക അഞ്ചൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കാൻ | 29/10/2018 | 9/12/2018 | 185552 | 178848 | 648 |
| 5 | 1614010006/WH/295753 | ആട്ടറക്കേണം മാവിൻമൂട് തോട് പുനരുദ്ധാരണം | 15/12/2018 | 27/12/2018 | 93144 | 26772 | 374 |
| 6 | 1614010006/IF/336829 | പരിഷ്കരിച്ച പട്ടിക ഒന്നിലെ | 29/10/2018-1 | 11/12/2018 | 157398 | 150972 | 547 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വകുപ്പ് രണ്ടിലെ ഖണ്ഡിക 5 പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | | | | | |
| 7 | 1614010006/IF/340161 | കിണർ നിർമ്മാണം | | | 34513 | 30780 | 53 |
| 8 | 1614010006/IF/383772 | കിണർ നിർമ്മാണം | | | 19123 | 17870 | 31 |
| 9 | 1614010006/IF/379438 | സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടിയെടുക്കൽ മൺ കയ്യാല | 14/01/2019 | 21/02/2019 | 120888 | 127483 | 438 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | എന്നിവയുൾപ്പ് പ്പടെയുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | | | | | |
| 10 | 1614010006/IF/379439 | സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടിയടുക്കൽ മൺ കയ്യാല എന്നിവയുൾപ്പ് പ്പടെയുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | 28/01/2019 | 22/02/2019 | 75793 | 69932 | 255 |

22 ഡോക്യൂമെന്റസ്

**1. കവർപജേ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപജോൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചലെവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രഖേപടെുത്തണ്േടതാണ്. പരിശോധിച്ച 10 ഫൈലുകളിൽ പല പ്രവർത്തിയിലും വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള കവർ പജേ് കാണാൻ സാധിച്ചു.

**2. ചകെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പജേ് നമ്പറും രഖേപ്പടെുത്തണ്േട ചകെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കണ്േടതാണ്. പരിശോധിച്ച 6 ഫയലുകളിൽ വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള ചകെക്ക് ലിസ്റ്റ് കാണാൻ സാധിച്ചു .

**3. ആക്ഷൻപ്ലാൻ കോപ്പി**

പരിശോധിച്ച 10 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്യൂലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കണ്േട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4. എസ്റ്റിമറ്േറ് കോപ്പി**

പരിശോധിച്ച 10 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി കാണാൻ സാധിച്ചു..,
എസ്റ്റിമറ്േറിന്റെ കോപ്പിയിൽ അക്രഡിക്ടഡ് എഞ്ചിനീയരുടെ ഒപ്പ്, സീല് എന്നിവ ഉണ്ടായിീരുന്നു.

**5. സാങ്കതേികാനുമതി**

പരിശോധിച്ച 10 ഫൈലുകളിലും വാർഷിക മാസ്റ്റർ പ്രകാരം ഉള്ള സകെ്യൂർ നിന്നുള്ള സാങ്കതേികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടില്ല . എന്നാൽ, പ്രാദേശികമായിട്ടുള്ള സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് ബന്ധപ്പടെ്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചിട്ടുണ്ട്

**6. ഭരണാനുമതി**

പരിശോധിച്ച 10 ഫയലുകളിൽ ഭരണാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് പ്രാദേശികം ആണെന്ന് മാത്രം സെക്യൂറിൽ നിന്നുള്ള കോപ്പി അല്ല.

**7.വർക്ക് അലോക്കഷേൻ ഫോം**

പരിശോധിച്ച 10 ഫയലുകളിൽ വർക്ക് അലോക്കഷേൻ ഫോം ഇല്ലായിരുന്നു.

**8. തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 10 ഫയലുകളിൽ പല പ്രവർത്തിയിലും വ്യക്തമായ തരത്തിലുള തൊഴിൽ അപേക്ഷ ഉണ്ടായിരുന്നു .

**9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 10 ഫയലുകളിൽ പലതിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നു .

**10. മസ്ററർ റോൾ**

പരിശോധിച്ച 10 പ്രവർത്തി ഫയലുകളുടെ.മസ്റർറോളുകളിൽ ബി.ഡി.ഓ ,സെക്രട്ടേറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു . മസ്ററർ റോളുകളിൽ ആയുധങ്ങളുടെ വാടക രഖേപടുെത്തിയിട്ടുണ്ട് .

**11. മഷെർമനെ്റ് ബുക്ക്**

മഷെർമനെ്റ് ബുക്കിൽ പ്രീ മഷെർമനെ്റ്,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് . പക്ഷെ ഒരു മഷെർമനെ്റ് ബുക്കിൽ മറ്റു വാർഡിലയെും പ്രവർത്തികളുടെ മഷെർമനെ്റ് കാണിച്ചിരിക്കുന്നു.

**12. മറെ്റീരിയൽ**

പ്രവർത്തികളിൽ റോഡ് കോൺക്രീററിംഗ്, വ്യക്തിഗത കക്കൂസ് നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ മറെ്റീരിയൽ ഉപയോഗിച്ച് ചയെുന്നതാണ്. മറെ്റീരിയൽ ബിൽ ഫലൈിൽ ഉണ്ടായിരുന്നു .

**13. വജെ്ലിസ്റ്**

പരിശോധിച്ച 10 പ്രവർത്തിഫയലുകളും വജേ് ലിസ്റ്റ് ഉൾപ്പടെുത്തിയിരുന്നു
.

**14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

ഉണ്ടായിരുന്നു

**15. മറെ്റീരിയൽ വൗച്ചർ ബിൽ**

പരിശോധിച്ച 10 ഫയലുകളിൽ 3 പ്രവർത്തികളിൽ മറെ്റീരിയൽ ഉൾപ്പടെുന്നു അതിന്റെ മെറ്റീരിയൽ വൗച്ചർ ബില്ല് വെച്ചിട്ടുണ്ട്.

**16. റോയൽറ്റി**

പരിശോധിച്ച 10 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**17. ഫോട്ടോഗ്രാഫ്സ് .**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല

18. **പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച 10 ഫലൈിലും പലതിലും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം കാണാൻ സാധിച്ചു .

**19. മസ്റ്റർ റോൾ മൂവമെന്റ്**

മസ്റ്റർ റോൾ മൂവമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

22. സൈററ് ഡയറി

എല്ലാ ഫയലിലും സൈററ് ഡയറി കാണാൻ സാധിച്ചു . സൈററ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീററിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , വിജിലൻസ് ആൻഡ് മോണിററിങ് കമ്മിററി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു , തൊഴിൽ ഉപകരണങ്ങളുടെ വാടക, പൂരിപ്പിച്ചതായി കണ്ടു. ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

**തൊഴിൽ കാർഡ് പരിശോധന**

- തൊഴിൽ കാർഡുകളിൽ തൊഴിൽ ആവശ്യപ്പെടുന്ന സംബന്ധിച്ച വിവരം, പ്രവർത്തിയുടെ അളവ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചു.
- മസ്ററർ റോൾ അനുവദിക്കപ്പെട്ട പ്രവർത്തി, കൂലി നൽകിയത് എന്നീ വിവരങ്ങൾ എഴുതിയത് ഭാഗികമാണ്.

**പ്രവർത്തിയുടെ സന്ദർശനം**

**പ്രവർത്തി: 1**

**പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടിലെ ഖണ്ഡിക 5 പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ**

**1614010006/IF/336867**

**ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്**

എസ്റ്റിമറ്റേ്

| S.no | പരേ് | പ്രവർത്തി കാടുവടെട്ടൽ | നിരത്തികിളയ്ക്കൽ | മഴക്കുഴി / കമ്പപോസ്റ്റ് കുഴി | ബണ്ടു നിർമ്മാണം |
|---|---|---|---|---|---|
| 1 | ജോേളി, കാരുണ്യം | 28.1×43.2 | 28.1 × 38.5 ×.2 | 6 എണ്ണം | 10 എണ്ണം (13.2×.4×.4) |
| 2 | സുശീല കുന്നുംപുറത്തു വീട് | 23.8×25 5 | 23.8 ×20.3×. 2 | | |
| 3 | ദവേദാസൻ ചരുവിള | 11.6×10.4 | 11.6× 8.3×0. 2 | | |
| 4 | പ്രമീള വട്ടവിളവീട് | 35.1×29.9 | 35.1× 25.4 ×0.2 | | |
| 5 | സുശീല അജിവിലാസം | 21.6×28.1 | 21.6 ×24.6 ×0.2 | | |
| 6 | ബീന ആനന്ദഭവൻ | 46.2×62.2 | 46. 2× 55.5 ×0.2 | | |

**കണ്ടത്തെലുകൾ**

1. ജോേളി: പുരയിടം കാടു മൂടപ്പെട്ടെ നിലയിലായിരുന്നു അളക്കാനോ മഴക്കുഴികൾ കാണാനോ കഴിയുമായിരുന്നില്ല 3 മഴക്കുഴികൾ ഉണ്ടന്നെു മാറ്റ് പ റഞ്ഞു.
2. സുശീല: തങ്ങെിൻ തടം, വാഴ ക്കുഴി എന്നിവ ഉണ്ടായിരുന്നു. രണ്ടു ബണ്ടുകൾ എടുത്തിരുന്നു. എന്നാൽ ഒന്ന് നിരത്ത പട്ടെിരുന്നു പുരയിടം ഇപ്പോൾ കൃഷി യോഗ്യമാണ്.

3. ദവേദാസൻ: ബണ്ട് പല സ്ഥലത്തും നികത്തപട്ടിരുന്നു മഴക്കുഴി കാണാനും കഴിഞ്ഞില്ല
4. പ്രമീള: ബണ്ടുകൾ3 എണ്ണം വസ്റ്റ് കുഴി നികത്തപ്പട്ടെ നിലയിൽ പുരയിടം ഇപ്പോഴും കൃഷി യോഗ്യമാണ്
5. സുശീല: അതിരുണ്ട് എസ്റ്റിമറ്റ് പ്രകാരമുള്ള വർക്കുകൾ ഒന്നും കണ്ടില്ല
6. ബീന: ബണ്ടുകൾ 5 എണ്ണം കാണപ്പട്ടു പൊക്കത്തിൽ വ്യത്തിയായി തട്ടുതട്ടായി തിരിച്ചിട്ടുണ്ട് മഴകുഴി 1, കമ്പോസ്റ്റ് കുഴി 1 ഉപയോഗിക്കുന്നതായ് കാണപ്പട്ടു

**നിരീക്ഷണം**

1. എസ്റ്റിമറ്റ് പ്രകാരം പറയുന്ന വർക്കുകൾ എല്ലാം 6 ഗുണഭോക്താക്കളുടെ പുരയിടങ്ങളിൽ ആണ് ചെയ്തിരിക്കുന്നത്
2. എസ്റ്റിമറ്റ്പ്രകാരമുള്ള ബ ണ്ടുകൾ10 എണ്ണം കാണാൻ കഴിഞ്ഞു ചിലത് നശിച്ചരീതിയിലാണ് കണ്ടത്
3. . എസ്റ്റിമറ്റ് പ്രകാരമുള്ള മഴക്കുഴി, കമ്പോസ്റ്റ് കുഴി **6** എണ്ണം കണ്ടത്തൊൻ കഴിഞ്ഞു

**പ്രവർത്തി 2**

**പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടില ഖണ്ഡിക 5 പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കാൻ**

**1614010006/IF/336848**

**4 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പട്ടിരിക്കുന്നത്**

**എസ്റ്റിമറ്റ്**

| S.no | പേര് | പ്രവർത്തി കാട് വെട്ടൽ | നിരത്തി ഇളക്കൽ | മഴക്കുഴി വേസ്റ്റ് കുഴി | ബണ്ടുകൾ |
|---|---|---|---|---|---|
| 1 | ബേബി ഗിരിജ, അനുഗ്രഹ | 16.2× 17.4 | 16.2 ×12×.2 | 8 എണ്ണം | 8 എണ്ണം |
| 2 | തുളസി അമ്മ, വിള വീട് | 35.6× 45.4 | 35.6 ×40×. 2 | | |
| 3 | ശാന്തകുമാരിഅമ്മ, കുന്നുവിള വീട് | 49.6× 73.4 | 49.4× 65.5×. 2 | | |
| 4 | നിത്യ ചരുവിള വീട് | 15.6 ×15.5 | 15.6× 10.8×. 2 | | |

**കണ്ടത്തെലുകൾ**

1. ബേബി ഗിരിജ തൊഴിലുറപ്പ്പദ്ധതിപ്രകാരം തൊഴിൽ ചെയ്ത് സ്ഥലത്ത് ഇപ്പോൾ വീട് ആണുള്ളത്. ആയതിനാൽ മഴക്കുഴികളോ അതിരോ ഇപ്പോൾ ഇല്ല.
2. തുളസി അമ്മ ബണ്ട് 3എണ്ണം കമ്പോസ്റ്റ് കുഴി -1, മഴക്കുഴി-1 കാടുവെട്ടി കൃഷി യോഗ്യമാക്കി ഇരിക്കുന്നു കൂടാതെ തെങ്ങിൻ തടം എടുത്തിട്ടുണ്ട്
3. ശാന്തകുമാരി അമ്മ:അതിരുകൾ 5എണ്ണം കാടുവെട്ടി നിരത്തി കിളച്ചു കൃഷി യോഗ്യമാക്കി ട്ടുണ്ട് കമ്പോസ്റ്റ് കുഴി, മഴക്കുഴി ഇവയൊന്നും കണ്ടത്തൊനായില്ല.നികത്തി യത്തായി പറയപ്പെടുന്നു.
4. നിത്യ: അതിരുകൾ 2, വേസ്റ്റ് കുഴി-1 പുരയിടം കൃഷിയോഗ്യമായ് കാണപ്പെടുന്നു

**നിരീക്ഷണം**

- പരിഷ്കരിച്ച പട്ടിക 1വകുപ്പ് 2 ലെ ഖണിക5 ൽ പറയുന്ന വ്യക്തികൾക്ക് തന്നെയൊണ് ഈ പ്രവർത്തി

ചയ്തുകൊണ്ടിരിക്കുന്നത്

- ഇതിൽ ആകെ 4 ഗുണഭോക്താക്കൾ ആണ് ഉൾപ്പട്ടിരിക്കുന്നത്
- എസ്റ്റിമേറ്റ് പറയുന്ന പ്രകാരം8 മഴക്കുഴികൾ /കമ്പോസ്റ്റ് കുഴി ഇവയുടെ എണ്ണം കൃത്യമായി കണ്ടെത്താൻ കഴിഞ്ഞില്ല ആകെ രണ്ടു പുരയിടത്തിൽ ഒന്നിൽ മഴക്കുഴിയും ഒന്നിൽ വേസ്റ്റ് കുഴിയും കണ്ടെത്തി.
- ബണ്ടുകൾ കൃത്യമായി കണ്ടെത്തി.

**പ്രവർത്തി 3**

**മാവിൻമൂട് കോണത്ത് വഴി പാണർ കോളനി റോഡ് കോൺക്രീറ്റിംഗ്**

**1614010006/RC/271110**

**21/12/2018 -09/01/2018**
**299726**
**279794**
**123**

**എസ്റ്റിമേറ്റ്**

| S.no | ഉപരിതല ഡ്രസിങ് | ഏർത് വർക്ക് ഉല്ഖനനം | റോഡ് കോൺക്രീറ്റ് |
|---|---|---|---|
| 1 | 115 × 3×1 | 115×3×1 | 115×2.9×1 |
| 2 | | | 115×2.9×1.0 |

**കണ്ടെത്തലുകൾ**

1. എസ്റ്റിമേറ്റ്പ്രകാരം റോഡിന്റെ നീളവും വീതിയും അളന്നു

നോക്കിയപ്പോൾ വ്യത്യാസം കണ്ടു

2. എസ്റ്റിമേറ്റിൽ നീളം: 115m വീതി:3m ആണ് എന്നാൽ അളന്നപ്പോൾ നീളം60m. വീതി3 കൂടുതൽ മായാണ് കണ്ടെത്തിയത്
3. എസ്റ്റിമേറ്റ് പറഞ്ഞിരിക്കുന്ന അടങ്കൽ തുകഅല്ല CIB ബോർഡിൽ കാണിച്ചിരിക്കുന്ന അടങ്കൽ തുകഎസ്റ്റിമേറ്റിൽഅടങ്കൽ തുക:299726/-

   CIB ബോർഡിൽ അടങ്കൽ തുക:288453

4. റോഡിന്റെ കോൺക്രീറ്റ് വൃത്തി യായിട്ട് തന്നെയാണ് ചെയ്തിരിക്കുന്നത്

**നിരീക്ഷണം**

1. എസ്റ്റിമേറ്റ് പ്രകാരം റോഡിന്റെ പ്രവർത്തികൾ എല്ലാം നല്ല രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്
2. എന്നാൽ അടങ്കൽ തുക യിലാണ് വ്യത്യാസം കണ്ടെത്താൻ കഴിഞ്ഞത്.
3. ഫയലിൽ പറഞ്ഞിരിക്കുന്ന അടങ്കൽ തുകഅല്ല CIB ബോർഡിൽ കണ്ടെത്താൻ കഴിഞ്ഞത്.

**പ്രവർത്തി 4**

**പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടിലെ ഖണ്ഡിക അഞ്ചൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കാൻ**

**1614010006/IF/211436**

**5 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്**

**എസ്റ്റിമേറ്റ്**

| S.no | പരേ് | പ്രവർത്തി കാട് വട്ടെൽ | നിരത്തി ഇളക്കൽ | മഴക്കുഴി വസേ്റ്റ് കുഴി | ബണ്ടുകൾ |
|---|---|---|---|---|---|
| 1 | ദവേികാ സരിക | 65. 2× 59.6 | 65.2 ×52.1×.2 | 10എണ്ണം | 1 എണ്ണം |
| 2 | സരോജിനി | 19.5× 2.4 | 19.5 ×10.2×. 2 | | |
| 3 | ഉണ്ണികൃഷ്ണ കുറുപ്പ് | 34.5× 34 | 34.5× 34×. 2 | | |
| 4 | സുമതിക്കുട്ടിയമ്മ | 35.6 ×34 | 35.6× 34×. 2 | | |
| 5 | ഓമന | 28.6×33.9 | 28.6×33.9×.2 | | |

**കണ്ടത്തെൽ**

1. ദവേിക:ഈ പ്രവൃത്തിയുടെ ഒരു ഗുണഭോക്താവ് ആണ് കാട് വട്ടെൽ നിർത്തി കളയാതെ നടത്തിയിട്ടുണ്ട് മഴക്കുഴി 1, വസേ്റ്റ് കുഴി 1 എടുത്തിട്ടുണ്ട് പുരയിടം തട്ടുകളായി തിരിച്ച് അതിരു കോരിയിറ്റുണ്ട് . വളരെ വൃത്തിയായിട്ട് ചയ്െതിട്ടുണ്ട്. പാട്ടകൃഷി ആയിട്ടാണ് ചയ്െതിരിക്കുന്നത്(110സന്റെ്). പാട്ടകൃഷിയിൽ മരച്ചീനി, വാഴ തുടങ്ങിയവ കൃഷി ചയ്െതിട്ടുണ്ട്
2. സരോജിനി: പ്രവർത്തിയുടെ മറ്റൊരു ഗുണഭോക്താവ് ആണ് 10സന്റെ് പുരയിടത്തിലാണ് ചയ്െതിരിക്കുന്നത്. കാടു വട്ടെുക യും നിരത്തികിളക്കുകയും ചയ്െതിട്ടുണ്ട്. വാഴ, മഞ്ഞൾ, ചമേ്പ് മുതലായ കൃഷികൾ ചയ്െതിട്ടുണ്ട്. അതിര് കോരി യിട്ടുണ്ട് മഴയത്ത് അതിന്റഒെരുഭാഗം ഇടിഞ്ഞു പോയി എന്ന് ഗുണഭോക്താവ് പറയുന്നു മഴക്കുഴി, കമ്പോസ്റ്റ് കുഴിഎടുത്തിട്ടുണ്ട്

3. ഉണ്ണികൃഷ്ണ കുറുപ്പ്: ഈ പ്രവൃത്തിയുടെ മറ്റൊരു ഗുണഭോക്താവ് ആണ്. 50 സെന്റ് പുരയിടത്തിലാണ് കാട് വെട്ടുകയും നിരത്തി കിളക്കുകയും നടത്തിയിട്ടുള്ളത്. തട്ടുതട്ടായി തിരിച്ച് ചെയ്തിട്ടുണ്ട് ബണ്ടുകൾ 5 എണ്ണം. ഒരേ നീളത്തിലും വീതിയിലും ഉള്ളതായിരുന്നു. മരചീനി കൃഷിയാണ് ചെയ്തിട്ടുള്ളത് മഴക്കുഴി- 1കമ്പോസ്റ്റ്-1 കുഴി എടുത്തിട്ടുണ്ട്
4. സുമതികുട്ടിയമ്മ : ഈ പ്രവൃത്തിയുടെ ഒരു ഗുണഭോക്താവ് ആണ് 40 സെന്റ് പുരയിടത്തിലാണ് ചെയ്തത് കാടു വെട്ടലും നിരത്തി കിളയലും നടന്നിട്ടുണ്ട്. മരച്ചീനി കൃഷിയാണ് ചെയ്തിരിക്കുന്നത് മഴക്കുഴി ഒന്ന് വേസ്റ്റ് കുഴി ഒന്ന് എടുത്തിട്ടുണ്ട്
5. ഓമന: ഈ പ്രവർത്തിയുടെ ഒരു ഗുണഭോക്താക്കളാണ്. 20 സെന്റ് പുരയിടത്തിൽ ജോലി ചെയ്തിട്ടുണ്ട്. പുരയിടം വൃത്തിയാക്കി. കാടുവെട്ടലും നിരത്തി കിളയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വയൽ വേസ്റ്റ് കൊണ്ട് നിറഞ്ഞിരിക്കുകയാണ് കാരണം തോട്ടിൽ നിന്നും വരുന്ന വേസ്റ്റ് ആണ് വയലിലേക്ക്എത്തുന്നതെന്ന് ഗുണഭോക്താവ്പറയുന്നു. മരച്ചീനികൃഷിചെയ്യുന്നുണ്ട്

**നിരീക്ഷണം**

1. എസ്റ്റിമേറ്റിൽ പറയുന്ന പ്രകാരം എസ്. സി, വിധവ, ബിപിഎൽ കാറ്റഗറിയിൽ പെട്ടവർക്ക് തന്നെയാണ് ഭൂവികസന പ്രവൃത്തികൾ നടത്തിയിരിക്കുന്നത് .
2. ഈ പ്രവർത്തിയിൽ5 ഗുണഭോക്താക്കളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്ത്.
3. പാട്ടകൃഷി ചെയ്തിട്ടുണ്ട്.
4. കൃഷി എല്ലാം നല്ല രീതിയിൽ ചെയ്തിട്ടുണ്ട്
5. പ്രവർത്തികളുടെ ഗുണം ഗുണഭോക്താക്കൾക് കിട്ടുന്നുണ്ട്.
6. പാട്ടക്കൃഷി നന്നായി സംരക്ഷിച്ചു പോകുന്നുണ്ട്.
7. **10** മഴകുഴി /വേസ്റ്റ് കുഴിയിൽ 8 എണ്ണം മാത്രമേ സൈറ്റിൽ കണ്ടെത്തിയുള്ളു.

പ്രവർത്തി 5

**ആട്ടറക്കോണം മാവിൻമൂട് തോട് പുനരുദ്ധാരണം**

**1614010006/WH/295753**

**കണ്ടത്തെലുകൾ**

1. ആട്ടറാ കോണംമാവിൻമൂട് തോട് ഏറ്റവുംനീളം കൂടിയ തോടാണ്.1870 m നീളമുണ്ട്
2. .എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന അത്രയും നീളം അളന്നപ്പോൾ കണ്ടത്തൊൻ കഴിഞ്ഞു.
3. മാവിൻമൂട് നിന്നു തുടങ്ങി ആട്ടറ കോണത്ത് അവസാനിക്കുന്നു.
4. തോട്ടിലെ തുടക്കത്തിൽ കാടുപിടിച്ച് മൂടി കിടക്കുന്ന ഒരു ചാലാണ് കണ്ടത് പിന്നീട് ചാലുകൾ നിരന്ന രീതിയിലുംകാണപ്പട്ടെു.
5. തോടിന്റെ നീളവും വീതിയും Mബുക്കിൽപറഞ്ഞിരിക്കുന്ന അളവുകളിൽ തന്നയൊണ്. ചിരസ്ഥലങ്ങളിൽ m ബുക്കിൽ പറഞ്ഞതുപോലെ വിതിയുടെ അളവിൽ വ്യത്യാസം കാണിക്കുന്നുണ്ട് .
6. എസ്റ്റിമേറ്റ് പ്രകാരം തന്നയൊണ് തോട് പണിപൂർത്തീകരിച്ചത് എന്ന് മാറ്റ് പറഞ്ഞു. എന്നാൽ സ്ഥലം ഉടമസ്ഥർ കൃഷിക് ആവശ്യത്തിനായി തോടിന്റെ സ്ഥാനം നരേ എതിർവശത്ത് ആക്കി. അതുകൊണ്ടുതന്നെ കുറച്ചു ദൂരം കഴിഞ്ഞപ്പോൾ തോട് കാണാൻ സാധിച്ചില്ല.

**നിരീക്ഷണം**

1. തോട് പുനരുദ്ധാരണം എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകളിൽ തന്നയൊണ് ചയ്തെിരിക്കുന്നത്
2. ഈ പ്രവർത്തികളിലൂടെ പ്രകൃതിവിഭവങ്ങൾ സംരക്ഷിച്ചു നിർത്തുവാൻ സാദിക്കും
3. ജലക്ഷാമം ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും
4. എസ്റ്റിമേറ്റ്പ്രകാരം 314 തൊഴിൽ ദിനങ്ങൾ കൊണ്ടാണ് തോട്

പുനരുദ്ധാരണം ചെയ്തിരിക്കുന്നത്.

5. തോട് ആദ്യം ഇടതു ഭാഗത്തൂടെ ഒഴുകി വരിക ആയിരുന്നു ഇടയ്ക്ക് വച്ചെ് അത് വലതു ഭാഗത്തേയ്ക് മാറി ചോദിച്ചപ്പോൾ മറ്റേ് പറഞ്ഞത് തോട് വെട്ടി ദിശ മാറ്റുന്നത് പുരയിടത്തിന്റെ ഉടമസ്ഥർ എന്നാണ്.ഇതുപോലെ പഞ്ചായത്തിന്റെ അസ്തയിൽ സ്വന്തം ഇഷ്ടപ്രകാരം കൈവെക്കുന്നതു നിയമപരമായി വിലക്കണ്ടേത് അത്യാവശ്യമാണ്.

**പ്രവർത്തി 6**

**പരിഷ്കരിച്ച പട്ടിക ഒന്നിലെ വകുപ്പ് രണ്ടിലെ ഖണ്ഡിക 5 പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ**

**1614010006/IF/336829**

**കണ്ടെത്തലുകൾ**

1. ബിന്ദു: എസ്റ്റിമേറ്റിൽ പറഞ്ഞതുപോലെ കാടു വെട്ടി നിരത്തുകയും ചെയ്തിട്ടുണ്ടെന്ന് മേറ്റ് പറയുന്നു. ഇപ്പോൾ അവിടെ കാടുപിടിച്ചു കിടക്കുകയാണ്. അതിര് 1 തന്നെയാണ് വഴിയായി ഉപയോഗിക്കുന്നത്. നല്ല രീതിയിൽ തന്നെയാണത് കാണാൻ കഴിഞ്ഞത്. നിരത്തി കി ളക്കുന്നതിന്റെ കൂടെ തെങ്ങിൻ തടം എടുത്തിട്ടുണ്ട്.
2. രാമചന്ദ്രൻ പുരയിടത്തിൽ കാട് വെട്ടുകയും നിരത്തി കിളയ്ക്കുകയും ആണ് ചെയ്തിരിക്കുന്നത് പുരയിടത്തിൽ 3 അതിരുകൾനല്ല രീതിയിൽ കാണാൻ കഴിയുന്നുണ്ട്. മഴക്കുഴി 1 വാഴ കുഴി ആക്കി അതിൽ വാഴ നട്ടിരിക്കുന്നു
3. പ്രമീള: ഈ പുരയിടത്തിൽ നല്ല രീതിയിൽ തന്നെ നിരത്തി കിളച്ച് കാട് വെട്ടി വൃത്തിയാക്കി മരച്ചിനി നട്ടിരിക്കുന്നു അവ വീണ്ടും അതുപോലെ തന്നെ വൃത്തിയാക്കി മരച്ചീനിനട്ടിരിക്കുന്നത് കാണാൻ സാധിച്ചു. ഇപ്പോഴും നല്ലതു പോലെ ഉപയോഗിക്കുന്നു. അതിര് 1

കാണാൻ കഴിഞ്ഞു

4. ലതികാ:പുരയിടത്തിൽ കാടു വടെ്ടി നിരത്തി കിളച്ചു മഴക്കുഴി 1കാണാൻ സാധിച്ചു
5. ആതിര: കാടുവടെ്ടി നിരത്തികിളച്ചു അവിടെ മഞ്ഞൾ നട്ടിട്ടുണ്ട് മഴക്കുഴി 1 റീചാർജ് ചെയ്ത് കിണർ ആക്കി നല്ലരീതിയിൽ അതിപ്പോൾ ഉപയോഗിക്കുന്നുണ്ട്. നാല് അതിർ കാണാൻ കഴിഞ്ഞു. 2എണ്ണം നല്ലതുപോലെയും 2എണ്ണം നശിച്ച രീതിയിലും ആണ് കണ്ടത്
6. പത്മിനി അമ്മ: കാടു വടെ്ടി നിരത്തി കിളച്ചു അതിരുണ്ട് മഴക്കുഴിക് പകരം വാഴ കുഴിയെടുക്കാൻ ഉടമസ്ഥർപറഞ്ഞു. അതിൽ വാഴ നട്ടിട്ടുണ്ട്

**നിരീക്ഷണം**

1. എല്ലാ പുരയിടങ്ങളും ഗുണഭോക്താക്കൾ നല്ല രീതിയിൽ കൃഷി യോഗ്യമാക്കി തന്നെ സംരക്ഷിച്ചിരിക്കുന്നു.

**പ്രവർത്തി ഏഴ്**

**കിണർ നിർമ്മാണം**

**1614010006/IF/340161**

**ഗുണഭോക്താവ് : ഷീലാകുമാരി**

**കണ്ടെത്തലുകൾ**

1. കിണർ എസ്റ്റിമേറ്റ് പറഞ്ഞിരിക്കുന്നതിൽ പ്രകാരം ചെയ്തിട്ടില്ല
2. CIB ബോർഡ് ഇല്ല
3. കിണർഷീറ്റ് കൊണ്ട്മൂടപ്പെട്ട അവസ്ഥയിലാണ് കാണാൻ സാധിച്ചത്
4. പണിയൊന്നുംപൂർത്തീകരിച്ചിട്ടില്ല

**നിരീക്ഷണം**

- നല്ല രീതിയിൽ ഉപയോഗിക്കണ്ടേ ജല സ്രോതസ്സ് ആണ്

കിണർഎന്നാൽ കിണർ നിർമ്മാണം എന്ന പ്രവർത്തി ഇവിടപൈൂർത്തീകരിച്ചതായി കാണാൻ കഴിഞ്ഞില്ല. ഈ പ്രവർത്തി കൊണ്ട് ഒരു പ്രയോജനവും ഉണ്ടായില്ല

**പ്രവർത്തി 8**

**കിണർ നിർമ്മാണം**

**1614010006/IF/383772**

**ഗുണഭോക്താവ്: കൃഷ്ണമ്മ**

**കണ്ടത്തെലുകൾ**

1. ഗുണഭോക്താവ് കൃഷ്ണമ്മ
2. കിണർ എസ്റ്റിമറ്റേ് പറഞ്ഞിരിക്കുന്ന പ്രകാരം ചയ്െതിട്ടുണ്ട്
3. CIB ബോർഡിൽ കിണറിന്റെ വിശദാംശങ്ങൾ രഖേപ്പടെുത്തിയിട്ടുണ്ട്

**നിരീക്ഷണം**

1. നല്ല രീതിയിൽ തന്നെ കിണറിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്
2. മറ്റെീരിയൽവർക്ക് എല്ലാം എസ്റ്റിമറ്റേിൽപറഞ്ഞിരിക്കുന്നത് പോലെ ചയ്െതിട്ടുണ്ട്

**പ്രവർത്തി 9**

**സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടിയടെുക്കൽ മൺ കയ്യാല എന്നിവയുൾപ്പടെയെുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ**

**1614010006/IF/379438**

**8 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പടെ്ടിരിക്കുന്നത്**

**കണ്ടത്തെലുകൾ**

1. വിജയ : പുരയിടത്തിൽ മഴക്കുഴി 1 അതിര് 1 എന്നിവ കണ്ടു എന്നാൽ പണി കഴിഞ്ഞു കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ അതിരുകൾ ഇടിഞ്ഞ നിലയിൽ കണ്ടത്തെി.
2. കൗസല്യ : വയലിലാണ് കൃഷി ചയ്തെത് ചാലു കോരി മരച്ചീനി വാഴ മുതലായ കൃഷി കാണപ്പട്ടെു കൃഷിക്ക് ആവശ്യത്തിനായി പുരയിടത്തിൽ 2 കുളം കുഴിച്ചത് കാണാൻ കഴിഞ്ഞു
3. ജഗദമ്മ: പുരയിടത്തിൽ കാട് വട്ടെിനിരത്തി കിളച്ചിട്ടുണ്ട്. തങ്ങെിൻകുഴികൾ എടുത്തിട്ടുണ്ട് തങ്ങെിൻ തടം ഉണ്ട്.
4. തങ്കമണി അമ്മ: പുരയിടത്തിൽ വസേ്റ്റ് കുഴി ഒന്ന്, മഴകുഴി ഒന്ന് എന്നിവ കണ്ടത്തൊൻ കഴിഞ്ഞു തങ്ങെിൻ കുഴികളും എടു ത്തിട്ടുണ്ട്
5. സ്നഹേലത: പുരയിടത്തിൽ കാടുവട്ടെി കൃഷി യോഗ്യമാക്കിയിട്ടുണ്ട് മരച്ചീനി കൃഷി ചയ്തെിട്ടുണ്ട്
6. മഞ്ജു: പുരയിടത്തിൽ അതിരുകളും മൺ കയ്യാലകളും 5എണ്ണം വീതം ഉണ്ട്
7. ബാബു ആശാരി: പുരയിടത്തിൽ വാഴക്കുഴി ഉണ്ടായിരുന്നു
8. നീതു: പുരയിടത്തിൽഅതിര് 1 തങ്ങെിൻ തടം എടുത്തിരുന്നു ഇപ്പോൾ കാട് പിടിച്ചു കിടക്കുന്നു
9. സുരഷേ്ബാബു: പുരയിടത്തിൽ വാഴ കുഴി അതിര്, മൺകയ്യാല എന്നിവ കണ്ടത്തൊൻ കഴിഞ്ഞു വസേ്റ്റ് കുഴി മൂടപ്പട്ടെ നിലയിലാണ് കണ്ടത്

**നിരീക്ഷണം**

1. എസ്റ്റിമറേ്റ് പ്രകാരമുള്ള ബണ്ടുകൾ, മഴക്കുഴി, കമ്പോസ്റ്റ് കുഴി എന്നിവയുടെ കൃത്യമായ എണ്ണം കണ്ടത്തൊൻ കഴിഞ്ഞില്ല
2. ഫയൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കളുടപെുരയിടത്തിൽ തന്നയൊണ് പ്രവർത്തികൾ ചയ്തെിരിക്കുന്നത
3. മഴക്കുഴി വസേ്റ്റ് കുഴിയും പകരം ഉടമസ്ഥർ പറയുന്ന പ്രവർത്തികൾ ആണ് തൊഴിലാളികൾ ചയ്തെുകൊണ്ടിരിക്കുന്നത്.

**പ്രവർത്തി 10**

**സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടിയെടുക്കൽ മൺ കയ്യാല എന്നിവയുൾപ്പെടെയുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ**

**1614010006/IF/379439**

**3 ഗുണഭോക്തകളാണ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്**

**കണ്ടത്തെലുകൾ**

1. പ്രിയ: പുരയിടത്തിൽ കാടുവെട്ടൽ, നിർത്തി കിളയൽ തുടങ്ങിയ പ്രവർത്തികൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ കാടുപിടിച്ച് നിലയിലാണ് കാണാൻ കഴിഞ്ഞത് തെങ്ങിൻ തടം എടുത്തിട്ടുള്ളത് കാണപ്പെട്ടു കമ്പോസ്റ്റ് കുഴി, മഴക്കുഴി ഒന്നും തന്നെ ഉണ്ടായിരുന്നില്ല.
2. റോജകുമാരി: പുരയിടത്തിൽ അതിര് മഴക്കുഴികൾ എന്നിവ ഉണ്ടായിരുന്നു. മരച്ചീനി കൃഷി ചെയ്തതായി കാണപ്പെട്ടു.
3. ഷിജി: പുരയിടത്തിൽ അതിരുകൾ കണ്ടത്തൊൻ കഴിഞ്ഞു. മരച്ചീനിയാണ് കൃഷിചെയ്തത്

**നിരീക്ഷണം**

1. എസ്റ്റിമേറ്റ് പ്രകാരമുള്ള ബണ്ടുകൾ ഉണ്ടായിരുന്നു
2. കമ്പോസ്റ്റ് കുഴി ഉണ്ടായിരുന്നു എങ്കിലും മൂടപ്പെട്ട അവസ്ഥയിലായിരുന്നു.

**പൊതു നിരീക്ഷണം**

- തൊഴിലാളികൾ അവരുടെ പ്രവർത്തികൾ കൃത്യമായി ചെയ്യുന്നുണ്ട് പക്ഷെ ഗുണഭോകതാക്കൾ അത് ഉപയോഗിക്കുന്നില്ല വീണ്ടും മൂന്നുവർഷം കഴിഞ്ഞു ഭൂവികസന പ്രവർത്തനത്തിലൂടെ ഗുണഭോകതാക്കളുടെ പുരയിടത്തിൽ പ്രവർത്തി ചെയ്തു കൊടുക്കുമെന്ന കരുതലുണ്ട്.

- തൊഴിലാളികൾക്ക് വേതനം കൃത്യസമയത്ത് ലഭിക്കുന്നില്ല ഒരുപാട് വൈകിയാണ് അവർക്ക് വേതനം ലഭിക്കുന്നത് അതിനാൽ തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുകൾ സഹായിക്കുന്നുണ്ട് വേതനം കിട്ടുമെന്ന് കരുതി പലരും കടംവാങ്ങിയും പിന്നീട് കൊടുക്കാൻ പറ്റാതെ ആവുകയും ചെയ്യുന്നു തുടങ്ങിയ പരാതികൾ നിരവധി പേരുടെ ഭാഗത്തുനിന്ന് കേൾക്കാൻ കഴിഞ്ഞു.
- തൊഴിലാളികൾ ഫ്രണ്ട് ഓഫീസ് മുഖേനേ അപേക്ഷ നൽകുകയോ കൈപ്പറ്റ് രസീത് വാങ്ങിക്കുകയും ചെയ്യുന്നില്ല.
- വർക്ക് ഫയലിൽ ഉൾപ്പെടുത്തേണ്ട 22 ഇനം ഡോക്യൂമെന്റുകൾ എല്ലാം തന്നെ ഫയലിൽ ഉൾപെടുത്തുന്നില്ല.
- എസ്റ്റിമേറ്റ് ജനകിയ ഭാഷയിൽ എഴുതുന്നില്ല
- ഓരോ പ്രവൃത്തിയുടെയും ഉദ്ദേശ്യലക്ഷ്യം ഗുണഭോക്താക്കളെ പറഞ്ഞു ബോധ്യപെടുത്തുന്നില്ല.
- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയ്ക് പുറമെ ഗുണഭോക്താക്കൾ പറയുന്ന പ്രവർത്തികൾ കൂടി ചെയ്യേണ്ടി വരുന്നു.
- തൊഴിലാളികൾ പ്രാഥമിക ശുശ്രുഷാകിട്, ട്രാപോളിൻ, ചികിത്സാചെലവ് തുടങ്ങിയ ബിൽ സമർപ്പിച്ചാൽ അതിനുള്ള പരിഹാരം ഉടൻ തന്നെ പരിഹാരം കാണുന്നുണ്ട്.
- പഞ്ചായത്തിൽ മെറ്റീരിയൽ പ്രവർത്തികൾ ധാരാളമായി കാണാം
- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പ്രവർത്തികളും കാണാൻ സാധിക്കുന്നില്ല..
- പഞ്ചായത്തിലെ Nrega സ്റ്റാഫുകൾ നല്ല രീതിയിൽ തൊഴിലാളികൾക്കു തൊഴിൽ ലഭിക്കുന്നതിനും മറ്റു അവകാശങ്ങൾ നേടി എടുക്കുന്നതിനും വളരെയധികം സഹായിക്കുന്നുണ്ട് എന്നു മനസിലാക്കാൻ സാധിച്ചു.
- AMC പ്രകാരമുള്ള 22 ഡോക്യൂമെന്റസ് ഫയൽ ചെയ്യുന്നില്ല.
- ത്രീസ്റ്റേജ് ഫോട്ടോഗ്രാഫ്, വർക്ക് അലോക്കേഷൻ ഫോം, ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോ, ഡ്രോയിങ്ങ്ു ആൻഡ് ഡിസൈൻ ഒരു ഫൈലിലും ഇല്ലായിരുന്നു.
- സൈറ്റ് ഡയറിയിൽ പദ്ധതിച്ചിലവ് എഴുതുന്നില്ല.

- 92 സജീവ തൊഴിലാളികൾ വാർഡിൽ ഉണ്ട്

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്, തുക വിനിയോഗം, തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപെട്ടു ഒറ്റൂർ പഞ്ചായത്തിലെ 13 വാർഡുകളിലും നടത്തപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 17 -)o വകുപ്പ് പ്രകാരം 29/11/2019 കല്ലമ്പലം മുള്ളറംകോട് L.P.S ൽ വെച്ചു നടത്തിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ചർച്ചയുടെ വിവരങ്ങളും തീരുമാനങ്ങളും

അജണ്ട

- സ്വാഗതം
- അദ്ധ്യക്ഷനെ തിരഞ്ഞെടുക്കൽ
- റിപ്പോർട്ട് അവതരണം
- ചർച്ചയും ക്രോഡീകരണവും
- നന്ദി

100 തൊഴിൽ ദിനം ലഭിച്ച റോജയെ അധ്യക്ഷയായി തിരഞ്ഞെടുത്തു.

സ്വാഗതം വാർഡ് മെമ്പർ രഹ്‌ന പറഞ്ഞു.

അടുത്തതായി പ്രതിജ്ഞ vrp സുഹൈൽ ചൊല്ലിക്കൊടുത്തു .

സോഷ്യൽ ഓഡിറ്റ് എന്താണെന്നും ഗ്രാമസഭയുടെ അവശ്യ കഥയും vrp അനിൽ സുചിത്ര ചിത്ര തൊഴിലാളികളോട് പറഞ്ഞു.

ആമുഖം, തൊഴിലാളികളുടെ 10 അവകാശം, വിവരാകാശത്തെ കുറിച്ച് vrp നന്ദുരാജ് R ജനങ്ങളെബോധവാന്മാരാക്കി.

റിപ്പോർട്ട് അവതരണം vrp അനിൽ സുചിത്ര ചിത്ര  നിർവഹിച്ചു.

ഈ ഗ്രാമസഭയിൽ 49 പേർ പങ്കെടുക്കുകയുണ്ടായി.
തുടർന്ന് ചർച്ച തുടങ്ങി, തൊഴിലാളികളുടെ ആവശ്യങ്ങളും പരാതികളും ചുവടെ ചേർക്കുന്നു:

1. തൊഴിലാളികൾ: പ്രവർത്തി കഴിഞ്ഞു ഏകദേശം ഒരു വർഷത്തോളം കഴിഞ്ഞു പ്രവർത്തി നോക്കാൻ വരുന്നത് കൊണ്ട് ഉപയോഗം ഉണ്ടാകാറില്ലല്ലോ?
2. വേതനം ലഭിക്കുന്നില്ല കാലതാമസം എടുക്കുന്നു?
3. തൊഴിൽ സമയം നാലുമണിവരെ ആക്കണം
4. പ്രവർത്തി സ്ഥലത്ത് തണൽ വേണ്ടിയുള്ള ടാർപോളിൻ സ്വന്തമായി പിരിവെടുത്തു വാങ്ങി
5. മെറ്റീരിയൽ പ്രവർത്തികളെ പറ്റിയുള്ള സംശയനഗൽ ചോദിച്ചു? കൂടുതലും വ്യക്തിഗത കക്കൂസ്, കിണറിനെ പറ്റി ആയിരുന്നു

**മറുപടി**

1. ആദ്യ പടിയായി ആണ് കഴിഞ്ഞ വർക്ക് പരിശോധി ധിക്കുന്നതു ഇനി മുതൽ സോഷ്യൽ ഓഡിറ്റ് vrp മാർ വർക്ക് നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ വന്നു കണ്ടു കൊള്ളും.
2. പഞ്ചായത്തിൽ നിന്നും mustroll കൊടുത്തു കഴിഞ്ഞു 7 ദിവസത്തിനുള്ളിൽ Mis ഇൽ അപ്ലോഡ് ചെയ്തിരിക്കും. സെൻട്രൽ ഇൽ നിന്നു ഫണ്ട് വരുമ്പോ മാർച്ച് മാസം ഒക്കെ ആകുമ്പോൾ ഫണ്ടിന് കുറവ് വരാൻ സാദ്യതയുണ്ട് കുറവുള്ള ഫണ്ട് കണ്ടെത്തണം അതിൽ നിന്നൊക്കെ ആണ് ഈ താമസം വരുന്നത് പിന്നെ ബാങ്കിൽ നിന്നും ഫണ്ട് വരുന്നതിന്റെ താമസം ഉണ്ട് Vrp അനിൽ സുചിത്ര ചിത്ര,
3. അത് സോഷ്യൽ ഓഡിറ്റിന്റെ പരിധിയിൽ നിക്കുന്ന കാര്യമല്ല

റിപ്പോർട്ടിൽ ഉറപ്പായും പരാമർശിക്കും. Brp Bindhu

4. അതിനപ്പെറ്റി ഒരു കാര്യവും പഞ്ചായത്തിൽ അറിയിച്ചില്ല അത് തൊഴിലാളികൾ സമ്മതിച്ചു
5. തൊഴിലാളികളുടെ ഇതിനുള്ള സംശയങ്ങൾ brp ഓവര്സീർ ചേര്ന്ന് മനസിലാക്കി കൊടുത്തു
6. Brp പുതിയ ആസ്തിയുള്ള പ്രവർത്തികൾ ഏറ്റെടുക്കാനും അതിലൂടെ ഉണ്ടാകുന്ന ഗുണങ്ങളും വിവരിച്ചു, അവിദഗ്ത തൊഴിലാളികളിൽ നിന്നും അർദ്ധവിദഗ്ത വിദഗ്ദ്ധ തൊഴിലാളികലായി മാറണം എന്നും ഉപദേശിച്ചു അപ്പോൾ കൂടുതൽ വേതനം ലഭിക്കുമെന്നും വിവരിച്ചു.

**തീരുമാനം**

1. ഫ്രണ്ട് ഓഫീസ് വഴി അപേക്ഷ നൽകുകയും കൈപ്പറ്റു റസിപ്റ്റ് വാങ്ങിക്കുകയും ചെയ്യും.
2. ആസ്തിയുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ ശ്രമിക്കും
3. ജോലി സമയം 9-4.00 ആകുന്നതിനു വേണ്ടിയുള്ള തൊഴിലാളികളുടെ ആവശ്യം സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കും
4. വേതനം സമയത്ത് കിട്ടണം എന്നുള്ള തൊഴിലാളികളുടെ ആവശ്യം റിപ്പോർട്ടിൽ പരാമർശിക്കും.

46 തൊഴിലാളികൾ ഗ്രാമസഭയിൽ പങ്കെടുത്തു.തുടർന്ന് റിപ്പോർട്ട് തൊഴിലുറപ്പ് അംഗങ്ങൾ കയ്യടിച്ചു പാസാക്കി തൊഴിലാളികളെ പ്രതിനിധീകരിച്ചുകൊണ്ട് ഓവര്സീർ എല്ലാവർക്കും നന്ദി പറഞ്ഞു

## നന്ദി

വർക്കല ബ്ലോക്ക് ഒറ്റൂർ പഞ്ചായത്തിലെ വാർഡ് 4 ലെ 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ഒറ്റൂർ പഞ്ചായത്ത്

പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പു വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

**മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി**

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**



# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ഒറ്റൂർ ഗ്രാമപഞ്ചായത്

**വാർഡ് V മുള്ളറംകോട്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട്ട് തയാറാക്കിയത്

## തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ടീം

**അഞ്ജന.ജെ.ആർ, മഞ്ജു. എം.എസ്, അജിത. എസ്, ദിവ്യ മോഹൻ, പ്രതിഭ, വിജില വിജയൻ**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രധാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടിചേർ ക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായജമ്മു കശ്മീർ ഒഴികെ എല്ലാ സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽ കുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽഓഡിറ്റ്.

## ഭരണഘടനാ പ്രതിജ്ഞ

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ,

ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും

സാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം

എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും

ഉറപ്പുവരുത്തുന്ന

സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 28-ആം തീയതി വെട്ടിമൺ അംഗൻവാടിയിൽ കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23- |

| | | |
|---|---|---|
| | (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | 28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17( 2) |

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

*****തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം ചെലവിലാണ് നൽകിയിട്ടുള്ളത് എന്നു മനസിലാക്കാൻ സാധിച്ചു.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ട്.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന്

അറിയുവാൻ സാധിച്ചു.

## പൊതുവിവരങ്ങൾ - ഒറ്റൂർ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 9.47 ച.കി.മീ. |
| വാർഡുകളുടെ എണ്ണം | **13** |
| ജനസംഖ്യ | **21612** |
| സ്ത്രീകൾ | 10132 |
| പുരുഷന്മാർ | 11480 |
| പട്ടികജാതി | 2796 |
| പ്രസിഡന്റ് | R.സുഭാഷ് |
| സെക്രട്ടറി | D.അനിൽകുമാർ |
| രജിസ്റ്റേർഡ് വർകേഴ്സ് | 3273 |
| സജീവത്തൊഴിലാളികൾ | 93 |
| 100ജോലി തികഞ്ഞവർ | 334 |

Source : സെൻസസ് ഡാറ്റ 2011

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് ആറിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

| | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പദ്ധതി ആരംഭം | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|---|
| 1 | 1614010006/IWH/295754 | മുള കോട്ടുകോണം തെങ്ങുവരമ്പ് തോട് പുനരുദ്ധാരണം. | 30 /11/ 18 | 05/12/18 | 81977 | 75692 |
| 2 | 1614010006/IF/379442 | സ്വകാര്യ ഭൂവുടമകളുടെ ഭൂമിതട്ടിപ്പ് ഇരിക്കൽ മൺ കയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ് ജലസംരക്ഷണ | 01/03/19 | 18/03/19 | 115528 | 109429 |

| | | | | | | |
|---|---|---|---|---|---|---|
| | | പ്രവർത്തികൾ | | | | |
| 3 | 1614010006/IF/336880 | പരിഷ്കരിച്ച പട്ടിക 1 വകുപ്പ് (2)ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 03-10-2018 | 16-10-18 | 163860 | 157726 |
| 4 | 1614010006/IF/2114129 | പരിഷ്കരിച്ച പട്ടിക (1) വകുപ്പ് 2ലെ ഖണ്ഡിക (5)ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 26-10-18 | 09-11-18 | 173849 | 166730 |
| 5 | 1614010006/IF/379441 | സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ തട്ട് തിരിക്കൽ മൺകയ്യാല ഉൾപ്പെടെയുള്ള മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ | 01-03-19 | 23-03-19 | 134021 | 95157 |

## 22 ഡൊക്യുമെന്റ്സ്

**1. കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 5 ഫയലുകളിൽ 3 എണ്ണത്തിൽ കവർപേജ് ഉണ്ടായിരുന്നു. ഉണ്ടായിരുന്ന മൂന്നെണ്ണത്തിൽ കവർപേജ് പൂർണമായിരുന്നില്ല. എൻ. ആർ. ഇ. ജി. എ എംബ്ലം വ്യക്തമല്ല. സ്റ്റാർട്ടിങ് ഡേറ്റ് എൻഡിങ് ഡേറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ജിയോ ടാഗിംഗ് അസെറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ ഇവ രേഖപ്പെടുത്തിയിട്ടില്ല.

**2. ചെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 5 ഫയലുകളിൽ മൂന്നെണ്ണത്തിൽ ചെക്ലിസ്റ് ഉണ്ടായിരുന്നു.

**3. ആക്ഷൻപ്ലാൻ കോപ്പി**

പരിശോധിച്ച 5 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4. എസ്റ്റിമേറ്റ് കോപ്പി**

പരിശോധിച്ച 5 ഫയലുകളിലും സെക്യൂർ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ ഒരു ഫയലിലും പ്രൊജക്റ്റ് റിപ്പോർട്ട്, സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ് എന്നിവ ഉണ്ടായിരുന്നില്ല.

**5. സാങ്കേതികാനുമതി**

പരിശോധിച്ച5 ഫയലുകളിലും സാങ്കേതിക അനുമതി ഉണ്ടായിരുന്നു. 5 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയതാണ് സാങ്കേതിക അനുമതി.സാങ്കേതിക അനുമതിക്ക് വേണ്ടി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഫയൽ നമ്പർ, തീയതി ഉണ്ട്. എ. ഇ പേര് ഒപ്പ് പേര് ഉണ്ടായിരുന്നു.

**6. ഭരണാനുമതി**

പരിശോധിച്ച 5 ഫയലുകളിലും ഭരണാനുമതി ഉണ്ടായിരുന്നു. പ്രാദേശികമായി

തയ്യാറാക്കിയതാണ്.അടങ്കൽതുക, പ്രവർത്തിദിനങ്ങൾ, ഇവ ഭരണാനുമതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട

**7. തൊഴിലിനുള്ള അപേക്ഷ**

**പരിശോധിച്ച 5 ഫയലുകളിൽ മൂന്നെണ്ണത്തിൽ തൊഴിലിനുള്ള അപേക്ഷ ഉണ്ടായിരുന്നു. സെക്ഷൻ 3( 1 )പ്രകാരമുള്ള ഫോം ആയിരുന്നു.**

**8. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

**പരിശോധിച്ച് 5 ഫയലുകളിൽ മൂന്നെണ്ണത്തിൽ പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച് ഫോം ഉണ്ടായിരുന്നു. പ്രവർത്തി അനുവദിച്ചിരിക്കുന്നത് അനുബന്ധം 4 പ്രകാരമുള്ള ഫോമിലാണ്. ഇതിൽ തീയതി, ലെറ്റർ നമ്പർ, ഇവ ഉണ്ടായിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് സ്ഥാനമുണ്ട്. തീയതി ഇല്ല.**

**9. ഇ മസ്റ്റർ റോൾ**

പരിശോധിച്ച 5 ഫയലുകളിലും മസ്റ്റർറോൾ ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ ബി.ഡി.ഓ, ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല.

**10. മെഷർമെന്റ് ബുക്ക്**

**പരിശോധിച്ച 5 ഫയലുകളിലും മെഷർമെന്റ് ബുക്ക് ഉണ്ടായിരുന്നു. പക്ഷേ ഒരു മെഷർമെന്റ് ബുക്കിൽ പല വാർഡുകളുടെ പ്രവർത്തികൾ ഉണ്ടായിരുന്നു.**

**11. മെറ്റീരിയൽ ബിൽ & വൗച്ചർ**

5 പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയുന്നതല്ല. അതുകൊണ്ടു ബാധകമല്ല.

**12. വേജ് ലിസ്റ്റ്**

**പരിശോധിച്ച അഞ്ച് ഫയലുകളിലും വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.**

**13.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

പരിശോധിച്ച 5 ഫയലുകളിലും എഫ്.ടി. ഒ ഉണ്ടായിരുന്നു. എം ഐ എസിൽ നിന്നും ഡൗൺലോഡ് ചെയ്ത് കോപ്പി തന്നെയായിരുന്നു.

**14. റോയൽറ്റി പെയ്മെന്റ് റസീപ്റ്റ്**

പരിശോധിച്ച 5 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**15 .3 സ്റ്റേജ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച 5 ഫയലുകളിലും ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നില്ല.

**16. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**17. മസ്റ്റർ റോൾ മൂവേമെന്റ്**

പരിശോധിച്ച 5 ഫയലുകളിലും മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് ഉണ്ടായിരുന്നു എസ് എസ് നമ്പർ തീയതി ഉണ്ട് പ്രവർത്തി അവസാന തീയതി ബ്ലോക്കിലേക്ക് കമ്മീഷൻ റിപ്പോർട്ട് നൽകിയ തീയതി എംഇഎസ് പ്രവൃത്തി പൂർത്തീകരിച്ച് തീയതി ഉണ്ട്

**18. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല

.19**. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

**20. ഡ്രോയിങ് ആൻഡ് ഡിസൈൻ**

പരിശോധിച്ച 5 ഫയലുകളിലും ഉണ്ടായിരുന്നില്ല.

**21 മെറ്റീരിയൽ റിക്യുർമെന്റ് സ്റ്റേറ്റ്മെന്റ്**

പ്രവർത്തികൾ ഒന്നുംതന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല അതുകൊണ്ട് ബാധകമല്ല

**22. സൈറ്റ് ഡയറി**

പരിശോധിച്ച 5 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.വർക്ക് കോഡ് WH/295754 പ്രകാരം പ്രോജക്റ്റ് മീറ്റിംഗിൽ 50 തൊഴിലാളികൾ പങ്കെടുത്തു.IF/336880 പ്രകാരം 67 തൊഴിലാളികൾ പ്രൊജക്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.IF/211429 പ്രകാരം 67 തൊഴിലാളികൾ പങ്കെടുത്തു.IF/379442ൽ 33 പേർ പങ്കെടുത്തു. മേറ്റിന്റെ പേര്, അഡ്രസ്സ് ഉണ്ടായിരുന്നു. ചെക്ക് ലിസ്റ്റ് പൂർണമായിരുന്നു.

## രജിസ്റ്ററുകളുടെ പരിശോധന

1.അലോക്കേഷൻ ഓഫ് വർക്ക്,പേയ്മെന്റ് ഓഫ് വേജസ് ആൻഡ് ഡിമാൻഡ് ഫോർ വർക്ക്

2. മെറ്റിരിയൽ രജിസ്റ്റർ

3. വർക്ക് രജിസ്റ്റർ

4. തൊഴിൽ കാർഡ് വിതരണ രജിസ്റ്റർ

5. പരാതി രജിസ്റ്റർ

6. ഗ്രാമസഭ രജിസ്റ്റർ

7.ഫിക്സഡ് അസറ്റ്

**പൊതുവായ കണ്ടെത്തലുകൾ**

* വർക്ക്കോഡ് IF/379442 പ്രകാരം മസ്റ്റർ റോളിൽ ഏഴ് ദിവസം തുടർച്ചയായി പണി ചെയ്തിട്ടുണ്ട്. മസ്റ്റർ റോൾ നമ്പർ 26887 മുതൽ 26887 വരെയുള്ള മസ്റ്റർ റോളിൽ തൊഴിലാളികൾക്ക് 251രൂപ വെച്ചാണ് വേതനം നൽകിയിരിക്കുന്നത്.

* IF/336880 പ്രകാരം 10447 എന്ന മാസ്റ്റർ റോൾ പ്രകാരം ഷീബ.S എന്ന തൊഴിലാളി 5/10/2018ൽ അറ്റെൻഡൻസ് രേഖപ്പെടുത്തിയിരിക്കുന്ന കോളത്തിൽ വെട്ടി തിരുത്തൽ കണ്ടെത്തി ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമായിട്ടില്ല.

* വർക്ക് കോഡ് IF/ 379441 പ്രകാരം 26891 നമ്പർ മസ്റ്റർറോൾ ഫില്ല് ചെയ്തിട്ടില്ല. എല്ല മസ്റ്റർറോളിലുമായി 352 പ്രവർത്തി ദിനങ്ങൾ ഉണ്ട്. എന്നാൽ 100 ജോലി തികഞ്ഞ ഷൈമ (KL/110)രോഹിണി( KL/32)ഓമന (KL/44) വസന്തകുമാരി (KL/188)ലിസി (KL/56) തൊഴിലാളികൾ അധികമായി ഓരോ ദിവസം കൂടി ജോലി ചെയ്തു. അതിനാൽ 5 പ്രവർത്തി ദിനങ്ങൾ കുറച്ച് 347 ഇട്ടാണ് എം ബുക്കിൽ വേതനം നൽകിയത്. എന്നാൽ മസ്റ്റർറോളിൽ 352

ഇട്ടാണ് വേതനം കാണിച്ചിരിക്കുന്നത്. 222 പ്രവർത്തി ദിനങ്ങൾക്കാണ് ആയുധ വാടക നൽകിയിരിക്കുന്നത്.

* വർക്ക് കോഡ് IF/211429 പ്രകാരം മസ്റ്റർറോൾ നമ്പർ 12570 എസ് സിന്ധു(KL/005/60) ഇവരുടെ ടോട്ടൽ അറ്റൻഡൻസ് ആറുദിവസം ആണ് എന്നാൽ ആയുധവാടക 10 രൂപ മാത്രമാണ് നൽകിയിരിക്കുന്നതു തൊഴിൽദിനങ്ങൾ വച്ച് 30 രൂപയാണ് ലഭിക്കേണ്ടത്.

* വർക്ക് കോഡ് WH/ 295754 പ്രകാരം മസ്റ്റർറോൾ നമ്പർ 16127 ടോട്ടൽ അറ്റൻഡൻസ് ടോട്ടലിൽ വെട്ടിയിരിക്കുന്നു.മസ്റ്റർ റോൾ നമ്പർ 16131ൽ ഉഷ ടി, ജയശ്രീ എന്നീ തൊഴിലാളികളുടെ അറ്റൻഡൻസ് കോളത്തിൽ വെട്ടി തിരുത്തലുകൾ കണ്ടെത്തി.
* ഫീൽഡ് വിസിറ്റ് സമയത്ത് 14 ജോലി ആണ് കിട്ടിയത് എന്നാണ് തൊഴിലാളികളിൽ നിന്ന് അറിയാൻ കഴിഞ്ഞത്.
* 19 തൊഴിലിടങ്ങൾ ആണ് ഉണ്ടായിരുന്നത്
* എസ്റ്റിമേറ്റ് പ്രകാരമുള്ള മിക്ക വീടുകളിലും മഴക്കുഴി, വേസ്റ്റ് കുഴി ഇവ ഉണ്ടായിരുന്നില്ല. രണ്ടു വീടുകളിലാണ് മഴക്കുഴി, വേസ്റ്റ് കുഴികാണാൻ കഴിഞ്ഞത്.

* വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ ഇവ എല്ലാ വസ്തുക്കളിലും കാണാൻ കഴിഞ്ഞു.

* ശാന്ത എന്ന ഉടമയ്ക്ക് ഒരു തട്ടിൽ മരച്ചീനി മഞ്ഞൾ എന്നിവ നട്ടിട്ടുണ്ട് എന്നാൽ ഒരു തട്ടിൽ പറങ്കിമാവ് ആയതിനാൽ കിളച്ചു കൊടുത്താൽ മതി എന്ന് അറിയിച്ചു. എല്ലാ വീടുകളിലും കൃഷി ചെയ്തിട്ടുണ്ട് അത് പരിപാലിക്കുകയും ചെയ്തിട്ടുണ്ട്. ആദർശ് എന്ന ഉടമയുടെ വീട്ടിൽ മരചീനി നട്ടു വിളവെടുത്തു അതിനുശേഷം വീടിന് അടിസ്ഥാനം കെട്ടി.

* വർക്ക് കോഡ് WH/295754 പ്രകാരം ഒരു തോട് ആയിരുന്നു.എസ്റ്റിമേറ്റ് പ്രകാരം 1200M ആണു നീളം ഇതിൽ 758 m അളക്കാൻ സാധിച്ചുള്ളൂ മൊത്തം കാട് ആയതിനാൽ അളക്കാൻ സാധിച്ചിരുന്നില്ല. തോട് വളരെ ദയനീയ അവസ്ഥയിൽ ആണ് കാണാൻ സാധിച്ചത്. മിക്ക ഭാഗങ്ങളിലും വെള്ളം ഉണ്ടായിരുന്നില്ല. വെള്ളമില്ലാത്ത ഭാഗങ്ങളിൽ ചവറുകൾ നിക്ഷേപിച്ചിരിക്കുന്നു. ഇതേക്കുറിച്ച് ഗ്രാമസഭയിൽ പ്രതിപാദിച്ചപ്പോൾ തൊഴിലാളികൾ പറഞ്ഞത് എത്ര കഷ്ടപ്പെട്ട് ചെയ്താലും ഇങ്ങനെയാണ് ചവറുകൾ നിക്ഷേപിക്കുന്നത്. ഇതേക്കുറിച്ച് ചർച്ച ചെയ്തപ്പോൾ ക്യാമറ ഘടിപ്പിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ് എന്ന് മെമ്പർ അറിയിച്ചു പിന്നെ ചെയ്യാൻ കഴിയുന്നത് അവിടെ ബോർഡ് വെക്കാം എന്നുള്ളതാണ്. ആരെങ്കിലും ചവറുകൾ ഇടുന്നതു കണ്ണിൽപെട്ടാൽ പഞ്ചായത്തിൽ അറിയിക്കുകയും പഞ്ചായത്ത് മുഖാന്തരം നമുക്കു നടപടി സ്വീകരിക്കാമെന്ന് മെമ്പർ ഉറപ്പുനൽകി.

* തൊഴിലാളികളുടെ 10 അവകാശങ്ങളെ കുറിച്ച് പറഞ്ഞപ്പോൾ ആണു എന്താണ് അവകാശങ്ങൾ വഴി കിട്ടുന്നത് എന്നു തൊഴിലാളികൾക്കു ബോധ്യപ്പെട്ടതു.

* തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെടുന്നത് വെള്ളപേപ്പറിൽ എഴുതി ആണു കൊടുക്കുന്നത് ഇത് മേറ്റ് വഴിയാണ് നൽകുന്നത്.
* എല്ലാ തൊഴിലാളികളും ഒരേപോലെ പറഞ്ഞത് വേതനം കൃത്യമായി ലഭിക്കുന്നില്ല എന്നാണ്. ഓണത്തിന് മുമ്പ് ചെയ്ത തൊഴിൽ പൈസ കിട്ടിയിട്ടില്ല എന്ന് തൊഴിലാളികൾ പറഞ്ഞു

* വേതന വർദ്ധനവ് ഉണ്ടാകണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു
* തൊഴിൽ സമയം 9 മണി മുതൽ 4. 30വരെ ആക്കി തരണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു മിക്ക വീടുകളിലും പെൺകുട്ടികൾ ഉള്ളതാണ് അവരുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

* തോട് വൃത്തി ആക്കുമ്പോൾ കയ്യുറ, ബൂട്ട്സ്, ഇവ നൽകണം എന്നു തൊഴിലാളികൾ ആവശ്യപ്പെട്ടു. ഇതു തുടക്ക സമയത്തു ഉണ്ടായിരുന്നു എന്നും നൽകി എന്നു ഓവർസീർ  പറഞ്ഞു. അതു നശിച്ചു എന്നു തൊഴിലാളികൾ പറഞ്ഞു. അപേക്ഷ പഞ്ചായത്തിൽ തന്നാൽ നടപടി സ്വീകരിക്കാം എന്നു എ.ഇ, മെമ്പർ ഉറപ്പു നൽകി.

* തൊഴിലിനു അപേക്ഷ നൽകിയാൽ തൊഴിൽ ഉള്ള വാർഡ്ൽ തൊഴിൽ നൽകുമെന്നു ഓവർസീർ ഉറപ്പു നൽകി.

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ഒറ്റൂർ ഗ്രാമ പഞ്ചായത്ത്**

**വാർഡ്- 6, വെട്ടിമൺകോണം**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/3/2019**

**റിപ്പോർട്ട് തയാറാക്കിയത്**

**തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം**

**ശംഭു ചന്ദ്രൻ, സുമി. ആർ, ശ്രീല. ആർ, സ്വപ്ന എ എസ്, സൗമ്യ ആർ,**

## ഭരണഘടനാ പ്രതിജ്ഞ

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 26ആം തീയതി തൊട്ടികല്ലു അങ്കണവാടിയിൽ കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 വിജ്ഞാപനം ചെയ്തെങ്കിലും 2005ൽ പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2006 ഫെബ്രുവരി രണ്ടിന് രാജ്യത്ത് തുടക്കംകുറിച്ചു. മൂന്ന് ഘട്ടങ്ങളായി 2008ൽ നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യ അധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജന വിഭാഗങ്ങൾക്കായി ഈടുറ്റതും, ഗുണമേന്മയുള്ളതും ഉൽപാദനക്ഷമത ഉള്ള ഉപജീവന ആസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. മഹാത്മാഗാന്ധി എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് അനുപൂരകമായി ജമ്മു-കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതു ആണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ ഉറപ്പു നൽകുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണ മെന്ന് നിയമത്തിലെ 17- വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചിലവഴിക്കുന്നതിനെ പറ്റിയും

പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു

1. തൊഴിൽ കാർഡിന് അപേക്ഷിക്കാൻ ഉം 15 ദിവസത്തിനകം ലഭിക്കുവാനും ഉള്ള അവകാശം

2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം

4. ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം

5. താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനും ഉള്ള അവകാശം

6. കുടിവെള്ളം തണൽ പ്രാഥമിക ശുശ്രൂഷ കിറ്റ് തൊഴിലാളികളോട് ഒപ്പം അഞ്ചു വയസ്സിനു താഴെയുള്ള അഞ്ചു കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ട് എങ്കിൽ അവരെ നോക്കാനായി ആയ, ഇതിനായുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

8. കൂലി ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം കിട്ടുന്നതിനുള്ള അവകാശം

9. പരാതികളിൽ സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

# പൊതുവിവരങ്ങൾ ഒറ്റൂർ ഗ്രാമപഞ്ചായത്ത്

ജില്ല : തിരുവനന്തപുരം

ബ്ലോക്ക് : വർക്കല

പഞ്ചായത്ത് : ഒറ്റൂർ

വിസ്തീർണ്ണം : 9.47ച. കി.മി

വാർഡുകളുടെ എണ്ണം :13

ജനസംഖ്യ : 21612 (2011 ലെ സെൻസസ് പ്രകാരം)

സ്ത്രീകൾ : 10132

പുരുഷന്മാർ : 11480

പട്ടികജാതി : 2796

പ്രസിഡന്റ് : ആർ. സുഭാഷ്

സെക്രട്ടറി : ഡി. അനിൽ കുമാർ

വാർഡ് : വെട്ടിമൺകോണം

വാർഡ്മെമ്പർ: ഡെയ്സി

രജിസ്ട്രേഡ് വർക്കേഴ്സ് : 3273

സജീവ തൊഴിലാളികൾ : 938

100 ജോലി തികഞ്ഞവർ : 334

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

_ _ _ _ _ _ _ _ _ _ _ _

തിരുവനന്തപുരം ജില്ല

വർക്കല ബ്ലോക്ക്

ഒറ്റൂർ ഗ്രാമ പഞ്ചായത്ത്

വാർഡ് : 6 ( വെട്ടിമൺകോണം )

1.പ്രവർത്തിയുടെ കോഡ് :1614010006/ IF/336886

പ്രവർത്തിയുടെ പേര് : പരിഷ്കരിച്ച പട്ടിക ഒന്ന് വകുപ്പ് (2) ലെ ഖണ്ഡിക 5 -ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ.

അടങ്കൽ തുക : 149393

ചിലവായ തുക :142416

പ്രവർത്തി ആരംഭിച്ച തീയതി :26/10/2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 05/11/2018

ആകെ തൊഴിൽദിനങ്ങൾ : 516

മസ്റ്ററോളുകളുടെ എണ്ണം : 14

മേറ്റ് : പുഷ്പകുമാരി

2 പ്രവർത്തിയുടെ നെയിം : പരിഷ്കരിച്ച പട്ടിക ഒന്ന് വകുപ്പ് (2)ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ.

പ്രവർത്തിയുടെ കോഡ് :1614010006/IF/336883

അടങ്കൽ തുക : 180796

ചിലവായ തുക :175812

പ്രവൃത്തി ആരംഭിച്ച തീയതി :01/10/2018

പ്രവർത്തി അവസാനിച്ച തീയതി : 16/10/2018

ആകെ തൊഴിൽദിനങ്ങൾ : 637

മസ്റ്റർ റോളുകളുടെ എണ്ണം : 21

3 പ്രവർത്തിയുടെ പേര് : കുന്നുംപുറം കളിവിളാകം കുളങ്ങര തമ്പുരാൻ നട തോട് പുനരുദ്ധാരണം

പ്രവർത്തിയുടെ കോഡ് :1614010006/WH/297780

അടങ്കൽ തുക : 85229

ചിലവായ തുക :79212

പ്രവൃത്തി ആരംഭിച്ച തീയതി :01/12/2018

പ്രവർത്തി അവസാനിച്ച തീയതി : 07/12/2018

ആകെ തൊഴിൽദിനങ്ങൾ : 287

മസ്റ്റർ റോളുകളുടെ എണ്ണം : 8

മേറ്റ് : തങ്കമണി

4 പ്രവർത്തിയുടെ പേര് :സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ് - ജല സംരക്ഷണ പ്രവർത്തികൾ.

പ്രവർത്തിയുടെ കോഡ് :1614010006/IF/379444

അടങ്കൽ തുക : 145732

ചിലവായ തുക : 133980

പ്രവൃത്തി ആരംഭിച്ച തീയതി :24/12/2018

പ്രവർത്തി അവസാനിച്ച തീയതി : 08/01/2019

ആകെ തൊഴിൽദിനങ്ങൾ : 505

മസ്റ്റർ റോളുകളുടെ എണ്ണം : 24

മേറ്റ് : തങ്കമണി

5 പ്രവർത്തിയുടെ പേര് : സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ് - ജല സംരക്ഷണ പ്രവർത്തികൾ.

പ്രവർത്തിയുടെ കോഡ് :1614010006/IF/379445

അടങ്കൽ തുക : 154704

ചിലവായ തുക : 150696

പ്രവൃത്തി ആരംഭിച്ച തീയതി :31/01/2019

പ്രവർത്തി അവസാനിച്ച തീയതി : 13/02/2019

ആകെ തൊഴിൽദിനങ്ങൾ : 546

മസ്റ്റർ റോളുകളുടെ എണ്ണം : 16

മേറ്റ് : പുഷ്പകുമാരി

## വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ഫയലുകളിലെ പൊതുവായ കണ്ടെത്തലുകൾ

— — — — — — — — — — — — —

1. കവർ പേജ് :പരിശോധിച്ച 5 ഫയലുകളിൽ മുന്ന് എണ്ണത്തിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് കാണാൻ സാധിച്ചു. എന്നാൽ 2 എണ്ണത്തിൽ കവർപേജ് കാണാൻ സാധിച്ചില്ല.

2.ചെക്ക് ലിസ്റ്റ് :വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് 3 ഫയലുകളിൽ

മാത്രമേ കാണാൻ സാധിച്ചുള്ളു.

3.ആക്ഷൻ പ്ലാൻ : പരിശോധിച്ച 5 ഫയലുകളിലും ആക്ഷൻപ്ലാൻ കോപ്പി കാണാൻ സാധിച്ചില്ല.

4.ഭരണാനുമതി :പ്രത്യേകമായി ഭരണാനുമതി ഇല്ലായിരുന്നു. എന്നാൽ ഭരണാനുമതി നമ്പർ സാങ്കേതികാനുമതി ഫോമിൽ ഉൾപ്പെടുത്തിയിരുന്നു.

5.സാങ്കേതിക അനുമതി : പരിശോധിച്ച 5 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രം ഉണ്ട്.

6. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് : പരിശോധിച്ച 5 ഫയലുകളിലും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു . ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും സീലും ഉണ്ടായിരുന്നു.

7. ഡ്രോയിങ് & ഡിസൈനിങ് : പരിശോധനക്ക് വിധേയമാക്കിയ 5ഫയലുകളിലും ഡ്രോയിംഗ് ആൻഡ് ഡിസൈനിങ് ഇല്ലാരുന്നു.

8.ഡിമാൻഡ് ഫോം : പരിശോധിച്ച 3 ഫയലുകളിൽ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു . 2 എണ്ണത്തിൽ ഡിമാൻഡ്ഫോം ഉണ്ടായിരുന്നില്ല.

9. വർക്ക് അലോക്കേഷൻ ഫോം: പരിശോധിച്ച 5ഫയലുകളിൽ 3 എണ്ണത്തിൽ മാത്രമേ വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നുള്ളൂ.

10. ഇ -മസ്റ്ററോൾ : 5 ഫയലുകളിലും മസ്റ്ററോൾ ഉണ്ടായിരുന്നു.മസ്റ്റർറോൾ no. - 12622 ൽ ആകെ വേതനം കണക്കാക്കുന്നതിൽ 5420 രൂപയുടെ വ്യത്യാസം ഉണ്ടായിരുന്നു. 18375 എന്ന മസ്റ്റർ

റോളിൽ ആകെ തുക കണക്കാക്കി എഴുതിയിട്ടില്ല. 21786, 21789 എന്ന മസ്റ്റർ റോളുകളിൽ ആകെ അറ്റെൻഡൻസ് കോളം തിരുത്തിയിരിക്കുന്നു.

11. മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് : മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് പരിശോധിച്ച എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

12.വേജ് ലിസ്റ്റ് : പരിശോധിച്ച 5 ഫയലുകളിലും വേജ് ലിസ്റ്റ് ഉണ്ടായിരുന്നുള്ളു.

13. ഫണ്ട് ട്രാൻസ്ഫർ ഓർഡർ: പരിശോധിച്ച 5 ഫയലുകളിലും എഫ്. ടി. ഒ. ഉണ്ടായിരുന്നു.

14. എം ബുക്ക് : പരിശോധിച്ച 5ഫയലുകളിലും എം ബുക്ക് ഉണ്ട്. ഒരു എംബുക്കിൽ തന്നെ ഒന്നിലധികം ഫയലുകളുടെ വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്നത് ഫയൽ പരിശോധന വൈകുന്നതിനു കാരണമായി.

15. മെറ്റീരിയൽ പ്രൊക്യുർമെൻറ് സ്റ്റേറ്റ്മെൻറ്: പ്രവർത്തികൾ ഒന്നുംതന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല അതുകൊണ്ട് ഇത് ബാധകമല്ല.

16. മെറ്റീരിയൽ ബില്ല് &വൗച്ചർ : 5 ഫയലുകൾക്കും ഇത് ബാധകമല്ല.

17. റോയൽറ്റി പെയ്മെൻറ് റെസിപ്റ്റ് :5 ഫയലുകൾക്കും

റോയൽറ്റി ബാധകമായിരുന്നില്ല.

18.ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്: പരിശോധിച്ച 5 ഫയലുകളിലും ത്രീ സ്റ്റേജ് ഫോട്ടോ ഇല്ലായിരുന്നു

19.വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്: പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല.

20.ജിയോ ടാഗ് ഫോട്ടോഗ്രാഫ് : ഒരു ഫയലിലും കാണാൻ സാധിച്ചില്ല.

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി : പരിശോധിച്ച ഫയലുകളിൽ കാണാൻ സാധിച്ചില്ല.

22.സൈറ്റ് ഡയറി: പരിശോധിച്ച 5 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു. എന്നാൽ അപൂർവ്വമായിരുന്നു.

**– – – – – – – – – – – – –**

## നിരീക്ഷണങ്ങളും കണ്ടെത്തലുകളും

1)തോട് പുനരുദ്ധാരണം, സ്വകാര്യ ഭൂവുടമകളുടെ ഭൂമിയിൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ, ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ എന്നിവയായിരുന്നു 6ആം വാർഡിലെ പ്രധാന പ്രവൃത്തികൾ.

2)സുലോചന, ലിലിഭായ്, സുജാത എന്നിവരുടെ പുരയിടങ്ങൾ മരച്ചീനി, ചേമ്പ്, വാഴ എന്നിവ കൃഷി ചെയ്തിരിക്കുന്നത് കാണാൻ സാധിച്ചു.

3)സുനു എന്ന വ്യക്തിയുടെ പുരയിടത്തിൽ 4 ബണ്ടുകൾ കാണാൻ സാധിച്ചു. കൂടാതെ വാഴക്കൃഷിയും ഉണ്ടായിരുന്നു. 4)ശശികല എന്ന വ്യക്തിയുടെ പുരയിടത്തിൽ കമ്പോസ്റ്റുകുഴി -1, മൺകയ്യാല - 2 എന്നിവ കാണാൻ കഴിഞ്ഞു.

5)അമ്പിളി എന്ന വ്യക്തിയുടെ പുരയിടത്തിൽ മഴകുഴി -1, മൺ കയ്യാല -3 എന്നിവയാണ് നിർമ്മിച്ചു നൽകിയത്.

6)അംബിക എന്ന വ്യക്തിയുടെ പുരയിടത്തിൽ മഴക്കുഴി -1, മൺ കയ്യാല -3 എന്നിവയാണ് എസ്റ്റിമേറ്റ് പ്രകാരം നിർമിച്ചു നൽകിയത്. എന്നാൽ വീട്

നിർമ്മാണത്തിനായി ഭൂമി നികത്തിയാൽ ഇവയൊന്നും കാണാൻ കഴിഞ്ഞില്ല. ചേമ്പ്, മഞ്ഞൾ, മരച്ചീനി, എന്നിവ കൃഷി ചെയ്തിരിക്കുന്നതും കാണാൻ സാധിച്ചു.

7)ഉഷാകുമാരി എന്ന വ്യക്തിയുടെ പുരയിടത്തിൽ മഴക്കുഴി -1, മൺകയ്യാല -5 എന്നിവ കാണാൻ സാധിച്ചു. മഴകുഴി വാഴ നട്ട നിലയിൽ ആയിരുന്നു. പുരയിടത്തിൽ വാഴക്കൃഷി ഉണ്ടായിരുന്നു.

8) ഗംഗാപ്രതാപൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ മരച്ചീനി, വാഴ എന്നിവ കൃഷി ചെയ്തിരുന്നു. വയൽ ആയതിനാൽ മഴക്കുഴി, മാലിന്യകുഴി, മൺകയ്യാല എന്നിവ ഇല്ലായിരുന്നു.

9)ബാലചന്ദ്രൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ മഴക്കുഴി -1, മാലിന്യകുഴി-1, മൺകയ്യാല -3 എന്നിവ കാണാൻ കഴിഞ്ഞു. ഭൂമി വാഴ, മരച്ചീനി എന്നിവ നട്ടു കൃഷിയോഗ്യമാക്കിയിരുന്നു.

10)വിശ്വതിലകൻ, നൈല, രാധാമണി തുടങ്ങിയവരുടെ പുരയിടങ്ങൾ വിളവെടുപ്പ് കഴിഞ്ഞു തരിശായി കിടക്കുന്നതാണ് കാണാൻ കഴിഞ്ഞത്.

11)6ആം വാർഡിൽ 2018 സാമ്പത്തിക വർഷത്തിൽ 3 പേർക്ക് മാത്രമായിരുന്നു 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിരുന്നത്.ഈ സാമ്പത്തിക വർഷത്തിൽ ആകെ 10 തൊഴിൽ ദിനങ്ങൾ ലഭിച്ചു കഴിഞ്ഞിരുന്നു. 75 പേരാണ് സജീവ തൊഴിലാളികളായി ഉണ്ടായിരുന്നത്.

----------------------------------------------

# **ചർച്ച**

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിലെ (വെട്ടിമൺകോണം) സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ഉച്ചക്ക് 12.30 മണിക്ക് തൊട്ടികല്ലു അംഗനവാടിയിൽ ആരംഭിച്ചു. തൊഴിലാളികളിൽ നിന്ന് അംബിക എന്ന വ്യക്തിയെ യോഗത്തിന്റെ അധ്യക്ഷ സ്ഥാനത്തേക്കു തെരെഞ്ഞെടുത്തു. വി ആർ പി സ്വപ്ന ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശേഷം വാർഡ് മെമ്പർ ഡെയ്സി സ്വാഗതപ്രസംഗം നടത്തി. തുടർന്ന് വി ആർ പി സ്വപ്ന തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും ആമുഖപ്രസംഗം നടത്തി. തുടർന്ന് തൊഴിലാളികളുടെ 10 അവകാശങ്ങളെപ്പറ്റി വി ആർ പി സൗമ്യ വിശദമാക്കി. തുടർന്ന് വി ആർ പി ശ്രീല റിപ്പോർട്ട് അവതരിപ്പിച്ചു . അതിനുശേഷം റിപ്പോർട്ട് അവതരണത്തെക്കുറിച്ചും തൊഴിലാളികളുടെ പരാതികളെക്കുറിച്ചും ചർച്ചചെയ്തു.

ഒറ്റൂർ പഞ്ചായത്തിൽ തന്നെ ഏറ്റവും കുറഞ്ഞ തൊഴിൽ ദിനങ്ങൾ ലഭിച്ച വാർഡ്

ആയിരുന്നു 6 -ആം വാർഡ്.

കഴിഞ്ഞ സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച 3 തൊഴിലാളികൾ മാത്രമാണ് ഉണ്ടായിരുന്നത്.

തൊഴിലാളികൾ തമ്മിലുള്ള ആന്തരിക സംഘർഷങ്ങളാണ് പലപ്പോഴും തൊഴിലില്ലായ്മക്കും കാരണം എന്നു ചർച്ചയിൽ നിന്ന് വ്യക്തമായി.

തൊഴിൽ ലഭിക്കാനായി തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെടേണ്ട രീതിയെക്കുറിച്ചു വി ആർ പി വ്യക്തമാക്കി.

വേതനം ലഭിക്കുന്നതിൽ വരുന്ന കാലതാമസം യോഗത്തിൽ ചർച്ചാവിഷയമായി.

പാട്ടക്കൃഷിയിലുടെ തൊഴിലാളിക്കു ലഭിക്കുന്ന നേട്ടങ്ങൾ ഓവർ സിയർ വിശദികരിച്ചു.

വ്യക്തികത ആസ്തി നിർമ്മാണത്തെപറ്റിയും യോഗത്തിൽ ചർച്ചാ വിഷയമായി.

12622 എന്ന മസ്റ്റർ റോളിൽ ആകെ വേതനം കണക്കാക്കുന്നതിൽ 5420 രൂപയുടെ വ്യത്യാസം വന്നത് റിപ്പോർട്ടിൽ അവതരിപ്പിച്ചു. എന്നാൽ ഇതിനെ ആദ്യം ചോദ്യം ചെയ്ത പഞ്ചായത്ത് ഡാറ്റാ എൻട്രി സ്റ്റാഫിന് അവരുടെ കണക്കുകൂട്ടലിൽ വന്ന തെറ്റാണു ഇതു എന്നു പിന്നീട് വ്യക്തമായി.

44 തൊഴിലാളികൾ യോഗത്തിൽ പങ്കെടുത്തു.

ചർച്ചകൾക്കും തീരുമാനങ്ങൾക്കും ഒടുവിൽ തൊഴിലാളികൾ റിപ്പോർട്ട് കൈയ്യടിച്ചു പാസ്സാക്കി. 01.30 ഓടെ വി ആർ പി സുമി നന്ദി പറഞ്ഞുകൊണ്ട് യോഗം അവസാനിപ്പിച്ചു.

# നന്ദി

വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 6 ന്റെ 2018- 19 സാമ്പത്തികവർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ ഫീൽഡ് പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

# മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ഒറ്റൂർ ഗ്രാമപഞ്ചായത്**

**വാർഡ് 7തോപ്പുവിള**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

# റിപ്പോർട്ട് തയാറാക്കിയത്

# തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

**അജിത ട, മഞ്ജു എം എസ്, അഞ്ജന ജെ ആർ, ദിവ്യ മോഹൻ, പ്രതിഭ, വിജില വിജയൻ**

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി

എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽഓഡിറ്റ്.

***<u>ഭരണഘടനാ പ്രതിജ്ഞ</u>***

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ,

ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും

സാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം

എന്നിവ ഉറപ്പവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും

അഖണ്ഡതയും ഉറപ്പുവരുത്തുന്ന

സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 28 ആം തീയതി സാംസ്കാരിക നിലയം ഞായലിൽവെച്ച് കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |

| | | |
|---|---|---|
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 2 28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6 sch 2 ,29,a,b,c,d,e,f.3 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17( 2 |

**അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ**

*തൊഴിൽ കാർഡ് പുതുക്കുന്നതിനു വേണ്ടി തൊഴിലാളികൾക്ക് അവരുടെ കയ്യിൽ നിന്നും കാശ് ചെലവായിട്ടുണ്ടെന്നും, കൂടാതെ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ

സ്വന്തം ചെലവിലാണ് നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു.

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചില്ല . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ട 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്. എന്നാൽ ചെലവ് ആയ തുകക്ക് ഉള്ള ബില്ല് പ്രകാരം തുക തിരിച്ചു നൽകിയിട്ടുണ്ട് എന്ന് മനസിലായി.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.
*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

**പൊതുവിവരങ്ങൾ ഒറ്റൂർ ഗ്രാമപഞ്ചായത്ത്**

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 9.47 ച.കി.മീ. |
| വാർഡുകളുടെ എണ്ണം | **13** |
| ജനസംഖ്യ | **21612(2011 ലെ സെൻസസ് പ്രകാരം )** |
| സ്ത്രീകൾ | 10132 |
| പുരുഷന്മാർ | 11480 |
| പട്ടികജാതി | 2796 |
| പ്രസിഡന്റ് | R.സുഭാഷ് |
| സെക്രട്ടറി | D.അനിൽകുമാർ |
| രജിസ്റ്റേർഡ് വർക്കർ | 3273 |
| സജീവതൊഴിലാളികൾ | 938 |
| 100ജോലി തികഞ്ഞവർ | 334 |
| വാർഡ് | 7, തോപ്പുവിള |
| വാർഡ് മെമ്പർ | G രതീഷ് |

Source : Census data 2011

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് 7ലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- ➔ കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
- ➔ പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ➔ ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- ➔ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- ➔ ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| Sl | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പദ്ധതി ആരംഭം | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 1614010006/IF/340181 | കിണർ നിർമ്മാണം തോപ്പുവിള. | 28-01-2019 | 10- 02-2019 | 25337 | 21788 |
| 2 | 1614010006/IF / 211434 | പരിഷ്കരിച്ച പട്ടിക (1) ലെ വകുപ്പ് (2) ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 26-10-2018 | 5-11-2018 | 95165 | 88320 |
| 3 | 1614010006/IF/379449 | സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടുതിരിക്കൽ മൺ കയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ് -ജലസംരക്ഷണപ്രവൃത്തികൾ | 31-01-2019 | 08-02-2019 | 71606 | 65964 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 1614010006/IF/340179 | കിണർ നിർമ്മാണം തോപ്പുവിള | 28-01-2019 | 11-02-2019 | 32717 | 30979 |
| 5 | 1614010006/IF/379448 | സ്വകാര്യഭൂ ഉടമകളുടെ ഭൂമി തട്ടു തിരിക്കൽ മൺകയ്യാലഎന്നിവ ഉൾപ്പെടെയുള്ള മണ്ണ് -ജലസംരക്ഷണ പ്രവർത്തികൾ | 19-12-2018 | 11-01-2019 | 146746 | 140484 |
| 6 | 1614010006/ IF/ 379447 | സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടുതിരിക്കൽ, മൺ കയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ | 19-12-2018 | 03-01-2019 | 142563 | 93840 |
| 7 | 161401006/IF/ 340182 | കിണർ | 28/01/20 | | 22264 | 21335 |

| | | | | | | |
|---|---|---|---|---|---|---|
| | | നിർമ്മാണം തോപ്പുവിള | 19 | 15/02/2019 | | |
| 8 | 1614010006/IF/ 211424 | പരിഷ്കരിച്ച പട്ടിക (1) ലെ വകുപ്പ് (2) ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 01-10-2018 | 12/10/2018 | 199166 | 194580 |
| 9 | 1614010006/IF/211431 | പരിഷ്കരിച്ച പട്ടിക (1) ലെ വകുപ്പ് (2) ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 26-10-2018 | 09-11-2018 | 96692 | 89544 |
| 10 | 1614010006/IF/379446 | സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടുതിരിക്ക | 01-03-2019 | 11-03-2019 | 73533 | 71208 |

| | | | | | | |
|---|---|---|---|---|---|---|
| | | ൽ, മൺ കയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ | | | | |
| 11 | 1614010006/IF/379440 | സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടുതിരിക്കൽ, മൺ കയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ | 16-03-2019 | 22-03-2019 | 45690 | 40572 |

## 22 ഡോക്യുമെന്റ്സ്

### 1. കവർപേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി,മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്.പരിശോധിച്ച 11ഫയലുകളിൽ 3

ഫയലിൽ മാത്രമാണ് വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നത്.അവ അപൂർണ്ണമായ കവർ പേജുകലാണ് ലഭിച്ചത്.

## 2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 11 ഫയലുകളിലും3എണ്ണത്തിൽ മാത്രമാണ് വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഉണ്ടായിരുന്നത്.

## 3. ആക്ഷൻപ്ലാൻ കോപ്പി

പരിശോധിച്ച 11ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്യൂലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

## 4. എസ്റ്റിമേറ്റ് കോപ്പി

പരിശോധിച്ച 11 ഫയലുകളിലും സെക്യൂരിറ്റിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ ഒരു ഫയലിലും പ്രൊജക്റ്റ് റിപ്പോർട്ട്, സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ്,എന്നിവ കാണാൻ കഴിഞ്ഞില്ല. ബന്ധപ്പെട്ട അധികാരികളുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു.

## 5. സാങ്കേതികാനുമതി

പരിശോധിച്ച 11 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രമാണ് വർക്ക് ഫയലിൽ കാണാൻ കഴിഞ്ഞത്.

## 6. ഭരണാനുമതി

പരിശോധിച്ച 11 ഫയലുകളിലും ഭരണാനുമതി കാണാൻ സാധിച്ചു. പ്രാദേശികമായി തയാറാക്കിയ ഭരണാനുമതിയാണ് വർക്ക് ഫയലിൽ സൂക്ഷിച്ചിരുന്നത്.

## 7.തൊഴിലിനുള്ള അപേക്ഷ

പരിശോധിച്ച 11 ഫയലുകളിൽ 4 ഫയലിലാണ് ഡിമാൻഡ് ഫോം ലഭ്യമായിരുന്നത്. അപേക്ഷയിൽ അപേക്ഷകാരുടെ ഒപ്പ് ഇല്ലായിരുന്നു. .

## 8. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം

പരിശോധിച്ച11ഫയലുകളിലും 3 ഫയലുകളിൽ മാത്രമാണ് പ്രവർത്തി അനുവദിച്ച ഫോം

ഉണ്ടായിരുന്നത്

## 9. ഇ മസ്റ്റർ റോൾ

പരിശോധിച്ച 11 പ്രവർത്തി ഫയലുകളിലും മസ്റ്റർ റോൾ ഉണ്ടായിരുന്നു.എന്നാൽ മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു . മസ്റ്റ്ർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

## 10. മെഷര്മെന്റ് ബുക്ക്

പരിശോധിച്ച 11 ഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു. മെഷര്മെന്റ് ബുക്കിൽ പ്രീ മെഷര്മെന്റ് ,എ .എസ് നമ്പർ,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിട്ടുണ്ടായിരുന്നു. എല്ലാ മെഷർ മെന്റ് ബുക്കിലും ഒന്നോ അതിലധികമോ ഇടങ്ങളിൽ ഒപ്പ് രേഖപെടുത്തുമ്പോൾ തീയതി എഴുതിയിരുന്നില്ല. ഒരു എം ബുക്കിൽ തന്നെ ഒന്നിലധികം വാർഡുകളിൽ നടപ്പിലാക്കിയ പ്രവർത്തികളുടെ വിവരങ്ങൾ രേഖപെടുത്തിയിരിക്കുന്നതായി കണ്ടു.

## 11. മെറ്റീരിയൽ

8 പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല. എന്നാൽ IF / 340182, IF /340179, IF /340181കോഡ് പ്രകാരം കിണർ നിർമ്മാണം മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവർത്തി ആണ് .എന്നാൽ ഈ പ്രവർത്തിയിൽ മെറ്റീരിയൽ ബില്ല്, മെറ്റീരിയൽ സ്റ്റേറ്റ്മെന്റ് ഇവ ലഭ്യമായിരുന്നില്ല.

## 12.വേജ് ലിസ്റ്റ്

പരിശോധിച്ച 11 പ്രവർത്തിഫയലുകളിലും വേജ് ലിസ്റ്റ് ലഭ്യമാണ്. MIS ൽ നിന്നും ഡൗൺലോഡ് ചെയ്ത വെജ്ലിസ്റ്റ് ആണ്. മസ്റ്റോള് പ്രകാരമുള്ള തുക തന്നെയാണ് വേജ് ലിസ്റ്റിലും കാണാൻ കഴിഞ്ഞത്.

## 13.ഫണ്ട് ട്രാൻസ്ഫർ ഓർഡർ

പരിശോധിച്ച 11 ഫയലുകളിലും wege ലിസ്റ്റ് പ്രകാരം ഉള്ള FTO കാണാൻ സാധിച്ചു.

## 14. മെറ്റീരിയൽ ബിൽ ആൻഡ് വൗച്ചർ

പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല. അതുകൊണ്ട് ഇത് ബാധകമല്ല.

### 15. റോയൽറ്റി

പരിശോധിച്ച 11 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

### 16. ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്

പരിശോധിച്ച 11 ഫയലുകളിൽ ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് ലഭ്യമല്ല

### 17.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പരിശോധിച്ച 11ഫയലുകളിൽ3 ഫയലുളിൽ മാത്രമേ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നുള്ളു.

### 18.മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു,

### 19.ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്

ഒരു ഫയലിലും കാണാൻ സാധിച്ചില്ല

### 20.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

### 21.സൈറ്റ് ഡയറി

പരിശോദിച്ച 11 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു. സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , തൊഴിൽ ഉപകരണങ്ങളുടെ വാടക , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു . ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

## 22. ഡ്രോയിങ് ആൻഡ് ഡിസൈനിങ്

പരിശോധനയ്ക്ക് വിധേയമാക്കിയ11ഫയലുകളിലും ഡ്രോയിങ് ആന്റ് ഡിസൈൻ ലഭ്യമായിരുന്നില്ല

## ഫയൽ പരിശോധനയിലെ പൊതുവായ കണ്ടെത്തലുകൾ

IF/340181 കിണർ നിർമ്മാണം അതിൽ തുടർച്ചയായി ഏഴ് ദിവസം പണി ചെയ്തിട്ടുണ്ട്. മസ്റ്ററോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു.

IF/211434 പ്രകാരം 12684 -12688 വരെയുള്ള മസ്റ്ററോളിൽ ഹാജർ രേഖപ്പെടുത്തിയിട്ട് അത് വെട്ടിയിരിക്കുന്നു. അതുകൂടാതെ തൊഴിലാളികളുടെ ആയുധ വാടക കൂട്ടി എഴുതിയിരിക്കുന്നത് പിഴവുകൾ ഉണ്ട്

IF/379448ഫയലിൽ മസ്റ്ററോള് നമ്പർ 18968-18971 വരെയുള്ള മസ്റ്റർ റോൾ ഉപയോഗിച്ചിട്ടില്ല. സൈറ്റ് ഡയറിയിൽ പ്രവർത്തി ദിനങ്ങൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

IF/379446 പ്രകാരം ഉള്ളവർക്ക് ഫയൽ പരിശോധിച്ചപ്പോൾ മസ്റ്ററോളിൽ 24863ആം നമ്പർ മസ്റ്ററോളിൽ ജയകുമാർ. V(007/310), 05/03/2019ൽ ഹാജർ രേഖപ്പെടുത്തിയിട്ട് അബ്സെന്റ് രേഖപ്പെടത്തിരിക്കുന്നു. കാർഡ് ഉടമയുടെ ഒപ്പ് /വിരലടയാളം എന്ന കോളത്തിലും ഹാജർ ഇട്ടിട്ടു അബ്സെന്റ രേഖപ്പെടുത്തിരിക്കുന്നു. എന്തുകൊണ്ട് ഇത് സംഭവിച്ചു എന്ന് സൈറ്റ് ഡയറി യിൽ രേഖപ്പെടുത്തീട്ടില്ല.

IF/379449 വർക്ക് ഫയൽലെ മസ്റ്റർ റോളിൽ 6/2/19ൽ വസന്ത(007/284) ഹാജർ രേഖപ്പെടുത്തുന്ന കോളത്തിൽ അബ്സെന്റ് മാർക്ക് ചെയ്തിട്ട് ഒപ്പ് ചെയ്തിരിക്കുന്നു അതുപോലെ 8 /2/ 2019 ഓമന (007/292) എന്ന തൊഴിലാളി അബ്സെന്റ് മാർക്ക് ചെയ്തിട്ടഹാജർ ചെയ്തിരിക്കുന്നു.

വർക്ക് കോഡ് IF/340182ൽ കിണർ നിർമ്മാണം ആയിരുന്നു. അതിൽ മസ്റ്റർ റോൾ നമ്പർ 21583, 21584, 21589 എന്നി മസ്റ്റർ റോളിൽ തൊഴിലാളിക്ക് 268 രൂപ വെച്ചാണ് വേതനം നൽകിയിരിക്കുന്നത്. സെമി സ്കിൽഡ് മസ്റ്റർ റോളിലുംവെട്ടിത്തിരുത്തലുകൾ ഉണ്ട്.

IF/340181ലും മസ്റ്റർ റോൾൽ വെട്ടി തിരുത്തലുകൾ ഉണ്ട്.

IF/211420ൽ മസ്റ്റർ റോൾൽ 10351ൽ G.ലിസി (005/103) 2/10/18 ൽ ഹോളിഡേ രേഖപ്പെടുത്തിയിരിക്കുന്നതിൽ ഒപ്പിട്ടിരിക്കുന്നു.

10351 നമ്പർ മസ്റ്റർറോളിൽ അനിത(006/2) എന്ന തൊഴിലാളിയും ഹോളിഡേ

രേഖപ്പെടുത്തിയിരിക്കുന്നതിൽ ഒപ്പ് ചെയ്തിരിക്കുന്നു.

10358ൽ S.ഭാസ്കരൻ (007/44) 4/10/18ൽ അബ്സെന്റ് രേഖപെടുത്തിയിട്ട ഒപ്പ് ഇട്ടിരിക്കുന്നു.

10360നമ്പർ മസ്റ്റർ റോൾൽ അമ്മിണി. S (007/84)എന്ന തൊഴിലാളി 5/10/2018ൽ അബ്സെന്റ് രേഖപെടുത്തിയിട്ട ഒപ്പ് ചെയ്തിരിക്കുന്നു.

IF/21143 വർക് ഫയൽൽ തൊഴിലാളികൾക്കു മാസ്റ്റർ റോൾ നമ്പർ 12673, 12674, 12676, 12677 എന്നിവയിൽ 268 രൂപ വച്ചു വേതനം നൽകിയിരിക്കുന്നു.

12675 നമ്പർ മസ്റ്റർ റോളിൽ 248 രൂപ വച്ചാണ് തൊഴിലാളികൾക്കു വേതനം നല്കിയിരിക്കുന്നതു.

**രജിസ്റ്ററുകളുടെ പരിശോധന**

നിയമപ്രകാരം7രജിസ്റ്ററുകൾഗ്രാമപഞ്ചായത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ് അവ ചുവടെ ചേർക്കുന്നു.

## 1. തൊഴിൽ card രജിസ്റ്റർ

## 2.ഗ്രാമസഭാ രജിസ്റ്റർ

## 3.ഡിമാൻഡ് രജിസ്റ്റർ

## 4.വർക്ക് രജിസ്റ്റർ

## 5.ആസ്തി രജിസ്റ്റർ

## 6.പരാതി രജിസ്റ്റർ

## 7. മെറ്റീരിയൽ രജിസ്റ്റർ

## എല്ലാ രജിസ്റ്ററുകളും പഞ്ചായത്ത് സൂക്ഷിക്കുന്നുണ്ട്

## പ്രവർത്തിയിടങ്ങൾ പരിശോധിച്ചതിലെ പൊതുവായ

## കണ്ടെത്തലുകൾ

* എസ്റ്റിമേറ്റ് പ്രകാരം ഭൂമിയിൽ കാടുവെട്ടിത്തെളിച്ച് മഴക്കുഴി വേസ്റ്റ് കുഴി അതിർ എന്നീ പ്രവർത്തനങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ ആരുടെയൊക്കെ പുരയിടത്തിൽ എന്ത് ജോലി ചെയ്തു എന്ന് വ്യക്തമല്ല.

* എസ്റ്റിമേറ്റ് പ്രകാരം മഴക്കുഴി,വേസ്റ്റ് കുഴിയുമായി 55,എണ്ണവും 89 അതിരുമാണ് ഉണ്ടായിരുന്നത്. 56 സൈറ്റുകളാണ് സന്ദർശിച്ചതു.8മഴക്കുഴി, 53 അതിരുകൾ കാണാൻ കഴിഞ്ഞു.എസ്റ്റിമേറ്റൽ പറയാത്ത പണികളും കാണാൻ കഴിഞ്ഞു. പല പുരയിടത്തിൽ ആയി 73 തെങ്ങിൻ തടങ്ങൾ എടുത്തിട്ടുണ്ടായിരുന്നു.

* എല്ലാ പുരയിടങ്ങളിലും ചേന, ചേമ്പ്, മഞ്ഞൾ, ഇഞ്ചി, മരച്ചീനി എന്നിവ കൃഷി ചെയ്തത് കാണാൻ കഴിഞ്ഞു.

* ശാരദയുടെ പുരയിടത്തിൽ നിർമ്മിച്ച കിണർ കണ്ടു. എല്ലാ തുകയും കിട്ടി എന്ന് പറഞ്ഞു. സിഐ ബി ഉണ്ട്.

* നിർമ്മലയുടെ പുരയിടത്തിലെ കിണർ നിർമാണവും കണ്ടു. സിഐ ബി വ്യക്തമല്ല. ആളില്ലാത്തതിനാൽ കിണർ പണിയുടെ തുക കിട്ടിയോ ഇല്ലയോ എന്ന് അറിയാൻ കഴിഞ്ഞില്ല.

* നളിനിയുടെ പുരയിടത്തിൽ വാഴ കുഴി വേണ്ട പകരം അതിർ എടുത്തിട്ടുണ്ട്.

* രണ്ട് അതിരുകൾ ഇപ്പോൾ വഴിയായി ഉപയോഗിക്കുന്നു.

* ആസ്തി നിർമ്മിത പ്രവർത്തനങ്ങൾ കാണാൻ കഴിഞ്ഞു.

* തെങ്ങിൻ കുഴികളിൽ തേങ്ങു നട്ടിട്ടുണ്ട്.

ഗ്രാമസഭ - ചർച്ച, മറുപടി, തീരുമാന

- ഫസ്റ്റ് എയ്ഡ് ബോക്സ്, തണൽ സൗകര്യം, വെള്ളം ഇവ സൈറ്റിൽ കിട്ടുന്നു

- തൊഴിൽ സമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആകണമെന്നാണ് തൊഴിലാളികളുടെ പൊതുവായ അഭിപ്രായം.( പെൺകുട്ടികൾ ഉള്ള വീടുകളിൽ അവരുടെ സുരക്ഷക്ക് കൂടുതൽ ഊന്നൽ നൽകണം )
- ആവശ്യത്തിന് തൊഴിൽ ലഭ്യമല്ല. നിലവിലുള്ള വർഷത്തിൽ തൊഴിൽ എണ്ണം കുറവാണ്.
  മറുപടി - തൊഴിലിനായുള്ള അപേക്ഷ പഞ്ചായത്തിൽ ഹാജരാക്കുന്നതിനനുസരിച് സ്വന്തം വാർഡിലോ അല്ലെങ്കിൽ ജോലി ആരംഭിക്കുന്ന മറ്റേതെങ്കിലും വാർഡിൽ ജോലി നൽകുന്നതായിരിക്കും.
  തീരുമാനം - ഏറ്റെടുത്ത ജോലി പൂർത്തീകരിച്ചതിനുശേഷം തൊഴിലിനായുള്ള അപേക്ഷ നൽകുമെന്നും ഏതു വാർഡിൽ ജോലി ചെയ്യാനും തൊഴിലാളികൾ തീരുമാനിച്ചു.
- പുതിയ തൊഴിൽ കാർഡ് ലഭിക്കുന്നതിനും നിലവിലെ തൊഴിൽ കാർഡ് പുതുക്കുന്നതിനും തൊഴിലാളികളുടെ കയ്യിൽ നിന്നും പണം ചിലവാകാറുണ്ട്.

- ★ അർത്ഥ വിദഗ്ധ, വിദഗ്ധ തൊഴിലിനെക്കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണയില്ല. ആയതിനാൽ അത്തരം തൊഴിലുകളെ കുറിച് വ്യക്തമാക്കുകയും ചെയ്തു. ആസ്തി നിർമ്മിത പ്രവർത്തികൾക്കാണ് വരും വർഷങ്ങളിൽ ഊന്നൽ നൽകുന്നത്.
- ★ തൊഴിലിനുള്ള അപേക്ഷ മേറ്റ് വഴി ഗ്രൂപ്പ് ആയിട്ട് വെള്ളപേപ്പറിൽ എഴുതി ആണ് പഞ്ചായത്തിൽ നൽകുന്നത് എന്നും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.
- ★ തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.
- ★ ജോലി പൂർത്തിയായിട്ടും കൃത്യമായി വേതനം ലഭിക്കുന്നില്ല എന്ന അഭിപ്രായം തൊഴിലാളികൾ പറഞ്ഞു ജോലി ചെയ്തിട്ടും ഭൂഉടമകളുടെ അനാസ്ഥമൂലം അവ ഉപയോഗശൂന്യമായി കിടക്കുന്നത് കാണാൻ കഴിഞ്ഞു. അതായത് വാഴ നടനായി കുഴിക്കുന്ന കുഴികളിൽ വാഴ നടതരിക്കുന്നു.
- ★ തൊഴിലാളികളുടെ അവകാശങ്ങൾ പലപ്പോഴും ഹനിക്കപ്പെടുന്നുണ്ട്.

* മസ്റ്റർ റോളിലെ വെട്ടിതിരുത്തലുകൾ ഒഴിവാക്കാൻ മേറ്റ് പ്രത്യേകം ശ്രദ്ധിക്കണം.

മസ്റ്റർ റോളിൽ ഒപ്പിടാനുള്ള കോളത്തിന്റെ വലിപ്പം കൂട്ടണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.

* 2019 ആഗസ്റ് മാസത്തിനു മുൻപ് ചെയ്ത ജോലിയുടെ വേതനം ഇതുവരെയും കിട്ടിയിട്ടില്ല.

*   കൂലി   വർധിപ്പിക്കണം   എന്നും   തൊഴിലാളികൾ ആവശ്യപ്പെട്ടു.

## നന്ദി

വർക്കല ബ്ലോക്കിലെ ഒറ്റൂർ പഞ്ചായത്ത് 7ആം വാർഡതോപ്പുവിള 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച

ബഹുമാനപ്പെട്ട ഒറ്റൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുളള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

.

# മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ഒറ്റൂർ ഗ്രാമപഞ്ചായത്**

**വാർഡ് 8 നെല്ലിക്കോട്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട്ട് തയാറാക്കിയത്

## തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

**അജിത ട, മഞ്ജു എം എസ്, അഞ്ജന ജെ ആർ, ദിവ്യ മോഹൻ, പ്രതിഭ, വിജില വിജയൻ**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് അനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽഓഡിറ്റ്.

***ഭരണഘടനാ പ്രതിജ്ഞ***

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,

മതനിരപേക്ഷ,

ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും

ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും

സാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം

എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന

സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 26 ആം തീയതി പി.എച്ച. സി സബ്സെന്റർ നെല്ലിക്കോട് വെച്ച് കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23 28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6 sch 2 |

| | | |
|---|---|---|
| | | ,29,a,b,c,d,e,f.3 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, &<br>**സെഷൻ** 17( 2 |

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

*****തൊഴിൽ കാർഡ് പുതുക്കുന്നതിനു വേണ്ടി തൊഴിലാളികൾക്ക് അവരുടെ കയ്യിൽ നിന്നും കാശ് ചെലവായിട്ടുണ്ടെന്നും, കൂടാതെ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം ചെലവിലാണ് നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു.

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചിലല് . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്. എന്നാൽ ചെലവ് ആയ തുകക്ക് ഉള്ള ബില്ല് പ്രകാരം തുക തിരിച്ചു നൽകിയിട്ടുണ്ട് എന്ന് മനസിലായി.

* ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.
*തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

**പൊതുവിവരങ്ങൾ ഒറ്റൂർ ഗ്രാമപഞ്ചായത്ത്**

| | |
|---|---|
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് | വർക്കല |
| വിസ്തീർണ്ണം | 9.47 ച.കി.മീ. |
| വാർഡുകളുടെ എണ്ണം | 13 |
| ജനസംഖ്യ | **21612(2011** ലെ |

| | സെൻസസ് പ്രകാരം ) |
|---|---|
| സ്ത്രീകൾ | 10132 |
| പുരുഷന്മാർ | 11480 |
| പട്ടികജാതി | 2796 |
| പ്രസിഡന്റ് | R.സുഭാഷ് |
| സെക്രട്ടറി | D.അനിൽകുമാർ |
| രജിസ്റ്റേർഡ് വർക്കർ | 3273 |
| സജീവത്തൊഴിലാളികൾ | 938 |
| 100ജോലി തികഞ്ഞവർ | 334 |
| വാർഡ് | 8, നെല്ലിക്കോട് |
| വാർഡ് മെമ്പർ | എസ്. എസ്. ശ്യംകുമാർ |

Source : Census data 2011

**സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം**

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പപദ്ധതി തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് ആറിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- ജില്ലയിലെ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ വിശദമായ യോഗം ചേരുകയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു .ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെംമ്പർ, മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി ജീവനക്കാർ സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ എന്നിവർ ചേർന്ന

യോഗത്തിൽ സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും, വാർഡ് 6ൽ ചെയ്യുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തങ്ങളെകുറിച്ച് ചർച്ച ചെയ്യൽ .

- കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

**സോഷ്യൽ ഓഡിറ്റിംഗ് ന്റെ ഭാഗമായി 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ 8 - ആം വാർഡിൽ നടപ്പിലാക്കിയ പ്രവർത്തികൾ ആണ് ഓഡിറ്റിംഗ് ന് വിധേയമാക്കിയത്. അവ താഴെ പറയുന്നു.**

| Sl | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പദ്ധതി ആരംഭം | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 1614010006/IF/336951 | പരിഷ്കരിച്ച പട്ടിക 1, വകുപ്പ് (2) ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 01-10-2018 | 05 - 11 - 2018 | 190969 | 141714 |
| 2 | 1614010006/IF / 211430 | പരിഷ്കരിച്ച പട്ടിക (1) ലെ വകുപ്പ് (2) ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 01-11-2018 | 5-12-2018 | 180830 | 69544 |
| 3 | 1614010006/IF/336954 | പരിഷ്കരിച്ച പട്ടിക (1) ലെ വകുപ്പ് (2) ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 13-11-2018 | 13-12-2019 | 152942 | 145099 |
| 4 | 1614010006/IF/337416 | പരിഷ്കരിച്ച | 28 -01- | 23-03-2019 | 197697 | 188283 |

| | | | | | | |
|---|---|---|---|---|---|---|
| | | പട്ടിക (1) ലെ വകുപ്പ് (2) ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 2019 | | | |
| 5 | 1614010006/WH/302785 | ഒറ്റൂർ മുള്ളറാംകോട് തോട് ആഴം കൂട്ടി പുനരുദ്ധാരണം. | 05-12-2018 | 21-01-2019 | 115319 | 108404 |
| 6 | 1614010006/ R S/ 330669 | വ്യക്തിഗത കക്കൂസ് നിർമ്മാണം | 04 /12 /2018 | 09 /12 /2018 | 12000 | 11158 |
| 7 | 161401006/WH / 302784 | ഒറ്റൂർ കല്ലായി തോട് പുനരുദ്ധാരണം. | 10 /12 /2018 | 01 /01/2019 | 119648 | 112194 |

***22 ഡോക്യൂമെന്റ്സ്***

## 1. കവർപേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 7 ഫയലുകളിൽ 3 എണ്ണത്തിൽ മാത്രമാണ് വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നത്.ബാക്കിയുള്ള 4 എണ്ണത്തിൽ കവർപേജ് ലഭ്യമല്ല. കവർ പേജ് ഉണ്ടായിരുന്ന ഫയലുകളിലും NREGA ലോഗോ വ്യക്തമായിരുന്നില്ല. കൂടാതെ അസറ്റ് ഐഡി, ജി. പി. എസ്. ലൊക്കേഷൻ ഇവ രേഖപ്പെടുത്തിയിട്ടില്ല.

## 2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 7 ഫയലുകളിലും 3 എണ്ണത്തിൽ മാത്രമാണ് വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഉണ്ടായിരുന്നത്.

## 3. ആക്ഷൻപ്ലാൻ കോപ്പി

പരിശോധിച്ച 7 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്യൂലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

## 4. എസ്റ്റിമേറ്റ് കോപ്പി

പരിശോധിച്ച 7 ഫയലുകളിലും 6 ഫയലുകളിൽ മാത്രമാണ് സെക്യൂറിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചത് . 1614010006/ IF / 336951 വർക്ക് കോഡുള്ള ഫയലിൽ ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നില്ല. എന്നാൽ ഒരു ഫയലിലും പ്രൊജക്റ്റ് റിപ്പോർട്ട്, സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ്, ബന്ധപ്പെട്ട അധികാരികളുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നില്ല.

## 5. സാങ്കേതികാനുമതി

പരിശോധിച്ച 7 ഫയലുകളിലും 2 ഫയലിൽ സാങ്കേതിക അനുമതി പത്രം ഉണ്ടായിരുന്നില്ല. ശേഷിക്കുന്ന 5 ഫയലുകളിൽ പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രം ഉണ്ടായിരുന്നു.

## 6. ഭരണാനുമതി

പരിശോധിച്ച 7 ഫയലുകളിലും 2 ഫയലിൽ ഭരണാനുമതി ഉണ്ടായിരുന്നില്ല. എന്നാൽ ശേഷിക്കുന്ന 5 ഫയലിൽ പ്രാദേശികമായി തയ്യാറാക്കിയ ഭരണാനുമതിയാണ് ഉണ്ടായിരുന്നത്.

**7.തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 7 ഫയലുകളിൽ 5 ഫയലിലും ഡിമാൻഡ് ഫോം ലഭ്യമായിരുന്നില്ല . എന്നാൽ IF/ 336951, IF/ 211430 എന്നീ കോഡുള്ള ഫയലുകളിൽ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.

**8. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 7 ഫയലുകളിലും IF/211430, IF/336951 എന്നീ കോഡുള്ള വർക്ക് ഫയലുകളിൽ മാത്രമാണ് പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നത്.

**9. ഇ മസ്റ്റർ റോൾ**

പരിശോധിച്ച 8 പ്രവർത്തി ഫയലുകളിലും മസ്റ്റർ റോൾ ഉണ്ടായിരുന്നു.എന്നാൽ മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു . മസ്റ്റ്ർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

**10. മെഷര്മെന്റ് ബുക്ക്**

പരിശോധിച്ച 7 ഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു. മെഷര്മെന്റ് ബുക്കിൽ പ്രീ മെഷര്മെന്റ് ,എ .എസ് നമ്പർ,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിട്ടുണ്ടായിരുന്നു. എല്ലാ മെഷർ മെന്റ് ബുക്കിലും ഒന്നോ അതിലധികമോ ഇടങ്ങളിൽ ഒപ്പ് രേഖപെടുത്തുമ്പോൾ തീയതി എഴുതിയിരുന്നില്ല. M ബുക്കിൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. കൂടാതെ ഒരു M ബുക്കിൽ തന്നെ ഒന്നിലധികം വാർഡുകളിൽ നടപ്പിലാക്കിയ പ്രവർത്തികളുടെ വിവരങ്ങൾ രേഖപെടുത്തിയിരിക്കുന്നതായി കണ്ടു.

**11. മെറ്റീരിയൽ**

പ്രവർത്തികൾ ഒന്നും തന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയുന്നതല്ല. എന്നാൽ IF / 330669 കോഡ് പ്രകാരം കക്കൂസ് നിർമ്മാണം ആയിരുന്നു, ഈ ഫയലിൽ മെറ്റീരിയൽ വാങ്ങിയതിന്റെ ബില്ല്, മെറ്റീരിയൽ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമായിരുന്നു. .

**12.വേജ് ലിസ്റ്റ്**

പരിശോധിച്ച 7 പ്രവർത്തി ഫയലുകളിലും വേജ് ലിസ്റ്റ് ലഭ്യമാണ്. MIS ൽ നിന്നും ഡൗൺലോഡ് ചെയ്ത വെജ്ലിസ്റ്റ് ആണ്.

**13.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

പരിശോധിച്ച 7 ഫയലുകളിലും wege ലിസ്റ്റ് പ്രകാരം ഉള്ള FTO കാണാൻ സാധിച്ചു. RS/ 330669 വർക്ക് കോഡുള്ള ഫയലിൽ മെറ്റീരിയലിന് വേണ്ടി അഡിഷണൽ ഫണ്ട് ട്രാൻസ്ഫർ ഓർഡർ സൂക്ഷിച്ചിട്ടുണ്ട്.

## 14. മെറ്റീരിയൽ ബിൽ ആൻഡ് വൗച്ചർ

പ്രവർത്തികളിൽ ഒന്ന് ( RS / 330669) മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതായിരുന്നു . ഈ പ്രവർത്തിയിൽ മെറ്റീരിയൽ ബില്ല് ലഭ്യമായിരുന്നു. ബാക്കിയുള്ള പ്രവർത്തികൾക്ക് ഇത് ബാധകമായിരുന്നില്ല.

**15. റോയൽറ്റി**

പരിശോധിച്ച 7 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**16. ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച 7 ഫയലുകളിൽ ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് ലഭ്യമല്ല

**17.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച 7 ഫയലുകളിലും 3 ഫയലുകളിൽ മാത്രമേ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നുള്ളൂ.

**18.മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്**

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു,

## 19.ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്

ഒരു ഫയലിലും കാണാൻ സാധിച്ചില്ല

## 20.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

## 21.സൈറ്റ് ഡയറി

പരിശോദിച്ച 7 ഫയലിൽ 5 ഫയലിൽ മാത്രമേ സൈറ്റ് ഡയറി ഉണ്ടായിരുന്നുള്ളൂ. സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , തൊഴിൽ ഉപകരണങ്ങളുടെ വാടക , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു . ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

## 22. ഡ്രോയിങ് ആൻഡ് ഡിസൈനിങ്

പരിശോധനയ്ക്ക് വിധേയമാക്കിയ 7 ഫയലുകളിലും ഡ്രോയിങ് ആന്റ് ഡിസൈൻ ലഭ്യമായിരുന്നില്ല

ഫയൽ പരിശോധനയിലെ പൊതുവായ കണ്ടെത്തലുകൾ

1. WH / 302785 കോഡ് ഉള്ള വർക്ക് ഫയലിലെ 5 മസ്റ്റർ റോളിൽ വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നു. ഇതേ ഫയലിന്റെ എസ്റ്റിമേറ്റിൽ ഡിസ്പ്ലേ ബോർഡിന് 3500 രൂപ അനുവദിച്ചു, എന്നാൽ മെഷർമെൻറ് ബുക്കിൽ ഡിസ്പ്ലേ ബോർഡിനെ സംബന്ധിച്ച് ഒരു വിവരങ്ങളും ലഭ്യമായിരുന്നില്ല.

2. WH / 302784 കോഡുള്ള പ്രവർത്തിയുടെ മസ്റ്റർ റോളിൽ വെട്ടിതിരുത്തലുകൾ കാണാൻ കഴിഞ്ഞു. മസ്റ്റർ റോൾ നമ്പർ 16846 മുതൽ 16849 വരെ ആയുധ വാടക യഥാക്രമം 130, 165, 115, 30 ആണ്, ആകെ 440. എന്നാൽ ടോട്ടൽ കോളത്തിൽ 750 ആയി കാണിച്ചിരിക്കുന്നു. മെഷർമെൻറ് ബുക്ക് പ്രകാരം ആയുധ വാടക 1540 രൂപയാണ്, എന്നാൽ മസ്റ്റർ റോളിൽ 1230 രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഇതേ വർക്ക് ഫയലിൽ തന്നെ 16848 നമ്പർ ഉള്ള മസ്റ്റർ റോളിൽ സുമാങ്കി എന്ന തൊഴിലാളി ഹാജർ രേഖപ്പെടുത്തിയിട്ട് അബ്സെന്റ രേഖപ്പെട്ടിത്തിയിരിക്കുന്നു. 18408 നമ്പർ മസ്റ്റർ റോൾ മുതൽ 18411 വരെയുള്ള മസ്റ്റർ റോളിൽ ഹാജർ അനുസരിച്ചുള്ള ആകെ വേതനം

രേഖപ്പെടുത്തിയിട്ടില്ല.

3. IF/ 336951 കോഡുള്ള വർക്ക് ഫയലിൽ മസ്റ്റർ റോൾ പ്രകാരമുള്ള ആകെ ആയുധവാടക 460 ആണ് എന്നാൽ 475 ആയി കാണിച്ചിരിക്കുന്നു. കൂടാതെ 12762 മുതൽ 12764 വരെ നമ്പർ ഉള്ള മസ്റ്റർ റോളുകൾ ഉപയോഗിച്ചിട്ടില്ല.

4. IF / 337416 കോഡുള്ള ഫയലിൽ ആകെ പ്രവർത്തി ദിനങ്ങൾ 229 ആണ്. എന്നാൽ ഇതിൽ നിന്നും 3 തൊഴിലാളികളിൽ നിന്നും 4 തൊഴിൽ ദിനങ്ങൾ കുറച്ചതായി കണ്ടു. തങ്കമണി (008/17) 2 ജോലി, ഓമന ( 008/243) 1 ജോലി, അംബുജാക്ഷി ( 008/83)1 ജോലി എന്നിങ്ങനെയാണ് കുറിച്ചിരിക്കുന്നത്. ( ഈ പറഞ്ഞ തൊഴിലാളികൾക്ക് ആ വർഷം 100 ജോലി തികയുകയും അധികമായി ജോലി ചെയുകയും ചെയ്തു. ആയതിനാൽ അധികമായി ചെയ്ത ജോലി കുറച്ചു. )

**രജിസ്റ്ററുകളുടെ പരിശോധന**

നിയമപ്രകാരം7രജിസ്റ്ററുകൾഗ്രാമപഞ്ചായത്ത്നിർബന്ധമായും സൂക്ഷിക്കേണ്ടതാണ് അവ ചുവടെ ചേർക്കുന്നു.

## 1. തൊഴിൽ card രജിസ്റ്റർ

## 2.ഗ്രാമസഭാ രജിസ്റ്റർ

## 3.ഡിമാൻഡ് രജിസ്റ്റർ

## 4.വർക്ക് രജിസ്റ്റർ

## 5.ആസ്തി രജിസ്റ്റർ

## 6.പരാതി രജിസ്റ്റർ

## 7. മെറ്റീരിയൽ രജിസ്റ്റർ

## എല്ലാ രജിസ്റ്ററുകളും പഞ്ചായത്ത് സൂക്ഷിക്കുന്നുണ്ട്

**<u>പ്രവർത്തിയിടങ്ങൾ പരിശോധിച്ചതിലെ പൊതുവായ കണ്ടെത്തലുകൾ</u>**

പരിശോധനയ്ക്ക് വിധേയമാക്കിയ 7 ഫയലുകളിലും ആയി ആകെ 26 ഗുണഭോക്താക്കൾ ഉണ്ട്. കൂടാതെ WH / 302785 - ഒറ്റൂർ മുള്ളറംകോട് തോട് ആഴം കൂട്ടി പുനരുദ്ധാരണം, WH/ 302784 - ഒറ്റൂർ കല്ലായി തോട് പുനരുദ്ധാരണം, RS/ 330669 - വ്യക്തിഗത കക്കൂസ് നിർമ്മാണം എന്നീ പ്രവർത്തിയിടങ്ങൾ ആണ് ഞങ്ങളുടെ ഗ്രൂപ്പ് സന്ദർശിച്ചത്. എം ബുക്ക് പ്രകാരം ഉള്ള ജോലികൾ ഏറെക്കുറെ പ്രവർത്തിയിടത്തും കാണാൻ സാധിച്ചു.

## ഭൂവികസന പ്രവർത്തികൾ പ്രകാരമുള്ള ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ

* തങ്കമ്മ ലക്ഷം വീട് കല്ലംപൊറ്റ, ഒറ്റൂർ -
* സതി കുമാരി ഡി. എസ്. എസ്. ഭവൻ ഒറ്റൂർ
* രാഗിണി എസ്. വാവ നിവാസ് ഒറ്റൂർ
* സജനി എസ്. ലക്ഷം വീട് ഒറ്റൂർ
* അംബിക ബി. ട്വിങ്കിൾ നിവാസ് ഒറ്റൂർ
* സുമതി
* മാലതി ചന്ദ്രവിഹാർ മുള്ളറംകോട്
* സുജാത എസ്. കോട്ടേജ് മുള്ളറംകോട്
* ബേബി പുതിയിടത്തുവിള മുള്ളറംകോട്
* രാധാമണി ആലുവിള വീട് നെല്ലിക്കോട്

* ലിസികുമാരി കിഴക്കുംകര വീട് നെല്ലിക്കോട്

* ആനന്ദകുമാരി പുളികാലതെക്കേമുറി വീട് വെന്നിക്കോട്

* സതീരത്നം, സോണി നിവാസ് ഒറ്റൂർ

* സാവിത്രി തോട്ടത്തിൽ വീട് ചിത്തിര ഒറ്റൂർ

* രാധാമണി കല്ലംപൊറ്റ ലക്ഷംവീട് ഒറ്റൂർ.

* പ്രസന്ന കുമാരി കൃഷ്ണ വിലാസം തോപ്പുവിള

* വസന്ത കണ്ണമംഗലത്തുവീട് ഒറ്റൂർ

* അംബിക പണ്ടാരവിളാകാം ഒറ്റൂർ.

* സുമാംങ്കി കല്ലംപൊറ്റ ലക്ഷം വീട് ഒറ്റൂർ

* ഷീല ആർ. എസ്. നിവാസ് ഒറ്റൂർ

* അനിത വിജയൻ മംഗലത്തുവീട് ഒറ്റൂർ

* രമ റ്റി. കുന്നിൽവീട് ഒറ്റൂർ

* സധാമിനി വി., ആർ. എസ്. ലാൻഡ് ഒറ്റൂർ

* രമണി പൊയ്കവിള വീട് ഒറ്റൂർ

* സത്യ കടയ്ക്കമംഗലത്തുവീട് ഒറ്റൂർ

എസ്റ്റിമേറ്റ് പ്രകാരമുള്ള ആകെ കബോസ്റ്റ് കുഴി , മഴ കുഴികളുടെ എണ്ണം 26 ആണ് (നീളം 1മീറ്റർ, വീതി 1മീറ്റർ, ആഴം 1 മീറ്റർ ). അതുപോലെ തന്നെ 32 അതിരുകൾ ആണ് എസ്റ്റിമേറ്റ് പറയുന്നത്. എന്നാൽ ഭൂവികസന പ്രവർത്തികൾ നടത്തിയ ഗുണഭാക്തക്കളുടെ വസ്തുക്കൾ സന്ദർശിച്ചതിൽ നിന്നും കബോസ്റ്റ് കുഴി, മഴക്കുഴി എന്നിവ 18 എണ്ണം ആണ് കാണാൻ സാധിച്ചത്. അതുപോലെ 32 എണ്ണം അതിരുകളും കണ്ടു.

1614010006/WH / 302784 - ഒറ്റൂർ കല്ലായി തോട് പുനരധാരണം

പ്രവർത്തിയിൽ ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചില്ല. എസ്റ്റിമേറ്റ് പ്രകാരം തോടിന്റെ നീളം 1626 മീറ്റർ ആണ്. തോടിന്റെ കുറച്ചു ഭാഗം ഇരുവശവും കാടുപിടിച്ച നിലയിൽ ആയിരുന്നു. എന്നിരുന്നാലും എസ്റ്റിമേറ്റ് പ്രകാരമുള്ള നീളം കൃത്യമായി അളന്നു. തോട് ന്റെ കുറച്ചു ഭാഗം ഒഴിച്ചാൽ ബാക്കിയുള്ള ഭാഗം നല്ല വൃത്തിയായി കിടന്നിരുന്നു.

1614010006/WH/ 302785 - ഒറ്റൂർ മുള്ളറംകോട് തോട് ആഴം കൂട്ടി പുനരുധാരണം - ഈ പ്രവർത്തിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള നീളം - 1600 മീറ്റർ ആണ്, വീതി 2.800 മീറ്റർ ആണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള നീളവും വീതിയും അളക്കാൻ സാധിച്ചു. ഈ പ്രവർത്തിയിൽ ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചില്ല.

ഈ രണ്ടു തോട് പുനരുധാരണ പ്രവർത്തിയിലും തൊഴിലാളികൾക്ക് ആവശ്യമായ കൈയുറ, കാലുറ എന്നിവ ലഭ്യമായിരുന്നില്ല. തൊഴിലാളികൾ എല്ലാവരും തന്നെ പ്രതിരോധ മരുന്നുകൾ കഴിച്ചിരുന്നു. തൊഴിലാളികൾക്ക് ആവശ്യമായ ഫസ്റ്റ് എയ്ഡ് ബോക്സ് അവർ പിരിച്ചു കൂട്ടി യാണ് വാങ്ങിയിരുന്നത്. തോട് പണിക്കിടെ ചില തൊഴിലാളികൾക്ക് പനി വരുകയും സർക്കാർ ആശുപത്രിയിൽ പോയി ചികിൽസിക്കുകയും ചെയ്തിരുന്നു. മാത്രവുമല്ല ചില തൊഴിലാളികൾക്ക് കാലിൽ കുപ്പിചില്ല് കൊണ്ട് മുറിവ് പറ്റുകയും ചെയ്തു.

1614010006/ RS/ 330669 - വ്യക്തിഗത കക്കൂസ് നിർമ്മാണം ആയിരുന്നു പ്രവർത്തി. തൊഴിലുറപ്പ് തൊഴിലാളി ആയ മഞ്ജു വിന്റെ( മഞ്ജു.എസ്. എസ്. എസ്. മന്ദിരം കണ്ണമംഗലം ഒറ്റൂർ ) വീട്ടിൽ ആയിരുന്നു. ഡിസ്പ്ലേ ബോർഡ് ഉണ്ടായിരുന്നു. നല്ല രീതിയിൽ പണി കഴിപ്പിച്ചു. എന്നാൽ കക്കൂസ് ന് ചെലവായ തുകയിൽ ( മെഷർമെൻറ് ബുക്ക് പ്രകാരം 11158 രൂപയാണ് ) 2070 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന് അറിയാൻ സാധിച്ചു.

<u>ഗ്രാമസഭ - ചർച്ച, മറുപടി, തീരുമാനം</u>

ഒറ്റൂർ പഞ്ചായത്തിന്റെ 8 ആം വാർഡായ നെല്ലികോട് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 26/ 11/2019 കൃത്യം 2.00 മണിക്ക് പി എച്. സി. സബ്സെന്റർ നെല്ലിക്കോട് വെച്ച് നടന്നു.

- ★ ഫസ്റ്റ് എയ്ഡ് ബോക്സ് പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല. പകരം തൊഴിലാളികളും മെറ്റും ചേർന്ന പണം പിരിച്ചു കൂടിയാണ് വാങ്ങുന്നത്.
  **മറുപടി - ഫസ്റ്റ് എയ്ഡ് ബോക്സ് വാങ്ങിയതിന്റെ ബില്ല് പഞ്ചായത്തിൽ ഹാജരാക്കിയാൽ പണം തിരികെ നൽകാം എന്ന് ഉറപ്പ് നൽകി .**
  **തീരുമാനം - പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായ മറുപടി തൊഴിലാളികൾ ഏറ്റെടുക്കുകയും ഇനി മുതൽ ബില്ല് ഹാജരാക്കും എന്ന് തീരുമാനിച്ചു.**
- ★ **തൊഴിൽ സമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആകണമെന്നാണ് തൊഴിലാളികളുടെ പൊതുവായ അഭിപ്രായം.( പെൺകുട്ടികൾ ഉള്ള വീടുകളിൽ അവരുടെ സുരക്ഷക്ക് കൂടുതൽ ഊന്നൽ നൽകണം )**
- ★ **ആവശ്യത്തിന് തൊഴിൽ ലഭ്യമല്ല. നിലവിലുള്ള വർഷത്തിൽ തൊഴിൽ എണ്ണം കുറവാണ്.**
  **മറുപടി - തൊഴിലിനായുള്ള അപേക്ഷ പഞ്ചായത്തിൽ ഹാജരാക്കുന്നതിനനുസരിച് സ്വന്തം വാർഡിലോ അല്ലെങ്കിൽ ജോലി ആരംഭിക്കുന്ന മറ്റേതെങ്കിലും വാർഡിൽ ജോലി നൽകുന്നതായിരിക്കും.**
  **തീരുമാനം - ഏറ്റെടുത്ത ജോലി പൂർത്തീകരിച്ചതിനുശേഷം തൊഴിലിനായുള്ള**

**അപേക്ഷ നൽകുമെന്നും ഏതു വാർഡിൽ ജോലി ചെയ്യാനും തൊഴിലാളികൾ തീരുമാനിച്ചു.**

- **പുതിയ തൊഴിൽ കാർഡ് ലഭിക്കുന്നതിനും നിലവിലെ തൊഴിൽ കാർഡ് പുതുക്കുന്നതിനും തൊഴിലാളികളുടെ കയ്യിൽ നിന്നും പണം ചിലവാകാറുണ്ട്.**

  മറുപടി - പദ്ധതി ആരംഭിച്ച വർഷത്തിൽ ഫോട്ടോ എടുക്കുന്നതിനായി പഞ്ചായത്തുകൾക്ക് വെബ്ക്യാമറകൾ അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ ക്യാമറ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്.
- അർത്ഥ വിദഗ്ധ, വിദഗ്ധ തൊഴിലിനെക്കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണയില്ല.

  ആയതിനാൽ അത്തരം തൊഴിലുകളെ കുറിച് വ്യക്തമാക്കുകയും ചെയ്തു. ആസ്തി നിർമ്മിത പ്രവർത്തികൾക്കാണ് വരും വർഷങ്ങളിൽ ഊന്നൽ നൽകുന്നത്.
- തൊഴിലിനുള്ള അപേക്ഷ മേറ്റ് വഴി ഗ്രൂപ്പ് ആയിട്ട് വെള്ളപേപ്പറിൽ എഴുതി ആണ് പഞ്ചായത്തിൽ നൽകുന്നത് എന്നും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.
- തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് അവർക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.
- ജോലി പൂർത്തിയായിട്ടും കൃത്യമായി വേതനം ലഭിക്കുന്നില്ല എന്ന അഭിപ്രായം തൊഴിലാളികൾ പറഞ്ഞു.
- എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ തൊഴിലാളികൾ ചെയ്തിട്ടും ഭൂഉടമകളുടെ അനാസ്ഥമൂലം അവ ഉപയോഗശൂന്യമായി കിടക്കുന്നത് കാണാൻ കഴിഞ്ഞു. അതായത് വാഴ നടനായി

കുഴിക്കുന്ന കുഴികളിൽ വാഴ നടതരിക്കുന്നു.

- ★ തൊഴിലാളികളുടെ അവകാശങ്ങൾ പലപ്പോഴും ഹനിക്കപ്പെടുന്നുണ്ട്.
- ★ തോട് പണിക്ക് ആവശ്യമായ കൈയുറ, കാലുറ എന്നിവ ലഭ്യമാകുന്നില്ല എന്നതും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടായ പൊതുവായ പരാതി ആയിരുന്നു. ഈ സുരക്ഷ സാമഗ്രികൾ ഇല്ലാത്തതിനാൽ തോട് പണിക്കിടെ കുപ്പിചില്ലി കൊണ്ട് പരിക്കുകൾ പറ്റാറുണ്ട്.

  മറുപടി - 2008 ൽ പദ്ധതി ആരംഭിക്കുന്ന സമയത്ത് അനുവദിച്ച കൈയുറ, കാലുറ എന്നിവ ഉപയോഗ്യമല്ല.പഞ്ചായത്തിന്റെ ഫണ്ട് കുറവയായതിനാൽ ഇത് ബുദ്ധിമുട്ടായിരിക്കും.

  തീരുമാനം - ഫണ്ടിന്റെ കുറവ് ഉള്ള സാഹചര്യം ആണെങ്കിലും ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ എല്ലാവരും ചേർന്ന് ഒരു അപേക്ഷ പഞ്ചായത്തിൽ ഏല്പിക്കുക. ഈ അപേക്ഷ സ്റ്റാന്റിങ് കമ്മിറ്റിയിൽ അവതരിപ്പിക്കാം എന്നും തീരുമാനിച്ചു.

* മസ്റ്റർ റോളിലെ വെട്ടിതിരുത്തലുകൾ ഒഴിവാക്കാൻ മേറ്റ് പ്രത്യേകം ശ്രദ്ധിക്കണം.

മസ്റ്റർ റോളിൽ ഒപ്പിടാനുള്ള കോളത്തിന്റെ വലിപ്പം കൂട്ടണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.

* 2019 ആഗസ്റ് മാസത്തിനു മുൻപ് ചെയ്ത ജോലിയുടെ വേതനം ഇതുവരെയും കിട്ടിയിട്ടില്ല.

* കൂലി വർധിപ്പിക്കണം എന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു.

* RS / 330669 കോഡ് പ്രകാരമുള്ള കക്കൂസ് നിർമാണതിന്റെ പൈസ ഇതുവരെയും കിട്ടിയിട്ടില്ല എന്ന് അപേക്ഷക പരാതിപ്പെട്ടു.

മറുപടി - ഈ പ്രവർത്തിയുടെ മെറ്റീരിയൽ ബില്ല് പ്രകാരമുള്ള 6954 രൂപ ഒഴികെയുള്ള എല്ലാ തുകയും അതാത് അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് എന്നും. മെറ്റീരിയൽ ഫണ്ട് പഞ്ചായത്തിൽ കിട്ടിയാലുടൻ തന്നെ ആ തുകയും ട്രാൻസ്ഫർ ചെയ്യുന്നതായിരിക്കും. ഫണ്ട് പഞ്ചായത്തിൽ നിന്നും അപേക്ഷകന്റെ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ പഞ്ചായത്തിൽ ഉണ്ട് എന്നും ഓവർസിയർ പറഞ്ഞു.

## നന്ദി

വർക്കല ബ്ലോക്കിലെ ഒറ്റൂർ പഞ്ചായത്ത് 8 ആം വാർഡ് നെല്ലികോട് 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ഒറ്റൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ഒറ്റൂർ ഗ്രാമപഞ്ചായത്ത്**

**വാർഡ് :9, പഞ്ചായത്തോഫീസ്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/3/2019**

**റിപ്പോർട്ട് തയാറാക്കിയത്**

**തിരുവനന്തപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം**

**സ്വപ്ന എ എസ്, സൗമ്യ ആർ, ശ്രീല. ആർ, സുമി. ആർ, ശംഭു ചന്ദ്രൻ**

## ഭരണഘടനാ പ്രതിജ്ഞ

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു'

ഇന്ന് 2019 നവംബർ 26 -ആം തീയതിയിൽ പഞ്ചായത്തോഫീസിൽ കൂടിയ

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 വിജ്ഞാപനം ചെയ്തെങ്കിലും 2005ൽ പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2006 ഫെബ്രുവരി രണ്ടിന് രാജ്യത്ത് തുടക്കംകുറിച്ചു. മൂന്ന് ഘട്ടങ്ങളായി 2008ൽ നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യ അധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജന വിഭാഗങ്ങൾക്കായി ഈടുറ്റതും, ഗുണമേന്മയുള്ളതും ഉൽപാദനക്ഷമത ഉള്ള ഉപജീവന ആസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. മഹാത്മാഗാന്ധി എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് അനുപൂരകമായി ജമ്മു-കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതു ആണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ ഉറപ്പു നൽകുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണ മെന്ന് നിയമത്തിലെ 17- വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു

1. തൊഴിൽ കാർഡിന് അപേക്ഷിക്കാൻ ഉം 15 ദിവസത്തിനകം ലഭിക്കുവാനും ഉള്ള അവകാശം

2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം

ലഭിക്കുവാനുള്ള അവകാശം

4. ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം

5. താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനും ഉള്ള അവകാശം

6. കുടിവെള്ളം തണൽ പ്രാഥമിക ശുശ്രൂഷ കിറ്റ് തൊഴിലാളികളോട് ഒപ്പം അഞ്ചു വയസ്സിനു താഴെയുള്ള അഞ്ചു കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ട് എങ്കിൽ അവരെ നോക്കാനായി ആയ, ഇതിനായുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

8. കൂലി ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം കിട്ടുന്നതിനുള്ള അവകാശം

9. പരാതികളിൽ സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

## പൊതുവിവരങ്ങൾ ഒറ്റൂർ ഗ്രാമപഞ്ചായത്ത്

ജില്ല : തിരുവനന്തപുരം

ബ്ലോക്ക് : വർക്കല

പഞ്ചായത്ത് : ഒറ്റൂർ

വിസ്തീർണ്ണം : 9.47ച. കി.മി

വാർഡുകളുടെ എണ്ണം :13

ജനസംഖ്യ : 21612 (2011 ലെ സെൻസസ് പ്രകാരം)

സ്ത്രീകൾ : 10132

പുരുഷന്മാർ : 11480

പട്ടികജാതി : 2796

പ്രസിഡന്റ് : ആർ. സുഭാഷ്

സെക്രട്ടറി : ഡി. അനിൽ കുമാർ

വാർഡ് : പഞ്ചായത്തോഫീസ്

വാർഡ്മെമ്പർ: സന്തോഷ്

രജിസ്ട്രേഡ് വർക്കേഴ്സ് : 3273

സജീവ തൊഴിലാളികൾ : 938

100 ജോലി തികഞ്ഞവർ : 334

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

തിരുവനന്തപുരം ജില്ല

വർക്കല ബ്ലോക്ക്

ഒറ്റൂർ ഗ്രാമ പഞ്ചായത്ത്

വാർഡ് : 9

1 വർക്ക് കോഡ് :1614010006/ IF/336960

വർക്ക് നെയിം: പരിഷ്കരിച്ച പട്ടിക ഒന്ന് വകുപ്പ് (2) ലെ ഖണ്ഡിക 5 -ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ.

അടങ്കൽ തുക : 147901

ചിലവായ തുക :141588

പ്രവർത്തി ആരംഭിച്ച തീയതി :29/10/2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 21/11/2018

ആകെ തൊഴിൽദിനങ്ങൾ : 513

മസ്റ്ററോളുകളുടെ എണ്ണം : 18( 4 not used )

മേറ്റ് : ഷഹർബാൻ

2 വർക്ക് നെയിം : പരിഷ്കരിച്ച പട്ടിക ഒന്ന് വകുപ്പ് (2)ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ.

വർക്ക് കോഡ് :1614010006/IF/336959

അടങ്കൽ തുക : 175520.78

ചിലവായ തുക :170443

പ്രവൃത്തി ആരംഭിച്ച തീയതി :01/10/2018

പ്രവർത്തി അവസാനിച്ച തീയതി : 26/10/2018

ആകെ തൊഴിൽദിനങ്ങൾ : 623

മസ്റ്റർ റോളുകളുടെ എണ്ണം : 26

മേറ്റ് : ഷീല

## വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ഫയലുകളിലെ പൊതുവായ കണ്ടെത്തലുകൾ

1. കവർ പേജ് :പരിശോധിച്ച 2 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് കാണാൻ സാധിച്ചു.

2.ചെക്ക് ലിസ്റ്റ് :വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ കാണാൻ സാധിച്ചു.

3.ആക്ഷൻ പ്ലാൻ : പരിശോധിച്ച 2 ഫയലുകളിലും ആക്ഷൻപ്ലാൻ കോപ്പി കാണാൻ സാധിച്ചില്ല.

4.ഭരണാനുമതി :പ്രത്യേകമായി ഭരണാനുമതി ഇല്ലായിരുന്നു. എന്നാൽ ഭരണാനുമതി നമ്പർ സാങ്കേതികാനുമതി ഫോമിൽ ഉൾപ്പെടുത്തിയിരുന്നു.

5.സാങ്കേതിക അനുമതി : പരിശോധിച്ച 2 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി പത്രം ഉണ്ട്.

6. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് : പരിശോധിച്ച 2 ഫയലുകളിലും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു . ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും സീലും ഉണ്ടായിരുന്നു.

7. ഡ്രോയിങ് & ഡിസൈനിങ് : പരിശോധനക്ക് വിധേയമാക്കിയ 2 ഫയലുകളിലും ഡ്രോയിംഗ് ആൻഡ് ഡിസൈനിങ് ഇല്ലാരുന്നു.

8.ഡിമാൻഡ് ഫോം : പരിശോധിച്ച 2 ഫയലുകളിലും മേറ്റ് നൽകിയ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു .

9. വർക്ക് അലോക്കേഷൻ ഫോം: പരിശോധിച്ച 2 ഫയലുകളിലും വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നു.

10. ഇ -മസ്റ്ററോൾ : എല്ലാ ഫയലുകളിലും മസ്റ്ററോൾ ഉണ്ടായിരുന്നു.ഫയൽ no. - IF/336960 ൽ 14617, 12804 എന്നീ മസ്റ്റർറോളുകളിൽ തിരുത്തലുകൾ ഉണ്ടായിരുന്നു. 12802 ൽ ഷാർപ്പണിങ് ചാർജ് 250- ന് പകരം 100 എന്നു തെറ്റായി

രേഖപ്പെടുത്തിയിരുന്നു.

11. മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് : മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് പരിശോധിച്ച എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

12.വേജ് ലിസ്റ്റ് : പരിശോധിച്ച 2 ഫയലുകളിലും വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

13. ഫണ്ട് ട്രാൻസ്ഫർ ഓർഡർ: പരിശോധിച്ച 2 ഫയലുകളിലും എഫ്. ടി. ഒ. ഉണ്ടായിരുന്നു.

14. എം ബുക്ക് : പരിശോധിച്ച 2 ഫയലിലും എം ബുക്ക് ഉണ്ട്. ഒരു എംബുക്കിൽ തന്നെ ഒന്നിലധികം ഫയലുകളുടെ വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്നത് ഫയൽ പരിശോധന വൈകുന്നതിനു കാരണമായി.

15. മെറ്റീരിയൽ പ്രൊക്യുർമെൻറ് സ്റ്റേറ്റ്മെൻറ്: പ്രവർത്തികൾ ഒന്നുംതന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല അതുകൊണ്ട് ഇത് ബാധകമല്ല.

16. മെറ്റീരിയൽ ബില്ല് &വൗച്ചർ : 2 ഫയലുകൾക്കും ഇത് ബാധകമല്ല.

17. റോയൽറ്റി പെയ്മെൻറ് റെസിപ്റ്റ് : 2 ഫയലുകൾക്കും റോയൽറ്റി ബാധകമായിരുന്നില്ല.

18.ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്: പരിശോധിച്ച 2 ഫയലുകളിലും ത്രീ സ്റ്റേജ് ഫോട്ടോ ഇല്ലായിരുന്നു

19.വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്: പരിശോധിച്ച രണ്ടു ഫയലിലും വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

20.ജിയോ ടാഗ് ഫോട്ടോഗ്രാഫ് : ഒരു ഫയലിലും കാണാൻ സാധിച്ചില്ല.

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി : പരിശോധിച്ച ഫയലുകളിൽ കാണാൻ സാധിച്ചില്ല.

22.സൈറ്റ് ഡയറി: പരിശോധിച്ച 2 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു. എന്നാൽ അപൂർണമായിരുന്നു.

## നിരീക്ഷണങ്ങളും കണ്ടെത്തലുകളും

1)എം.ബുക്കിൽ മഴകുഴി,തടം, കാട് വെട്ടി തെളിയ്ക്കൽ, വേസ്റ്റ് കുഴി എന്നിവയാണ് പ്രധാന ഇനം പ്രവർത്തിയായി ഉണ്ടായിരുന്നത്. ഖണ്ഡിക (5) ൽ ഉൾപ്പെടുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമിയിലായിരുന്നു പ്രവർത്തികൾ.

2) ഫയൽ നമ്പർ IF/336959 -ൽ എസ്റ്റിമേറ്റ് പ്രകാരം കമ്പോസ്റ്റ് & റെയിൻ പിറ്റ് -4, മൺകയ്യാല -10 എന്നിങ്ങനെ ആയിരുന്നു.

3) ഷീജ എന്ന വ്യക്തിയുടെ പുരയിടം വിളവെടുപ്പു കഴിഞ്ഞ നിലയിലായിരുന്നു. മൂന്നു കയ്യാലകൾ അവിടെ കാണാൻ സാധിച്ചു.

4)ഡൈല എന്ന വ്യക്തിയുടെ പുരയിടത്തിൽ മരച്ചീനി വിളവെടുപ്പ് കഴിഞ്ഞു അടുത്ത കൃഷിയിറക്കിയിരുന്നു. കൂടാതെ 2 മഴകുഴികൾ, 3 മൺകയ്യാല എന്നിവ ഉണ്ടായിരുന്നു. എന്നാൽ ഒരെണ്ണം നികത്തിയ നിലയിലായിരുന്നു.

5) ലളിത, ഓമന അമ്മ എന്നീ വ്യക്തികളുടെ പുരയിടത്തിൽ വിളവെടുപ്പു കഴിഞ്ഞിരുന്നു. രണ്ടു മഴകുഴി കാണാൻ കഴിഞ്ഞു. ലളിതയുടെ പുരയിടത്തിലെ മഴകുഴി നികത്തി പുതിയ കെട്ടിടം നിർമ്മിച്ചിരുന്നു.എന്നാൽ അഞ്ചു മൺകയ്യാല കണ്ടിരുന്നു.

6)ഫയൽ നമ്പർ IF/336960 -ൽ എസ്റ്റിമേറ്റ് പ്രകാരം കമ്പോസ്റ്റ് & റെയിൻ പിറ്റ് - 8, 10.6 മിറ്റർ നീളമുള്ള മൺകയ്യാല - 10 എന്നിങ്ങനെ ആയിരുന്നു.

7) ബാലകൃഷ്ണൻ, സോമൻ, പങ്കജാക്ഷി അമ്മ എന്നിവരുടെ പുരയിടത്തിൽ മരച്ചീനി, ചേന, ചേമ്പ്, വാഴ, എന്നിവയുടെ കൃഷി കാണാൻ കഴിഞ്ഞു. കൂടാതെ മഴക്കുഴികൾ, മൺകയ്യാല എന്നിവ ഉണ്ടായിരുന്നു.

8)അനിൽ കുമാർ, രേണുക എന്നിവരുടെ പുരയിടത്തിൽ മരച്ചീനി, വാഴ എന്നിവ കൃഷി ചെയ്തിട്ടുണ്ടായിരുന്നു.എന്നാൽ എസ്റ്റിമേറ്റ് പ്രകാരം പറഞ്ഞിരുന്ന മഴകുഴി ഉണ്ടായിരുന്നില്ല.

9)ഒൻപതാം വാർഡിൽ 45 സജീവ തൊഴിലാളികൾ ഉണ്ടായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഒട്ടു മിക്ക തൊഴിലാളികൾക്കും 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിരുന്നു.

# ചർച്ച

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിലെ (പഞ്ചായത്തോഫീസ്) ഗ്രാമസഭ രാവിലെ 10.30 ന് ഒറ്റൂർ പഞ്ചായത്തോഫീസിൽ ആരംഭിച്ചു. കഴിഞ്ഞ വർഷം 100 തൊഴിൽ ദിനങ്ങൾ തികച്ച സരോജിനി അമ്മയെ യോഗത്തിന്റെ അധ്യക്ഷ സ്ഥാനത്തേക്കു തെരെഞ്ഞെടുത്തു. വി ആർ പി സൗമ്യ ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശേഷം വാർഡ് മെമ്പർ സന്തോഷ് സ്വാഗതപ്രസംഗം നടത്തി. തുടർന്ന് വി ആർ പി സൗമ്യ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും ആമുഖപ്രസംഗം നടത്തി. തുടർന്ന് തൊഴിലാളികളുടെ 10 അവകാശങ്ങളെപ്പറ്റി വി ആർ പി സ്വപ്ന വ്യക്തമാക്കി. വി ആർ പി ശ്രീല റിപ്പോർട്ട് അവതരിപ്പിച്ചു . അതിനുശേഷം റിപ്പോർട്ട് അവതരണത്തെക്കുറിച്ചും തൊഴിലാളികളുടെ പരാതികളെക്കുറിച്ചും ചർച്ചചെയ്തു.

വേതനം ലഭിക്കുന്നതിൽ വരുന്ന കാലതാമസം യോഗത്തിൽ ചർച്ചാവിഷയമായി.പഞ്ചായത്തിൽ നിന്നും 7ദിവത്തിനകം തന്നെ വേതനം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നു ഓവർ സിയർ മറുപടി നൽകി. കേന്ദ്രത്തിൽ നിന്ന് ഫണ്ട് വരാനുള്ള താമസമാണ് വേതനം ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകാനുള്ള കാരണം.

വ്യക്തിഗത ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തികൾ കൂടുതലായി ഉൾപ്പെടുത്താനുള്ള നിർദ്ദേശം വി ആർ പി, ഓവർസിയർ എന്നിവർ തൊഴിലാളികൾക്ക് നൽകി.

തൊഴിൽ സമയം കുറയ്ക്കുക എന്ന ആവശ്യം തൊഴിലാളികൾ മുന്നോട്ടുവെച്ചു. എന്നാൽ നിലവിൽ അത് സാധ്യമല്ലെന്ന് വി ആർ പി- മാർ വ്യക്തമാക്കി.

തൊഴിൽദിനങ്ങൾ വർധിപ്പിക്കണമെന്ന ആവശ്യം തൊഴിലാളികൾ ഉന്നയിച്ചു. എന്നാൽ ഇപ്പോൾ അത് സാധ്യമല്ലെന്ന് വി ആർ പി മറുപടി നൽകി.

കഴിഞ്ഞ വർഷം ഏകദേശം 30 തൊഴിലാളികൾക്കു 100 തൊഴിൽ ദിനങ്ങൾ ലഭിച്ചതായി അറിയാൻ കഴിഞ്ഞു. 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയതിലൂടെ ബോണസ് ആയി 1000 രൂപയും തൊഴിലാളികൾക്കു ലഭിച്ചു.

ഈ വർഷം 54 തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്കു ലഭിച്ചു.

27 തൊഴിലാളികൾ ഗ്രാമസഭയിൽ പങ്കെടുത്തു.

ചർച്ചകൾക്കും തീരുമാനങ്ങൾക്കും ഒടുവിൽ തൊഴിലാളികൾ റിപ്പോർട്ട്

കൈയ്യടിച്ചു പാസ്സാക്കി. 11.15 ഓടെ ഓവർസിയർ നന്ദി പറഞ്ഞുകൊണ്ട് യോഗം അവസാനിപ്പിച്ചു.

# നന്ദി

വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ പഞ്ചായത്തിലെ വാർഡ് 9 ന്റെ 2018- 19 സാമ്പത്തികവർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെറുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ ഫീൽഡ് പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

***മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി***

***സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്***

# തിരുവനന്തപുരം

# വർക്കല ബ്ലോക്ക്

## ഒറ്റൂർ പഞ്ചായത്ത്

## വാർഡ് -10 (കൃഷി ഭവൻ )

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/3/2019**

റിപ്പോർട്ട് തയ്യാറാക്കിയത്

തിരുവനതപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

അനിൽ സുചിത്ര ചിത്ര VRP, സൗമ്യ എസ് ബി VRP, നന്ദു രാജ് ആർ VRP, സുഹൈൽ എ എസ് VRP, സൗമ്യ ആർ VRP, ആർഷ എ എസ് VRP, , വിജി റ്റിVRP, വിജി വിജയൻ VRP

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
- തൊഴിലാളികൾ പ്രാഥമിക ശുശ്രൂഷാകിട്, ട്രാപോളിൻ, ചികിത്സാചെലവ് തുടങ്ങിയ ബിൽ സമർപ്പിച്ചാൽ അതിനുള്ള പരിഹാരം ഉടൻ തന്നെ പരിഹാരം കാണുന്നുണ്ട്.
- പഞ്ചായത്തിൽ മെറ്റീരിയൽ പ്രവർത്തികൾ ധാരാളമായി കാണാം
- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പ്രവർത്തികളും കാണാൻ സാധിക്കുന്നില്ല..
- പഞ്ചായത്തിലെ Nrega സ്റ്റാഫുകൾ നല്ല രീതിയിൽ തൊഴിലാളികൾക്കു തൊഴിൽ ലഭിക്കുന്നതിനും മറ്റു അവകാശങ്ങൾ നേടി എടുക്കുന്നതിനും വളരെയധികം സഹായിക്കുന്നുണ്ട് എന്നു മനസിലാക്കാൻ സാധിച്ചു.
- AMC പ്രകാരമുള്ള 22 ഡോക്യൂമെന്റസ് ഫയൽ ചെയ്യുന്നില്ല.
- ത്രീസ്റ്റേജ് ഫോട്ടോഗ്രാഫ്, വർക്ക് അലോക്കേഷൻ ഫോം, ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോ, ഡ്രോയിങ്ങു ആൻഡ് ഡിസൈൻ ഒരു ഫൈലിലും ഇല്ലായിരുന്നു.
- സൈറ്റ് ഡയറിയിൽ പദ്ധതിച്ചിലവ് എഴുതുന്നില്ല.
- 59 സജീവ തൊഴിലാളികൾ വാർഡിൽ ഉണ്ട്.

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്, തുക വിനിയോഗം, തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപെട്ടു ഒറ്റൂർ പഞ്ചായത്തിലെ 13 വാർഡുകളിലും നടത്തപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 17 -)o വകുപ്പ് പ്രകാരം 29/11/2019 തോപ്പിൽ മാമ്പഴക്കോണം നടത്തിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ചർച്ചയുടെ വിവരങ്ങളും തീരുമാനങ്ങളും

അജണ്ട

- സ്വാഗതം
- അദ്യക്ഷനെ തിരഞ്ഞെടുക്കൽ
- റിപ്പോർട്ട് അവതരണം
- ചർച്ചയും ക്രോഡീകരണവും
- നന്ദി

വാർഡ് മെമ്പർ സുനിതകുമാരി  സ്വാഗതം പറഞ്ഞു കൊണ്ട് ഗ്രാമസഭ തുടങ്ങി. ആദ്യമായി അധ്യക്ഷനെ തിരഞ്ഞെടുത്തു : ഗീത (100 തൊഴിൽ നേടിയ തൊഴിലാളി)

ഭരണഘടനാ പ്രതിനജ്ഞാ vrp വിജി റ്റി പറഞ്ഞു കൊടുത്തു.

തൊഴിലാളികളുടെ പത്തു അവകാശങ്ങളെ പറ്റി vrp നന്ദുരാജ് വിശദമാക്കി കൊടുത്തു.

സോഷ്യൽ ഓഡിറ്റ് എന്താണെന്നും ഗ്രാമസഭയുടെ അവശ്യ കഥയും vrp അനിൽ സുചിത്ര ചിത്ര തൊഴിലാളികളോട് പറഞ്ഞു

അതിനു ശഷം റിപ്പോർട്ട് അവതരണം vrp സൗമ്യ എസ് ബി റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ചർച്ച തുടങ്ങി, തൊഴിലാളികളുടെ ആവശ്യങ്ങളും പരാതികളും ചുവടെ ചേർക്കുന്നു:

1. രമണി : കഴിഞ്ഞ പ്രവർത്തിയുടെ ശമ്പളം യഥാസമയം കിട്ടുന്നില്ല?
2. ഗീത :തൊഴിൽ സമയം നാലുമണിവരെ ആക്കണം
3. ഗീത : ജോലി സ്ഥലത്ത് vrp മാർ അടുത്ത പ്രവർത്തി നടക്കുമ്പോൾ വരുമോ.
4. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആക്കാൻ കഴിയുമോ
5. കയ്യാല കെട്ടാനുള്ള വ്യക്തിഗത അപേക്ഷ നൽകാൻ പറ്റുമോ -ബേബി
6. നടവഴി കോൺക്രീറ്റ് ആക്കി തരാൻ പറ്റുമോ പുരയിടത്തിനകത്തുള്ള വഴി ആണ്- മീന
7. തോട് മെയിന്റനൻസ് ഉണ്ടോ? ഗീത

8.

**മറുപടി**

1. പഞ്ചായത്തിൽ നിന്നും mustroll കൊടുത്തു കഴിഞ്ഞു 7 ദിവസത്തിനുള്ളിൽ Mis ഇൽ അപ്ലോഡ് ചെയ്തിരിക്കും. സെൻട്രൽ ഇൽ നിന്നു ഫണ്ട് വരുമ്പോ മാർച്ച് മാസം ഒക്കെ ആകുമ്പോൾ ഫണ്ടിന് കുറവ് വരാൻ സാദ്യതയുണ്ട് കുറവുള്ള ഫണ്ട് കണ്ടത്തെണം അതിൽ നിന്നൊക്കെ ആണ് ഈ താമസം വരുന്നത് പിന്നെ ബാങ്കിൽ നിന്നും ഫണ്ട് വരുന്നതിന്റെ താമസം ഉണ്ട്: Vrp അനിൽ സുചിത്ര ചിത്ര, ഓവർസീർ
2. അത് സോഷ്യൽ ഓഡിറ്റിന്റെ പരിധിയിൽ നിക്കുന്ന കാര്യമല്ല റിപ്പോർട്ടിൽ ഉറപ്പായും പരാമർശിക്കും: Vrp സൗമ്യ എസ് ബി
3. ഇനി മുതൽ ഉറപ്പായും വരും: Vrp നന്ദുരാജ്
4. നിലവിലത്തെ സാഹചര്യം വച്ചെ് എസ്റ്റിമറ്റേ് മലയാളത്തിൽ ആക്കാൻ ഓവർസീർ നു ബുദ്ധിമുട്ടുണ്ട് കാരണം AE ഇല്ലാത്തതിനാൽ എല്ലാ ഡ്യൂട്ടിയും അവർ ഒറ്റയ്ക്കാണ് ചെയ്യുന്നത് എങ്കിലും എസ്റ്റിമറ്റേ് വളരെ വിശദമാക്കിയാണ് മറ്റേനു കൊടുക്കുന്നത് എല്ലാ അളവുകളും വളരെ നന്നായിട്ടആണ് പറഞ്ഞു കൊടുക്കുന്നതന്നെും പറഞ്ഞു, ഓവർസീർ
5. കല്ലുണ്ടങ്കെിൽ അത് വച്ചെ് തൊഴിലാളികൾ ചെയ്തത് തരും അത് ഒരു വർക്ക് ആകാം.ഓവർസീർ
6. പുരയിടത്തിനകത്തുള്ള വഴി പഞ്ചായത്തിന്റെ ആസ്തിയിൽ പടുെന്നതല്ല ആദ്യം അത് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പടുെത്തണം എന്നിട്ട് പ്രവർത്തിയ്ക്കുള്ള അപേക്ഷ നൽകണം, ഓവർ സീർ, വാർഡ് മമ്പെർ
7. തൊഴിലുറപ്പിൽ മനെ്റനെൻസ് കൊടുക്കില്ല, ഓവര്സീർ
8. Vrp അനിൽ സുചിത്ര ചിത്ര തൊഴിൽ സ്ഥലത്തു അപകടം നടന്നാൽ എന്തൊക്കെ ചെയ്യണം എന്നും, തൊഴിലിനു വണേ്ടിയുള്ള അപേക്ഷ ഫ്രോൻറ്റോഫീസ് മുഖനേ നൽകണം എന്നും കപൈെറ്റു റസെിപ്റ് വാങ്ങിക്കണം എന്നുള്ള

അവകാശങ്ങൾ പറഞ്ഞു മനസിലാക്കി.

**തീരുമാനം**

1. ഫ്രണ്ട് ഓഫീസ് വഴി അപേക്ഷ നൽകുകയും കൈപ്പറ്റു റസിപ്റ്റ് വാങ്ങിക്കുകയും ചെയ്യും.
2. ആസ്തിയുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ ശ്രമിക്കും.
3. ജോലി സമയം 9-4.00 ആകുന്നതിനു വേണ്ടിയുള്ള തൊഴിലാളികളുടെ ആവശ്യം സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കും
4. വേതനം സമയത്ത് കിട്ടണം എന്നുള്ള തൊഴിലാളികളുടെ ആവശ്യം റിപ്പോർട്ടിൽ പരാമർശിക്കും.
5. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആക്കുന്നതിനു ബുദ്ധിമുട്ട് ഉണ്ടെങ്കിലും എസ്റ്റിമേറ്റ് തൊഴിലാളികൾക്കു പറഞ്ഞു മനസിലാക്കി കൊടുക്കുന്നുണ്ട്.

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ വാർഡ് 11 ൽ നിന്നും 55 തൊഴിലാളികൾ പങ്കെടുത്തു.

55 പേർ ഗ്രാമസഭയിൽ പങ്കെടുത്തു റിപ്പോർട്ട് എല്ലാവരും അംഗീകരിക്കുകയും ഒറ്റൂർ പഞ്ചായത്ത് അദ്ധ്യക്ഷൻ ഗീത എല്ലാർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

## നന്ദി

വർക്കല ബ്ലോക്ക് ഒറ്റൂർ പഞ്ചായത്തിലെ വാർഡ് 11 ലെ 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ഒറ്റൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പു വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മറ്റേുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

## മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

# <u>തിരുവനന്തപുരം</u>

## <u>വർക്കല ബ്ലോക്ക്</u>

## ഒറ്റൂർ പഞ്ചായത്ത്

## <u>വാർഡ് 12 ( മൂങ്ങോട് )</u>

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/03/2019**

റിപ്പോർട്ട് തയ്യാറാക്കിയത്

തിരുവനതപുരം സോഷ്യൽ ഓഡിറ്റ് ജില്ലാ ടീം

അനിൽ സുചിത്ര ചിത്ര VRP, സുഹൈൽ vrp, നന്ദു രാജ് R vrp, സൗമ്യ എസ് ബി vrp, ആർഷ എ എസ്, വിജി റ്റി vrp, സൗമ്യ R Vrp, വിജി വിജയൻ vrp

സുഹൈൽ എ എസ് VRP

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും

ഗുണമേന്മയുള്ളതും ഉല്പാദനക്ഷമതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 & **ഷെഡ്യൂൾ** |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ | **ഷെഡ്യൂൾ**2 |

| | | |
|---|---|---|
| | അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) ഉടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17( 2) |

അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ.

*** ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചിട്ടുണ്ട് .**

**തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചു എന്ന കാര്യത്തിൽ വ്യകതതയുണ്ട്. തൊഴിലാളികൾ തൊഴിൽ അപേക്ഷ നല്കുന്നുടെങ്കിലും അത് ഫ്രണ്ട് ഓഫീസ് വഴിയല്ല എന്നു തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു മനസിലായി.**

*** ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.**

***തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.**

***തൊഴിൽ സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ട് അവയെല്ലാം തൊഴിലാളികൾ സ്വന്തമായി വാങ്ങിയിട്ട് ബില്ലുകൾ പഞ്ചായത്തിൽ ഏല്പിക്കുന്നുണ്ട് .**

*** ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.**

***തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.**

*** തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.**

*** പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില് അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.**

## പൊതുവിവരങ്ങൾ -ഒറ്റൂർ പഞ്ചായത്ത്

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ഒറ്റൂർ ഗ്രാമപഞ്ചായത് |
| ആസ്ഥാനം | മണമ്പൂർ |
| ഉൾപ്പെടുന്ന വില്ലേജ് | ഒറ്റൂർ |
| വിസ്തൃതി | 9.47ച.കി. മി |
| വാർഡുകളുടെ എണ്ണം | 13 |
| ബ്ലോക്ക് | വർക്കല |
| അസംബ്ലിമണ്ഡലം | ആറ്റിങ്ങൽ |
| പാർലമെന്റ് | ആറ്റിങ്ങൽ |
| ജനസംഖ്യ | 21612( as പെര് 2001 സെൻസസ് ) |
| പുരുഷന്മാർ | 11480 |
| സ്ത്രീകൾ | 10132 |
| പട്ടികജാതി ജനസംഖ്യ | 2796 |
| പട്ടികജാതി പുരുഷന്മാർ | 1269 |

| | |
|---|---|
| പട്ടികജാതി സ്ത്രീകൾ | 1527 |
| താമസമുള്ള വീടുകൾ | 4836 |
| സാക്ഷരരായവർ | 18313 |
| പുരുഷന്മാർ | 8318 |
| സ്ത്രീകൾ | 9995 |

**അതിരുകൾ**

കിഴക്ക് - മണമ്പൂർ ഗ്രാമപഞ്ചായത് NH66
തെക്കു - മണമ്പൂർ, ചെറുന്നിയൂർ ഗ്രാമപഞ്ചായത്
പടിഞ്ഞാറ് - ചെറുന്നിയൂർ ഗ്രാമപഞ്ചായത്
വടക്കു - ചെമ്മരുതി ഗ്രാമപഞ്ചായത്

ഐതിഹ്യമനുസരിച്ച് ദശനാമം ഒറ്റ ഊരിൽ നിന്നും ഉണ്ടായതാണത്രേ.ഇരിക്കുന്ന നിലയിൽ ശ്രീകൃഷ്ണനെ പ്രതിഷ്ഠിച്ചിട്ടുള്ള കേരളത്തിലെ ഒരേയൊരു ക്ഷേത്രം ഇവിടെയുള്ള ശ്രീകൃഷ്ണസ്വാമിക്ഷേത്രം ആണ്. ഇങ്ങനെയുള്ള ഒറ്റ ഊര് ആണത്രേ ഒറ്റൂർ ആയി പരിണമിച്ചത്. ഐതിഹ്യം എന്തായാലും ഈ പഞ്ചായത്തിലെ ചരിത്രം ഇന്നത്തെ മണമ്പൂർ പഞ്ചായത്ത് ചരിത്രവുമായി കൂടിക്കുഴഞ്ഞാണു കഴിഞ്ഞ നൂറ്റാണ്ടിലെ അവസാന ദശകങ്ങൾ വരെ കിടന്നിരുന്നത്. ഇതുവരെയും ഇത് മണമ്പൂർ പഞ്ചായത്തിൻറെ ഭാഗമായിരുന്നു സർക്കാരിൻറെ 25/08 /1977 ലെ ജി ഓ എം /എസ് 241 /77 /LA4 /എസ് ഡബ്ല്യു ഡി നമ്പർ ഉത്തരവ് പ്രകാരമാണ് ഒറ്റൂർ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. 31 /8/ 1977ൽ മണമ്പൂർ പഞ്ചായത്ത് ഓഫീസിൽ വച്ച് വർക്കല ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസർ ശ്രീ സോമ സുന്ദര രാജിന്റെ അധ്യക്ഷതയിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യുടെ സത്യപ്രതിജ്ഞ കർമ്മം നിർവഹിച്ചു. വിഭജനത്തിനു മുൻപ് ഈ പഞ്ചായത്തിൻറെ പ്രഥമ പ്രസിഡൻറ് കെ ആർ ഗോപാലകൃഷ്ണക്കുറുപ്പ്

ആയിരുന്നു.

1953 ൽ നിലവിൽ വന്ന പഞ്ചായത്ത് 1962 വരെ നിലവിലുണ്ടായിരുന്നു.ഒരു വർഷത്തെ ഇടവേളയ്ക്ക് ശേഷം 1963 തിരഞ്ഞെടുപ്പ് നടക്കുകയുണ്ടായി തുടർന്ന് 1977 പഞ്ചായത്ത് ഉണ്ടാവുകയും ഒറ്റൂർ വില്ലേജിനകത്തുള്ള പഞ്ചായത്ത് മെമ്പർമാരെയും ഉൾപ്പെടുത്തി ഒരു നോമിനേറ്റ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. 1987 ൽ വീണ്ടും തിരഞ്ഞെടുപ്പ് ഉണ്ടാവുകയും എസ് ഗോപാലൻ പ്രസിഡൻറ്, ബി.സി കുറുപ്പ് വൈസ് പ്രസിഡണ്ടും ആയി.

2010 ഓഗസ്റ്റ് 15 മുതൽ സെപ്റ്റംബർ 30 വരെ ശ്രീ ആർ സുഭാഷ് പ്രസിഡൻറ് ആയിരുന്നു

ബഹുമാനപ്പെട്ട ആറ്റിങ്ങൽ എംഎൽഎ അഡ്വക്കേറ്റ് വി പി സത്യൻ അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ ഓഫീസ് മന്ദിരം 2015 സെപ്റ്റംബർ മാസം ഒന്നാം തീയതി ഉദ്ഘാടനം ചെയ്തു. 2015 നടന്ന പൊതുതിരഞ്ഞെടുപ്പിൽ ശ്രീ ആർ സുഭാഷിനെ നേതൃത്വത്തിലുള്ള ഭരണസമിതി ചുമതലയേറ്റു.

**സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം**

കേരളസോഷ്യൽഓഡിറ്റ്സൊസൈറ്റിതൊഴിലുറപ്പുപദ്ധതി **തിരുവനന്തപുരം** ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് 12 ലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

1. കഴിഞ്ഞ 6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെഫയലുകൾ,വിവരശേഖരണാർത്ഥ MIS എന്നിവ പരിശോധിക്കൽ
2. പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
3. ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,

4. തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

5. ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

| S. no | പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച ദിവസം | അവസാനിച്ച ദിവസം | അടങ്കൽ തുക | ചിലവായ തുക | തൊഴിൽ ദിനം |
|---|---|---|---|---|---|---|---|
| 1 | 1614010006/IF / 337412 | പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടിലെ ഖണ്ഡിക 5 പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കാൻ | 02/02/2019 | 08/02/2019 | 201958 | 70380 | 255 |
| 2 | 1614010006/IF / 337408 | സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ തട്ടുതിരിക്കൽ മൺ കയ്യാല എന്നിവ ഉൾപ്പടെയുള്ള | 23/10/2018 | 15/11/2018 | 128627 | 120336 | 436 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ള മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ | | | | | |
| 3 | 1614010006/IF/337407 | പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടിലെ ഖണ്ഡിക 5 പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ | 03/10/2018 | 23/10/2018 | 131295 | 125028 | 267 |
| | | | | | | | |

22 ഡോക്യുമെന്റസ്

**1. കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 3 ഫൈലുകളിൽ പല പ്രവർത്തിയിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർ പേജ് കാണാൻ സാധിച്ചു.

**2. ചെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 3 ഫയലുകളിൽ വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചു .

**3. ആക്ഷൻപ്ലാൻ കോപ്പി**

പരിശോധിച്ച 3 ഫയലുകളിൽ ഒരു ഫയലിൽ പോലും വാർഷിക മാസ്റ്റർ സറക്കുലർ പ്രകാരം

നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4. എസ്റ്റിമേറ്റ് കോപ്പി**

പരിശോധിച്ച 3 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി കാണാൻ സാധിച്ചു.., എസ്റ്റിമേറ്റ്ന്റെ കോപ്പിയിൽ അക്രഡിക്റ്റഡ് എഞ്ചിനീയരുടെ ഒപ്പ്, സീല് എന്നിവ ഉണ്ടായിരുന്നു.

**5. സാങ്കേതികാനുമതി**

പരിശോധിച്ച 3 ഫൈലുകളിലും വാർഷിക മാസ്റ്റർ പ്രകാരം ഉള്ള സെക്യൂർ നിന്നുള്ള സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടില്ല . എന്നാൽ, പ്രാദേശികമായിട്ടുള്ള സാങ്കേതികാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചിട്ടുണ്ട്

**6. ഭരണാനുമതി**

പരിശോധിച്ച 3 ഫയലുകളിൽ ഭരണാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട് പ്രാദേശികം ആണെന്ന് മാത്രം സെക്യൂറിൽ നിന്നുള്ള കോപ്പി അല്ല.

**7.വർക്ക് അലോക്കേഷൻ ഫോം**

പരിശോധിച്ച 3 ഫയലുകളിൽ വർക്ക് അലോക്കേഷൻ ഫോം ഇല്ലായിരുന്നു.

**8. തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 3 ഫയലുകളിൽ പല പ്രവർത്തിയിലും വ്യക്തമായ തരത്തിലുള തൊഴിൽ അപേക്ഷ ഉണ്ടായിരുന്നു .

**9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 3 ഫയലുകളിൽ പലതിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നു .

**10. മസ്റ്റർ റോൾ**

പരിശോധിച്ച 3 പ്രവർത്തി ഫയലുകളുടെ.മസ്റ്ററോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു . മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടുണ്ട് .

**11. മെഷര്മെന്റ് ബുക്ക്**

മെഷര്മെന്റ് ബുക്കിൽ പ്രീ മെഷര്മെന്റ്,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് . പക്ഷെ ഒരു മെഷര്മെന്റ് ബുക്കിൽ മറ്റു വാർഡിലെയും പ്രവർത്തികളുടെ മെഷര്മെന്റ് കാണിച്ചിരിക്കുന്നു.

**12. മെറ്റീരിയൽ**

പ്രവർത്തികളിൽ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്ന ഒരു പ്രവർത്തിയും ഇല്ലായിരുന്നു

**13. വെജ്‌ലിസ്റ്റ്**

പരിശോധിച്ച 3 പ്രവർത്തിഫയലുകളും വേജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നു .

**14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

ഉണ്ടായിരുന്നു

**15. മെറ്റീരിയൽ വൗച്ചർ ബിൽ**

പരിശോധിച്ച 4 ഫയലുകളിൽ 4 പ്രവർത്തികളിൽ മെറ്റീരിയൽ ഉൾപ്പെടുന്നില്ല

**16. റോയൽറ്റി**

പരിശോധിച്ച 4 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**17. ഫോട്ടോഗ്രാഫ്** .

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല

18. **പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച 4 ഫൈലിലും പലതിലും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം കാണാൻ സാധിച്ചു .

**19. മസ്റ്റർ റോൾ മൂവേമെന്റ്**

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**22. സൈറ്റ് ഡയറി**

എല്ലാ ഫയലിലും സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു , തൊഴിൽ ഉപകരണങ്ങളുടെ വാടക, പൂരിപ്പിച്ചതായി കണ്ടു. ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

**തൊഴിൽ കാർഡ് പരിശോധന**

- തൊഴിൽ കാർഡുകളിൽ തൊഴിൽ ആവശ്യപ്പെട്ടുന്ന സംബന്ധിച്ച വിവരം, പ്രവർത്തിയുടെ അളവ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചു.

- മസ്റ്റർ റോൾ അനുവദിക്കപ്പെട്ട പ്രവർത്തി, കൂലി നൽകിയത് എന്നീ വിവരങ്ങൾ എഴുതിയത് ഭാഗികമാണ്.

**പ്രവർത്തി 1:**

**പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടിലെ ഖണ്ഡിക 5 പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കാൻ**

**1614010006/IF/ 337412**

**9 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്**

**എസ്റ്റിമേറ്റ്**

| S.no | പേര് | പ്രവൃത്തി കാടുവെട്ടൽ | നിരത്തികിളയ്ക്കൽ | മഴക്കുഴി കമ്പോസ്റ്റ് കുഴി | ബണ്ടുകൾ |
|---|---|---|---|---|---|
| 1 | തങ്കമണി | 32.1×16.3 | 32.1×12.3×.2 | 9 | |
| 2 | ലിസി | 24.1×31.9 | 24.1×26.1×.2 | | |
| 3 | രജനി | 14.5×11.9 | 14.5×10.2×.2 | | |
| 4 | ഇന്ദിരാമ്മ | 36.2×31.3 | 36.2×26.1×.2 | | |
| 5 | സിദ്ധാർത്ഥൻ | 34.9×43.9 | 34.9×36.7×.2 | | |

| | | | | | |
|---|---|---|---|---|---|
| 6 | ഷമ്മി ജോർജ് | 46.2×28.9 | 46.2×24.1×.2 | | |
| 7 | പ്രസന്ന | 37.2×27.2 | 37.2×21×.2 | | |
| 8 | ബിജി എസ് | 21.3×13.3 | 21.3×9.2×.2 | | |
| 9 | പ്രമീള | 48.2×36.1 | 48.2×31.1×.2 | | |

**കണ്ടെത്തൽ**

1. തങ്കമണിയുടെ പുരയിടത്തിൽ കാടു വെട്ടിയിട്ടുണ്ട് നിരത്തി കിളച്ചിട്ടുണ്ട് വയലിൽ വാഴ, മരച്ചീനി കൃഷി തുടങ്ങിയ പ്രവർത്തി ചെയ്തിട്ടുണ്ട് മഴക്കുഴി വേസ്റ്റ് കുഴിയോ കാണാൻ കഴിഞ്ഞില്ല.
2. ലിസിയുടെ പുരയിടത്തിൽ കാടു വെട്ടിയിട്ടുണ്ട് നിരത്തി കീളച്ചിട്ടുണ്ട് പക്ഷേ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള മഴക്കുഴി വേസ്റ്റ് കുഴിയോ കാണാൻ കഴിഞ്ഞില്ല. മരച്ചീനി, വാഴ തുടങ്ങിയ കൃഷികളും തെങ്ങിൻ തടം തുടങ്ങിയവ കണ്ടു
3. രജനിയുടെ പുരയിടത്തിൽ കാടു വെട്ടിയിട്ടുണ്ട് നിരത്തി കിളച്ചിട്ടുണ്ട് മരിച്ചീനി, മഞ്ഞൾ തുടങ്ങിയവ നട്ടിട്ടുണ്ട്. മഴക്കുഴി നിർമ്മാണം വേസ്റ്റ് കുഴി നിർമ്മാണവും കാണാൻ സാധിച്ചില്ല
4. ഇന്ദിരയുടെ പുരയിടത്തിൽ കാടു വെട്ടിയിട്ടുണ്ട് നിരത്തി കീളച്ചിട്ടുണ്ട് മരിച്ചീനി കൃഷി ചെയ്തിട്ടുണ്ട്. ഒരു മഴക്കുഴി കണ്ടു
5. സിദ്ധാർത്ഥന്റെ പുരയിടത്തിൽ കാടു വെട്ടി നിരത്തി കിളച്ചു വൃത്തിയായി കൃഷി ചെയ്തിട്ടുണ്ട് വാഴക്കുഴി, തെങ്ങിൻ തടം എടുത്തിട്ടുണ്ട് എന്നാൽ മഴക്കുഴി കണ്ടില്ല
6. ഷമ്മി ജോർജിന്റെ പുരയിടത്തിൽ കാടു വെട്ടിയിട്ടുണ്ട്. നിരത്തി കിളച്ചിട്ടുണ്ട്. പുരയിടം വൃത്തിയായി കാടുകയറാതെ

സൂക്ഷിച്ചിരിക്കുന്നു ബണ്ട് ചെയ്തിട്ടുണ്ട്.

7. പ്രസന്ന കുമാരി യുടെ പുരയിടത്തിൽ കാടു വെട്ടി നിരത്തി കിളച്ചു, വാഴക്കൃഷി ചെയ്തിരുന്നു. ബണ്ട് നിർമാണവും നടന്നിട്ടുണ്ട് വേസ്റ്റ് കുഴി ഒരെണ്ണം ഉണ്ട് പക്ഷേ അത് മൂടപ്പെട്ട നിലയിൽ ആണെന്ന് മാത്രം
8. ബിജിയുടെ പുരയിടത്തിൽ കാടു വെട്ടി നിരത്തി കിളച്ചിട്ടുണ്ട്. മരച്ചീനികൃഷി ആണ് കൂടുതലും ചെയ്തിരിക്കുന്നത്
9. പ്രമീളയുടെ പുരയിടത്തിൽ കാടു വെട്ടി നിരത്തി കിളച്ചിട്ടുണ്ട് ഒരു മഴക്കുഴി കണ്ടു.

**നിരീക്ഷണം**

1. 9 മഴക്കുഴിയോ വേസ്റ്റ് കുഴിയോ ആണ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത് എന്നാൽ ആകെ മൂന്നെണ്ണം മാത്രമേ പുരയിടങ്ങളിൽ കാണാൻ സാധിച്ചിട്ടുള്ളൂ ബാക്കി ആറെണ്ണം കാണാൻ സാധിച്ചിട്ടില്ല
2. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടില്ലാത്ത തെങ്ങിൻ കുഴി, തെങ്ങിൻ തടം വാഴകൃഷിയ്ക്ക് വാഴ കുഴി തുടങ്ങിയവ ചെയ്തിട്ടുണ്ട്
3. എസ്റ്റിമേറ്റിൽ കാണാത്ത പല പ്രവർത്തികളും തൊഴിലാളികൾ ഗുണഭോക്താക്കൾക്ക് വേണ്ടി ചെയ്യുന്നതായി സൈറ്റ് നിരീക്ഷണത്തിൽ നിന്നും മനസ്സിലായി
4. ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ എല്ലാം കൃഷിഭൂമി കൃഷിയോഗ്യമാക്ക്കി തന്നെ സൂക്ഷിച്ചിരിക്കുന്നു

**പ്രവർത്തി 2**

**സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ തട്ടു തിരിക്കൽ മൺ കയ്യാല എന്നിവ ഉൾപ്പടെയുള്ള മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ**

**1614010006/IF/ 337408**

**7 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിരിക്കുന്നത്**

**എസ്റ്റിമേറ്റ്**

| S.no | പേര് | പ്രവൃത്തി കാടുവെട്ടൽ | നിരത്തികിളയ്ക്കൽ | മഴക്കുഴി കമ്പോസ്റ്റ് കുഴി | ബണ്ടുകൾ |
|---|---|---|---|---|---|
| 1 | തങ്കമണി കൃഷ്ണവിലാസം | 4969.23 | 869.165 | 12 no | 12 എണ്ണം |
| 2 | അനിരുദ്ധ് കുറിപ്പ് കൃഷ്ണവിലാസം | | | | |
| 3 | ഷീന ഷീബ ഭവൻ | | | | |
| 4 | ശോഭന ബി ഷീബഭവൻ | | | | |
| 5 | ശ്യാമള കാട്ടിൽ ചിറ വീട് | | | | |
| 6 | ദീപ്തി പ്രണവം | | | | |
| 7 | ശിവാനന്ദൻ കൃഷ്ണ | | | | |

| | | | | | |
|---|---|---|---|---|---|
| | സദനം | | | | |

**കണ്ടത്തെലുകൾ**

1. തങ്കമണിയുടെ പുരയിടത്തിൽ ബണ്ട് കോരിയിട്ട്ടുണ്ട്. കാട് വെട്ടി നിരത്തി കിളച്ചിട്ടുണ്ട്. വാഴ, മരച്ചീനി എന്നിവ കൃഷി ചെയ്തിട്ടുണ്ട്. ഇപ്പോഴും ആ പുരയിടം ജൈവ സമ്പുഷ്ടമായ നിലനിർത്തിയിട്ടുണ്ട്
2. അനിരുദ്ധ് കുറുപ്പിന്റെ പുരയിടത്തിൽ ബണ്ടു ചെയ്തിട്ടുണ്ട് കാടു വെട്ടിയിട്ടുണ്ട്, നിരത്തി കിളച്ചിട്ടുണ്ട് വാഴ, മരച്ചീനി എന്നിവ കൃഷി ചെയ്തിട്ടുണ്ട. ഇപ്പോഴും പുരയിടം ഉപയോഗ്യമായ രീതിയിൽ നിലനിർത്തിയിട്ടുണ്ട്
3. ഷീനയുടെ പുരയിടത്തിൽ ബണ്ട് ചെയ്തതായി കാണാം. കാട് വെട്ടൽ, നിരത്തി കിളയിൽ തുടങ്ങിയ പ്രവൃത്തികൾ തൊഴിലാളികൾ ചെയ്തതായി വീട്ടുകാരോട് ചോദിച്ചപ്പോൾ പറഞ്ഞു. പക്ഷേ മുഴുവൻ കൃഷിയോഗ്യമല്ലാത്ത കാടുപിടിച്ച അവസ്ഥയിലാണ് പുരയിടം
4. ശോഭന ബിയുടെ പുരയിടത്തിൽ കാടു വെട്ടി നിരത്തി കിളച്ചിട്ടുണ്ട്.ബണ്ടുകൾ ഒന്നും കാണാൻ സാധിച്ചില്ല മഴയിൽ നശിച്ചു പോയതാണന്നെ് ഗുണഭോക്താവ് വിവരം നൽകി. ബണ്ടുകൾ ചെയ്തിരുന്നു
5. ശ്യാമയുടെ പുരയിടത്തിൽ കാട് വെട്ടൽ നിരത്തി കിളയ്കൽ തുടങ്ങിയ പ്രവർത്തികൾ ചെയ്തിട്ടുണ്ട് മഴക്കുഴി വേസ്റ്റ് കുഴി കണ്ടില്ല
6. ദീപ്തിയുടെ പുരയിടത്തിൽ ബണ്ടുകൾ ഒന്നും കാണാൻ സാധിച്ചിട്ടില്ല ചേമ്പ് നട്ടിട്ടുണ്ട് മഴയോ കമ്പോസ്റ്റ് കുഴിയോ കാണാൻ സാധിച്ചില്
7. ശിവാനന്ദന്റെ പുരയിടത്തിൽ തൊഴിലാളികൾ അവരുടെ പ്രവർത്തികൾ ആയ കാട് വെട്ടൽ നിരത്തി കിളയ്കൽ തുടങ്ങിയ പ്രവർത്തികൾ ഒക്കെ ചെയ്തിരുന്നു പക്ഷേ ഇപ്പോൾ കാടുപിടിച്ച അവസ്ഥയിലാണ് ഒന്നും അറിയാൻ സാധിക്കുന്നില്ല.

**നിരീക്ഷണം**

- ഈ സറൈറ്റുകൾ എല്ലാം സന്ദർശിച്ചു കഴിഞ്ഞപ്പോൾ അതിൽ പറഞ്ഞിരിക്കുന്ന **12മഴക്കുഴി, കമ്പോസ്ററ് കുഴി എങ്ങും തന്നെ കാണാൻ** സാധിച്ചില്ല
- ഗുണഭോക്താവിന് ആവശ്യാനുസരണമുള്ള ജോലികൾ മാത്രമാണ് പലസ്ഥലങ്ങളിലും ചെയ്തിരിക്കുന്നത്
- വാഴ കുഴി, തെങ്ങിൻ തടം, തെങ്ങിൻ കുഴി എന്നിവ എസ്ററിമേറ്റിൽ ഇല്ലാത്ത പ്രവർത്തികൾ ആണ്. ഈ പ്രവർത്തികൾ മെഷർമെന്റ് ബുക്കിൽ മെഷർ ചെയ്ത തുക രേഖപ്പെടുത്തിയിട്ടില്ല പക്ഷേ ആ പ്രവർത്തികൾ കൃഷിയോഗ്യമാക്കൽ എന്ന് മാത്രം ഉൾക്കൊള്ളിച്ച് ആയിരിക്കാം ചെയ്തിട്ടുള്ളത്
- ബണ്ടുകൾ ചെയ്തിട്ടുണ്ട്.

**പ്രവർത്തി 3**

**പരിഷ്കരിച്ച പട്ടിക 1 വകുപ്പ് രണ്ടിലെ ഖണ്ഡിക 5 പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ**

**1614010006/IF/337407**

**7 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.**

1. ജഗദമ്മ, ജഗദ വിലാസം
2. വസന്തകുമാരി, ശരത് ഭവൻ
3. സാവിത്രി, വടക്ക്തിനകത്ത്
4. റീത്ത, ഗുരുദേവ്
5. ദിലീപ് കുമാർ, വലിയ വിളാകം
6. ശാന്തമ്മ, കിടങ്ങിൽ വീട്
7. രജനി, മുള്ളുവിള വീട്

## കണ്ടത്തെലുകൾ

- വസന്തകുമാരി, ശരത് ഭവൻ

ശാന്തമ്മ, കിടങ്ങിൽ വീട്

എന്നിവ മാത്രമാണ് കാണാൻ സാധിച്ചത്.

- വസന്തകുമാരിയുടെ പുരയിടത്തിൽ ബണ്ട് എടുത്തിട്ടുണ്ട്. മരച്ചീനി കൃഷി ച്യ്തിട്ടുണ്ട്.
- ശാന്തമ്മയുടെ പുരയിടത്തിൽ ബണ്ടു pചയ്തിട്ടുണ്ട്, മരച്ചീനി, വാഴക്കൃഷി തുടങ്ങിയവ ചയ്തിട്ടുണ്ട്.

## നിരീക്ഷണം

- എസ്റ്റിമറ്റേിൽ പറഞ്ഞിട്ടുള്ള ജഗദമ്മ, ജഗദ വിലാസം, സാവിത്രി, വടക്ക്തിനകത്ത്, റീത്ത, ഗുരുദവേ്, ദിലീപ് കുമാർ, വലിയ വിളാകം,രജനി,മുള്ളുവിള വീട് ഇവരുടെ പുരയിടം കാണാൻ കഴിഞ്ഞിട്ടില്ല.ഇവരുടെ പുരയിടം ചയ്ത വർക്കിൽ ഉൾപ്പടെട്ടിരുന്നില്ല എന്നാണ് മറ്റേ് പറഞ്ഞത്.അത് കൊണ്ട് തന്നെ എസ്റ്റിമറ്റേിൽ പ്രകാരമുള്ള പ്രവർത്തികൾ ഫീൽഡിൽ കാണാൻ സാധിച്ചില്ല.
- പകരം ഇന്ദിര നന്ദു കോട്ടജ് , രാഹുൽ രാഹുൽ നിവാസ്, ശീതള മണി സുമ എം. വാറുവിള വീട് തുടങ്ങിയ ഗുണഭോകതാക്കളുടെ പ്രവർത്തി ആണ് കാണാൻ കഴിഞ്ഞത്

## പൊതു നിരീക്ഷണം

- തൊഴിലാളികൾ അവരുടെ പ്രവർത്തികൾ കൃത്യമായി ചെയ്യുന്നുണ്ട് പക്ഷെ ഗുണഭോകതാക്കൾ അത് ഉപയോഗിക്കുന്നില്ല വീണ്ടും മൂന്നുവർഷം കഴിഞ്ഞു ഭൂവികസന പ്രവർത്തനത്തിലൂടെ ഗുണഭോകതാക്കളുടെ പുരയിടത്തിൽ പ്രവർത്തി ചെയ്തു കൊടുക്കുമെന്ന കരുതലുണ്ട്.
- തൊഴിലാളികൾക്ക് വേതനം കൃത്യസമയത്ത് ലഭിക്കുന്നില്ല ഒരുപാട് വൈകിയാണ് അവർക്ക് വേതനം ലഭിക്കുന്നത് അതിനാൽ തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുകൾ സഹായിക്കുന്നുണ്ട് വേതനം കിട്ടുമെന്ന് കരുതി പലരും കടംവാങ്ങിയും പിന്നീട് കൊടുക്കാൻ പറ്റാതെ ആവുകയും ചെയ്യുന്ന തുടങ്ങിയ പരാതികൾ നിരവധി പേരുടെ ഭാഗത്തുനിന്ന് കേൾക്കാൻ കഴിഞ്ഞു.

- തൊഴിലാളികൾ ഫ്രണ്ട് ഓഫീസ് മുഖേനെ അപേക്ഷ നൽകുകയോ കൈപ്പറ്റ് രസീത് വാങ്ങിക്കുകയും ചെയ്യുന്നില്ല.
- വർക്ക് ഫയലിൽ ഉൾപ്പെടുത്തേണ്ട 22 ഇനം ഡോക്യുമെന്റുകൾ എല്ലാം തന്നെ ഫയലിൽ ഉൾപെടുത്തുന്നില്ല.
- എസ്റ്റിമേറ്റ് ജനകിയ ഭാഷയിൽ എഴുതുന്നില്ല
- ഓരോ പ്രവൃത്തിയുടെയും ഉദ്ദേശ്യലക്ഷ്യം ഗുണഭോക്താക്കളെ പറഞ്ഞു ബോധ്യപെടുത്തുന്നില്ല.
- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയ്ക്ക് പുറമെ ഗുണഭോക്താക്കൾ പറയുന്ന പ്രവർത്തികൾ കൂടി ചെയ്യേണ്ടി വരുന്നു.
- തൊഴിലാളികൾ പ്രാഥമിക ശുശ്രൂഷാകിട്, ടാർപോളിൻ ചികിത്സാചെലവ് തുടങ്ങിയ ബിൽ സമർപ്പിച്ചാൽ അതിനുള്ള പരിഹാരം ഉടൻ തന്നെ പരിഹാരം കാണുന്നുണ്ട്.
- പഞ്ചായത്തിൽ മെറ്റീരിയൽ പ്രവർത്തികൾ ധാരാളമായി കാണാം
- എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പ്രവർത്തികളും കാണാൻ സാധിക്കുന്നില്ല..
- പഞ്ചായത്തിലെ Nrega സ്റ്റാഫുകൾ നല്ല രീതിയിൽ തൊഴിലാളികൾക്കു തൊഴിൽ ലഭിക്കുന്നതിനും മറ്റു അവകാശങ്ങൾ നേടി എടുക്കുന്നതിനും വളരെയധികം സഹായിക്കുന്നുണ്ട് എന്നു മനസിലാക്കാൻ സാധിച്ചു.
- AMC പ്രകാരമുള്ള 22 ഡോക്യുമെന്റസ് ഫയൽ ചെയ്യുന്നില്ല.
- ത്രീസ്റ്റേജ് ഫോട്ടോഗ്രാഫ്, വർക്ക് അലോക്കേഷൻ ഫോം, ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോ, ഡ്രോയിങ്ങ് ആൻഡ് ഡിസൈൻ ഒരു ഫൈലിലും ഇല്ലായിരുന്നു.
- സൈറ്റ് ഡയറിയിൽ പദ്ധതിച്ചിലവ് എഴുതുന്നില്ല.
- 53 സജീവ തൊഴിലാളികൾ

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്, തുക വിനിയോഗം, തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപെട്ടു ഒറ്റൂർ പഞ്ചായത്തിലെ 13 വാർഡുകളിലും നടത്തപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 17 -)o വകുപ്പ് പ്രകാരം 29/11/2019 മൂങ്ങോട് ജ്ഞാനോദയാ ഗ്രന്ഥശാല കേന്ദ്രത്തിൽ നടത്തിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ചർച്ചയുടെ വിവരങ്ങളും തീരുമാനങ്ങളും

അജണ്ട

- സ്വാഗതം
- അദ്ധ്യക്ഷനെ തിരഞ്ഞെടുക്കൽ
- റിപ്പോർട്ട് അവതരണം
- ചർച്ചയും ക്രോഡീകരണവും
- നന്ദി

100 തൊഴിൽ ദിനം ലഭിച്ച രത്നവല്ലിയെ അധ്യക്ഷയായി തിരഞ്ഞെടുത്തു. സ്വാഗതം വാർഡ് മെമ്പർ സുചിത്ര പറഞ്ഞു.

അടുത്തതായി പ്രതിജ്ഞ vrp സുഹൈൽ ചൊല്ലിക്കൊടുത്തു .

സോഷ്യൽ ഓഡിറ്റ് എന്താണെന്നും ഗ്രാമസഭയുടെ അവശ്യ കഥയും vrp സൗമ്യ എസ് ബി തൊഴിലാളികളോട് പറഞ്ഞു. . ആമുഖം, തൊഴിലാളികളുടെ 10 അവകാശം, വിവരാകാശത്തെ കുറിച്ച് vrp സൗമ്യ R ജനങ്ങളെബോധവാന്മാരാക്കി.

റിപ്പോർട്ട് അവതരണം vrp അനിൽ സുചിത്ര ചിത്ര നിർവഹിച്ചു. ഈ ഗ്രാമസഭയിൽ 46 പേർ പങ്കെടുക്കുകയുണ്ടായി. തുടർന്ന് ചർച്ച തുടങ്ങി, തൊഴിലാളികളുടെ ആവശ്യങ്ങളും പരാതികളും ചുവടെ ചേർക്കുന്നു:

1. തങ്കച്ചി : എസ്റ്റിമേറ്റിൽ പറയുന്ന പ്രവർത്തികൾ അല്ല ചെയ്യുന്നത് വീട്ടുകാർ പറയുന്ന പ്രവർത്തികൾ ചെയ്യേണ്ടി വരുന്നു.
2. തൊഴിലാളികൾ: വേതനം കൃത്യ സമയത്ത് ലഭിക്കുന്നില്ല?
3. പ്രമീള :തൊഴിൽ സമയം നാലുമണിവരെ ആക്കണം
4. പ്രമീള :പ്രവർത്തി സ്ഥലത്ത് മഴക്കുഴി കംപോസ്റ്റുകുഴി എടുക്കാൻ വീട്ടുകാർ സമ്മതിക്കില്ല കുട്ടികളുള്ള വീടുകളിൽ കുഴികളിൽ കുട്ടികൾ വീണുപോകുമോ എന്ന പേടി ഉള്ളത് കൊണ്ടാണെന്നു പറയുന്നു
5. ഔഷധ സസ്യങ്ങളുടെ നഴ്സറി ചെയ്യുതിൽ അതിന്റെ പരിപാലനത്തിനായി വെള്ളം നനയ്ക്കാൻ ഒരുപാടു ദൂരെ പോകണമെന്ന് ലീല പരാതിപ്പെട്ടു
6. വർഷങ്ങൾക് മുൻപ് ഒരു പ്രവർത്തിക് ഇടയിൽ ഒരു തൊഴിലാളിക്ക് വീണു തലയ്ക്കു മുറിവ് പറ്റുകയും മറ്റൊരാളെ പട്ടി കടിക്കുകയും ചെയ്തു അതിന്റെ ചികിത്സ ചെലവ് കിട്ടിയിട്ടില്ല -?മാറ്റ് ഉഷ
7. ലീല ഇനി മുതൽ നഴ്സറി പോലത്തെ പ്രവർത്തികൾ ഏറ്റെടുക്കില്ല

**മറുപടി**

1. പഞ്ചായത്തിൽ നിന്നും mustroll കൊടുത്തു കഴിഞ്ഞു 7 ദിവസത്തിനുള്ളിൽ Mis ഇൽ അപ്‌ലോഡ് ചെയ്തിരിക്കും. സെൻട്രൽ ഇൽ നിന്നു ഫണ്ട് വരുമ്പോ മാർച്ച് മാസം ഒക്കെ ആകുമ്പോൾ ഫണ്ടിന് കുറവ് വരാൻ സാദ്യതയുണ്ട് കുറവുള്ള ഫണ്ട് കണ്ടെത്തണം അതിൽ നിന്നൊക്കെ ആണ് ഈ താമസം വരുന്നത് പിന്നെ ബാങ്കിൽ നിന്നും ഫണ്ട് വരുന്നതിന്റെ താമസം ഉണ്ട് Vrp അനിൽ സുചിത്ര ചിത്ര, ഓവർസീർ
2. അത് സോഷ്യൽ ഓഡിറ്റിന്റെ പരിധിയിൽ നിക്കുന്ന കാര്യമല്ല റിപ്പോർട്ടിൽ ഉറപ്പായും പരാമര്ശിക്കും. Vrp സുഹൈൽഎ എസ്
3. മഴകുഴിയുടെ ഉപയോഗങ്ങൾ എന്തണെന്ന് പറഞ്ഞു മനസിലാക്കണം എന്നാ കഴിവതും ഇതുപോലത്തെ ആസ്തികൾ ഇനി മുതൽ ഉണ്ടായിരിക്കണം എന്നും ഓവര്സീർ പറഞ്ഞു.
4. 24 പേർ ഗ്രൂപ്പിൽ രാവിലെയും വൈകിട്ടായും ഗ്രൂപ്പ് തിരിഞ്ഞു മാറി മാറി പോയി ചെയ്യാൻ പറ്റുമെങ്കിൽ അത് തമ്മിൽ തീരുമാനിച്ചു ചെയ്യാൻ vrp അനിൽ സുചിത്ര ചിത്ര പറഞ്ഞു
5. പഞ്ചായത്തിൽ ഒപ്റ്റിക്കറ്റും ചികിത്സയ്ക്കുന്നതായ ചിലവിന്റെ ബില്ലുകളും കൊണ്ട് വന്നിട്ടുണ്ടെങ്കിൽ ഉറപ്പായും കൊടുത്തിട്ടുണ്ടാകും സംശയമുണ്ടെങ്കിൽ തൊഴിൽ കാർഡുമായി വന്നാൽ മതി അത് നോകാം എന്നു ഓവര്സീർ പറഞ്ഞു, പരിക്കുപറ്റി കൊണ്ടുപോകുന്ന വാഹനത്തിന്റെ ചെലവ് ടിപ്ഷീറ്റില് അല്ലെങ്കിൽ അത് സെക്രട്ടറി പാസ്സ് ചെയ്യില്ലെന്നും പാസ്സ് ചെയ്താൽ ലോക്കൽ ഓഡിറ്റ് കാർ അതിനെ ഒബ്ജക്റ്റ് ചെയ്യുമെന്നും ഓവര്സീർ പറഞ്ഞു. ഇതുവരെ ഉള്ള എല്ലാ ചികിത്സ ചിലവുകളും കൊടുത്തിട്ടുണ്ട് എന്നു അവർ പറഞ്ഞു.
6. തൊഴിലിനു അപേക്ഷ നൽകുമ്പോൾ അതിനു തെളിവ് ആയി ലഭിക്കുന്ന കൈപറ്റ റിസെപ്റ്റിൽ 15

ദിവസത്തിനകം പഞ്ചായത്തിൽ നിന്നു ലഭിക്കുന്ന എന്ത് ജോലിയും ചെയ്തു കൊള്ളാമെന്നാണ് തൊഴിലാളികൾ ഉറപ്പ് കൊടുക്കുന്നത്, പിന്നെ ജോലി ചെയ്യാൻ പറ്റില്ലെങ്കിൽ ആ വർക് ചെയ്യാൻ സന്നദ്ധരായിട്ടുള്ളവർക് കൊടുക്കേണ്ടി വരും ആ സാഹചര്യത്തിൽ നിങ്ങള്ക്ക് പ്രവർത്തി തരാൻ പറ്റാതെ വരും. മാത്രമല്ല വലിയ കഷ്ടപാടുള്ള ജോലി അല്ല കിറ്റിൽ മണ്ണ് നിറച്ചു തൈ നടണം. , ഓവർസീർ

Vrp അനിൽ സുചിത്ര ചിത്ര തൊഴിൽ സ്ഥലത്തു അപകടം നടന്നാൽ എന്തൊക്കെ ചെയ്യണം എന്നും, തൊഴിലിനു വേണ്ടിയുള്ള അപേക്ഷ ഫ്രോൻറ്റോഫീസ് മുഖേനെ നൽകണം എന്നും കൈപറ്റു റെസിപ്റ് വാങ്ങിക്കണം എന്നുള്ള അവകാശങ്ങൾ പറഞ്ഞു മനസിലാക്കി.

**തീരുമാനം**

- ആസ്തികൾ ഉള്ള പ്രവർത്തികൾ കൂടുതൽ ചെയ്യണം എന്നും പറഞ്ഞു.
- ജോലിക്കുള്ള അപേക്ഷ ഫ്രണ്ട് ഓഫീസ് മുഖേന നൽകുമെന്നും കൈപ്പറ്റ് രസീത് വായിക്കുമെന്നും തൊഴിലാളികൾ പറഞ്ഞു
- ആസ്തിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്യാമെന്നും തൊഴിലാളികൾ പറഞ്ഞു
- മഴക്കുഴിയുടെ യും കമ്പോസ്റ്റ് കുഴിയും ആവശ്യകഥ ഗുണഭോക്താക്കളെ പറഞ്ഞു മനസ്സിലാക്കാം എന്നും അവർ പറഞ്ഞു

46 തൊഴിലാളികൾ ഗ്രാമസഭയിൽ പങ്കെടുത്തു.തുടർന്ന് റിപ്പോർട്ട് തൊഴിലുറപ്പ് അംഗങ്ങൾ കൈയടിച്ചു പാസാക്കി തൊഴിലാളികളെ പ്രതിനിധീകരിച്ചുകൊണ്ട് അധ്യക്ഷൻ എല്ലാവർക്കും നന്ദി പറഞ്ഞു

## നന്ദി

വർക്കല ബ്ലോക്ക് ഒറ്റൂർ പഞ്ചായത്തിലെ വാർഡ് 11 ലെ 2018-19 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ഒറ്റൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

# മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

# തിരുവനന്തപുരം

**വർക്കല ബ്ലോക്ക്**

**ഒറ്റൂർ ഗ്രാമപഞ്ചായത്ത്**

**വാർഡ്- 13 ( ശ്രീനാരായണപുരം )**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 01/10/2018 to 31/3/2019**

## റിപ്പോർട്ട് തയാറാക്കിയത്

തിരുവനന്തപുരം  സോഷ്യൽ ഓഡിറ്റ്  ജില്ലാ ടീം

സ്വപ്ന എ എസ്, സൗമ്യ ആർ, ശ്രീല. ആർ, സുമി. ആർ, ശംഭു ചന്ദ്രൻ

# ഭരണഘടനാ പ്രതിജ്ഞ

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനുംഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവുംസാമ്പത്തികവും രാഷ്ട്രീയവുമായ

നീതി, ചിന്ത, ആശയാവിഷ്കാരം,

വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബർ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു.

ഇന്ന് 2019 നവംബർ 26- ആം തീയതി ശ്രീനാരായണപുരം യു. പി സ്കൂളിൽ

കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായ ഞങ്ങൾ ഭരണഘടനാ മൂല്യങ്ങൾ നടപ്പിലാക്കുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്യുന്നു.

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 -ൽ വിജ്ഞാപനം ചെയ്തെങ്കിലും 2005ൽ  പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2006 ഫെബ്രുവരി രണ്ടിന് രാജ്യത്ത് തുടക്കംകുറിച്ചു. മൂന്ന് ഘട്ടങ്ങളായി 2008ൽ  നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ

കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യ അധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജന വിഭാഗങ്ങൾക്കായി ഈടുറ്റതും, ഗുണമേന്മയുള്ളതും ഉൽപാദനക്ഷമത ഉള്ള ഉപജീവന ആസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. മഹാത്മാഗാന്ധി എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് അനുപൂരകമായി ജമ്മു-കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും മഹാത്മാഗാന്ധി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ ഉറപ്പു നൽകുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണമെന്ന് നിയമത്തിലെ 17- വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും

സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു**

1. തൊഴിൽ കാർഡിന് അപേക്ഷിക്കാൻ ഉം 15 ദിവസത്തിനകം ലഭിക്കുവാനും ഉള്ള അവകാശം

2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം

4. ഏറ്റെടുക്കേണ്ട പ്രവർത്തികൾ

ആസൂത്രണം ചെയ്യുവാനുള്ള അവകാശം

5. താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനും ഉള്ള അവകാശം

6. കുടിവെള്ളം തണൽ പ്രാഥമിക ശുശ്രൂഷ കിറ്റ് തൊഴിലാളികളോട് ഒപ്പം അഞ്ചു വയസ്സിനു താഴെയുള്ള അഞ്ചു കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ട് എങ്കിൽ അവരെ നോക്കാനായി ആയ, ഇതിനായുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

8. കൂലി ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം

കിട്ടുന്നതിനുള്ള അവകാശം

9. പരാതികളിൽ സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

# പൊതുവിവരങ്ങൾ

## ഒറ്റൂർ ഗ്രാമപഞ്ചായത്ത്

ജില്ല : തിരുവനന്തപുരം
ബ്ലോക്ക് : വർക്കല

പഞ്ചായത്ത് : ഒറ്റൂർ

വിസ്തീർണ്ണം : 9.47ച. കി.മി

വാർഡുകളുടെ എണ്ണം :13

ജനസംഖ്യ : 21612 (2011 ലെ സെൻസസ് പ്രകാരം)

സ്ത്രീകൾ : 10132

പുരുഷന്മാർ : 11480

പട്ടികജാതി : 2796

പ്രസിഡന്റ് : ആർ. സുഭാഷ്

സെക്രട്ടറി : ഡി. അനിൽ കുമാർ

വാർഡ് :ശ്രീനാരായണപുരം

വാർഡ്മെമ്പർ :അജിത

രജിസ്ട്രേഡ് വർക്കേഴ്സ് : 3273

സജീവ തൊഴിലാളികൾ : 938

100 ജോലി തികഞ്ഞവർ : 334

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

തിരുവനന്തപുരം ജില്ല

വർക്കല ബ്ലോക്ക്

ഒറ്റൂർ ഗ്രാമപഞ്ചായത്ത്

വാർഡ് :13

1)പ്രവർത്തിയുടെ പേര് :സ്വകാര്യ ഭൂവുടമകളുടെ ഭൂമി തട്ടുതിരിക്കൽ, മൺകയ്യാല എന്നിവ ഉൾപ്പെടെയുള്ള മണ്ണ്, ജല സംരക്ഷണ പ്രവൃത്തികൾ

പ്രവർത്തിയുടെ കോഡ് :1614010006/IF/379466

അടങ്കൽ തുക :101326

ചിലവായ തുക :92736

പ്രവർത്തി ആരംഭിച്ച തീയതി :04/02/2019

പ്രവൃത്തി പൂർത്തീകരിച്ച തീയതി :19/02/2019

ആകെ തൊഴിൽദിനങ്ങൾ : 336

മസ്റ്റർ റോളുകളുടെ എണ്ണം : 18

മേറ്റ് :ഗീത. കെ

2)പ്രവർത്തിയുടെ പേര് : വലിയവിളാകം തോട് പുനരുദ്ധാരണം.

പ്രവർത്തിയുടെ കോഡ് :1614010006/WH/301674

അടങ്കൽ തുക :103442

ചിലവായ തുക :97704

പ്രവൃത്തി ആരംഭിച്ച തീയതി :30/11/2018

പ്രവർത്തി അവസാനിച്ച തീയതി :11/12/2018

ആകെ തൊഴിൽദിനങ്ങൾ : 354

മസ്റ്റർ റോളുകളുടെ എണ്ണം : 14

മേറ്റ് :ഗീത.കെ

3)പ്രവർത്തിയുടെ പേര്  : പരിഷ്കരിച്ച പട്ടിക ഒന്ന് വകുപ്പ് (2)ലെ ഖണ്ഡിക (5)-ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കൽ

പ്രവൃത്തിയുടെ  കോഡ് :1614010006/IF/337411

അടങ്കൽ തുക : 171173

ചിലവായ തുക :165324

പ്രവൃത്തി ആരംഭിച്ച തീയതി :29/10/2018

പ്രവർത്തി അവസാനിച്ച തീയതി : 16/11/2019

ആകെ തൊഴിൽദിനങ്ങൾ : 599

മസ്റ്റർ റോളുകളുടെ എണ്ണം : 28

മേറ്റ് : ഗീത.കെ

# വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ഫയലുകളിലെ പൊതുവായ കണ്ടെത്തലുകൾ

1. കവർ പേജ് : പരിശോധിച്ച രണ്ട് ഫയലുകളിൽ  വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് കാണാൻ സാധിച്ചു. ഒരു ഫയലിൽ കവർ പേജ് ഇല്ലായിരുന്നു.

2.ചെക്ക് ലിസ്റ്റ് : വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് രണ്ട് ഫയലിൽ കാണാൻ സാധിച്ചു. ഒരു ഫയലിൽ ഇല്ലായിരുന്നു.

3.ആക്ഷൻ പ്ലാൻ : പരിശോധിച്ച 3 ഫയലുകളിലും ആക്ഷൻപ്ലാൻ കോപ്പി കാണാൻ സാധിച്ചില്ല.

4.ഭരണാനുമതി : പ്രത്യേകമായി ഭരണാനുമതി ഇല്ലായിരുന്നു. എന്നാൽ ഭരണാനുമതി നമ്പർ സാങ്കേതികാനുമതി ഫോമിൽ ഉൾപ്പെടുത്തിയിരുന്നു.

5.സാങ്കേതിക അനുമതി : പരിശോധിച്ച 3 ഫയലുകളിലും പ്രാദേശികമായി തയ്യാറാക്കിയ സാങ്കേതിക അനുമതി

പത്രം ഉണ്ട്.

6. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് : പരിശോധിച്ച 3 ഫയലുകളിലും ഡീറ്റെയിൽഡ്  എസ്റ്റിമേറ്റ് ഉണ്ടായിരുന്നു . ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും സീലും ഉണ്ടായിരുന്നു.

7. ഡ്രോയിങ് & ഡിസൈനിങ് : പരിശോധനക്ക് വിധേയമാക്കിയ 3 ഫയലുകളിലും ഡ്രോയിംഗ് ആൻഡ് ഡിസൈനിങ് ലഭ്യമല്ല.

8.ഡിമാൻഡ് ഫോം : രണ്ട് ഫയലുകളിൽ ഡിമാൻഡ് ഫോം ഇല്ലായിരുന്നു. ഒരു ഫയലിൽ മേറ്റ് നൽകിയ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.

9. വർക്ക് അലോക്കേഷൻ ഫോം: പരിശോധിച്ച ഫയലുകളിൽ  വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നില്ല.

10. ഇ -മസ്റ്ററോൾ : മൂന്നു ഫയലുകളിലും മസ്റ്ററോൾ ഉണ്ടായിരുന്നു.

11. മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് : മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ് പരിശോധിച്ച  എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

12.വേജ് ലിസ്റ്റ് : പരിശോധിച്ച 3 ഫയലുകളിലും  വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

13. ഫണ്ട് ട്രാൻസ്ഫർ ഓർഡർ: പരിശോധിച്ച  3 ഫയലുകളിലും എഫ്.ടി.ഒ. കാണാൻ സാധിച്ചു.

14. എം  ബുക്ക് : പരിശോധിച്ച 3 ഫയലുകളിലും  എം  ബുക്ക് ഉണ്ട്.

15. മെറ്റീരിയൽ പ്രൊക്യുർമെൻറ് സ്റ്റേറ്റ്മെൻറ്:

പ്രവർത്തികൾ ഒന്നുംതന്നെ മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുന്നതല്ല അതുകൊണ്ട് ഇത് ബാധകമല്ല.

16. മെറ്റീരിയൽ ബില്ല് &വൗച്ചർ : 3 ഫയലുകൾക്കും  ഇത് ബാധകമല്ല.

17. റോയൽറ്റി പെയ്മെൻറ് റെസിപ്റ് : മൂന്നു ഫയലുകൾക്കും ഇത് ബാധകമായിരുന്നില്ല.

18.ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്: പരിശോധിച്ച 3 ഫയലുകളിലും ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചില്ല.

19.ജിയോ ട്രാക്ക്  ഫോട്ടോഗ്രാഫ് : ഒരു ഫയലിലും കാണാൻ സാധിച്ചില്ല.

20.വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്: പരിശോധിച്ച ഒരു ഫയലിൽ മാത്രമേ കാണാൻ സാധിച്ചുള്ളൂ.

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

പരിശോധിച്ച 3 ഫയലുകളിലും കാണാൻ സാധിച്ചില്ല.

22.സൈറ്റ് ഡയറി: പരിശോധിച്ച 3 ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു. എന്നാൽ അപൂർണ്ണമായിരുന്നു.

# നിരീക്ഷണങ്ങളും കണ്ടെത്തലുകളും

WH/301674-വലിയവിളാകം തോട് പുനരുദ്ധാരണം.

* എസ്റ്റിമേറ്റ് പ്രകാരം 1000മീറ്റർ

നീളമാണ് തോടിനു പറഞ്ഞിരിക്കുന്നത്.

* 1000 മീറ്റർ നീളമുള്ള തോടിന്റെ കുറച്ച് ഭാഗം മാത്രമേ അളക്കാൻ കഴിഞ്ഞുള്ളു. ബാക്കി ഭാഗം കാടുകയറിയ നിലയിൽ ആയിരുന്നു.

IF/337411

*എസ്റ്റിമേറ്റ് പ്രകാരം കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി 10മഴക്കുഴികൾ, 10കമ്പോസ്റ്റു കുഴികൾ, 13 മൺകയ്യാല എന്നിങ്ങനയാണ് പറഞ്ഞിരിക്കുന്നത്.

*ശാന്തമ്മയുടെയും മിനിയുടെയും പുരയിടങ്ങളിൽ വാഴ, മരച്ചീനി, ചേമ്പ് എന്നിവയുടെ കൃഷി സജീവമായിരുന്നു.. രണ്ട് പുരയിടങ്ങളിലും കമ്പോസ്റ്റു കുഴിയും മഴക്കുഴിയും ഓരോന്ന് വീതം കാണാൻ

സാധിച്ചു. എന്നാൽ മിനിയുടെ പുരയിടത്തിലെ മഴക്കുഴി വേസ്റ്റ് കൊണ്ട് മൂടിയ നിലയിൽ ആയിരുന്നു.

*ലളിത, സുഗന്ധി എന്നിവരുടെ പുരയിടങ്ങളിൽ വാഴയും മരച്ചീനിയും ആണ്  കൂടുതൽ കൃഷി ചെയ്തിരുന്നത്. രണ്ട് പുരയിടങ്ങളിലും കമ്പോസ്റ്റു കുഴിയും മഴക്കുഴിയും ഉണ്ടായിരുന്നുവെങ്കിലും സുഗന്ധിയുടെ പുരയിടത്തിൽ മാത്രമേ മൂന്നു മൺകയ്യാലകൾ കാണാൻ സാധിച്ചുള്ളൂ.

*സുലേഖയുടെ പുരയിടത്തിൽ മരച്ചീനി, വാഴ, കൂവ എന്നീ കൃഷികളും 2മൺകയ്യാലകളും ഉണ്ടായിരുന്നു.

IF/379466

*ഫാലലോജൻ എന്ന വ്യക്തിയുടെ പുരയിടം കിളച്ചു

കൃഷിയോഗ്യമാക്കിയ നിലയിൽ ആയിരുന്നു. കുരുമുളക് കൃഷിയായിരുന്നു കൂടുതലും കാണാൻ സാധിച്ചത്.

*കമലമ്മ, സുലത എന്നിവരുടെ പുരയിടങ്ങളിൽ മരച്ചീനി, ചേന, ചേമ്പ്, മഞ്ഞൾ എന്നിവ കൃഷി ചെയ്തിരുന്നു. രണ്ടടിടത്തും കൂടി 5 മൺകയ്യാലകൾ കാണാൻ സാധിച്ചു.

*ലക്ഷ്മിക്കുട്ടിയമ്മ, ഉഷാകുമാരി, സരസ്വതി എന്നിവരുടെ പുരയിടങ്ങളിൽ മരച്ചീനി, ചേന, ചേമ്പ് എന്നിവയായിരുന്നു കൃഷിയിനങ്ങൾ. ലക്ഷ്മിക്കുട്ടിയമ്മയുടെ പുരയിടത്തിൽ മഴക്കുഴിയിൽ വാഴ നട്ടതായി കാണപ്പെട്ടു.

*13-ആം വാർഡിൽ 65 സജീവ തൊഴിലാളികളിൽ 16പേർക്ക് മാത്രമേ

100 തൊഴിൽ ദിനങ്ങൾ ലഭിച്ചിരുന്നുള്ളു. ഈ വർഷം 20 തൊഴിൽ ദിനങ്ങൾ ലഭിച്ചു കഴിഞ്ഞിരുന്നു.

*തണൽ സൗകര്യം, ഫസ്റ്റ് എയ്ഡ് എന്നിവ ഉണ്ടായിരുന്നു. തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാസാമഗ്രികൾ ലഭ്യമായിരുന്നില്ല.

*ഫയൽ നമ്പർ IF/301674 ൽ മസ്റ്റർറോൾ നമ്പർ 16146, 16147, 16148 എന്നിവയിൽ തിരുത്തലുകൾ കാണപ്പെട്ടു. മസ്റ്റർറോളിൽ ആകെ തൊഴിൽ ദിനങ്ങൾ ദിനങ്ങൾ 354എന്നും ആകെ തുകയിൽ നിന്നും ഒരു ദിവസത്തെ വേതനം കുറച്ച് ആകെ കണക്കാക്കിയിരുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

--------------- ---------------

**ഗ്രാമസഭ റിപ്പോർട്ട്**

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ 13-ആം വാർഡിലെ (ശ്രീനാരായണപുരം) ഗ്രാമസഭ 26-11-2019 ന് വൈകുന്നേരം 3 മണിക്ക് ശ്രീനാരായണപുരം യു. പി സ്കൂളിൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി പങ്കെടുത്ത തൊഴിലാളികളിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കമലമ്മയെ അധ്യക്ഷയായി തിരഞ്ഞെടുത്തു. വി.ആർ.പി സ്വപ്ന ഭരണഘടനാ പ്രതിജ്ഞ ചൊല്ലി കൊടുത്തു. ശേഷം 13-ആം വാർഡ് മെമ്പർ അജിത എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് വി.ആർ. പി സൗമ്യ തൊഴിലുറപ്പ് പദ്ധതിയെ കുറിച്ചും സോഷ്യൽ ഓഡിറ്റിനെ കുറിച്ചും ഒരു ആമുഖ പ്രസംഗം

നടത്തി. അതിനുശേഷം വി.ആർ.പി ശ്രീല തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്കു ലഭിക്കേണ്ട പ്രധാന പത്തു അവകാശങ്ങളെ കുറിച്ച് വിശദമാക്കി. അതിനുശേഷം റിപ്പോർട്ട് അവതരണത്തിലേക്ക് കടന്നു. ഫയൽ പരിശോധനയുടെയും ഫീൽഡ് നിരീക്ഷണങ്ങളുടെയും വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് വി.ആർ.പി സുമി അവതരിപ്പിച്ചു. റിപ്പോർട്ട് അവതരണത്തിന് ശേഷം റിപ്പോർട്ടിന്റെ ഉള്ളടക്കത്തെയും തൊഴിലാളികളുടെ പരാതികളും ആവശ്യങ്ങളും അറിയുന്നതിനായി ചർച്ചയിലേക്ക് കടന്നു.

പ്രധാനമായും ചെയ്ത തൊഴിലിനു വേതനം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നു എന്നുള്ളതായിരുന്നു തൊഴിലാളികളുടെ പരാതി.

ഈ കാലതാമസം പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉള്ളതല്ല അവർ കൃത്യമായി മേലധികാരികൾക്ക് റിപ്പോർട്ട് അയക്കുന്നുണ്ടെന്നും അവിടെ നിന്നും ഫണ്ട് ലഭിക്കാത്തത് ആണ് ഇതിനു കാരണം എന്നും ഓവർസീയർ അജി വ്യക്തമാക്കി.

ഒരു തൊഴിലാളി അവർക്ക് യൂണിഫോം നൽകാമോ എന്ന് ആയിരുന്നു ചോദിച്ചത്.എന്നാൽ അതിനെക്കുറിച്ചൊന്നും ഇപ്പോൾ പറയാൻ ആയിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

ടാർപാ വാങ്ങിയതിന് പിരിച്ചെടുത്ത പണം കിട്ടിയിട്ടില്ല എന്ന പരാതിയിൽ പഞ്ചായത്ത് ബില്ല് പാസ്സാക്കി മേറ്റിനെ ഏൽപ്പിച്ചിട്ടുണ്ടെന്നും അത് തൊഴിലാളികൾക്കു വീതിച്ചു

നൽകാനും ഓവർസിയർ ആവശ്യപ്പെട്ടു.

ഈ സാമ്പത്തിക വർഷം 15-20 തൊഴിൽ ദിനങ്ങൾ മാത്രമാണ് ഈ വാർഡിൽ ലഭിച്ചിരിക്കുന്നത്. ഇതിനുള്ള കാരണം അവർ തൊഴിൽ ആവശ്യപ്പെടാത്തത് ആണെന്ന് ചർച്ചയിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചു.

ഗ്രാമസഭയ്ക്കു വിളിച്ചാൽ തൊഴിലാളികൾ വരുകയും തൊഴിൽ ചെയ്യാമെന്ന് പറയുകയും ചെയ്യും എന്നാൽ തൊഴിൽ എന്താണെന്നോ അതിന്റ നടത്തിപ്പ് എങ്ങനെയാണെന്നോ ആരും തിരക്കാറില്ല.അതുപോലെ തന്നെ വ്യക്തമായ ഒരു പ്ലാൻ പോലും ആരും നൽകാറില്ല എന്നാണ് ഓവര്സിയറിൽ നിന്നും അറിയാൻ കഴിഞ്ഞത്.

വ്യക്തിഗത ആസ്തി നിർമിത പ്രവർത്തികൾ, -ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവ കൂടുതലായി ഉൾപ്പെടുത്താനുള്ള നിർദ്ദേശവും വി.ആർ.പി -മാർ തൊഴിലാളികൾക്ക് നൽകി.

തോട് പുനരുദ്ധാരണ പ്രവർത്തികളിൽ ഏർപ്പെടുമ്പോൾ കയ്യുറ, ബൂട്ട്സ് തുടങ്ങിയവ ലഭ്യമായിരുന്നില്ല.എന്നാൽ ഇവക്ക് ആവശ്യമായ ഫണ്ട് പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാലാണ് തൊഴിലാളികൾക്കു ഇത്തരം സുരക്ഷ ക്രമീകരണങ്ങൾ നൽകാൻ കഴിയാത്തത് എന്ന് ഓവർസിയർ വ്യക്തമാക്കി

വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിൽ പരിശീലിക്കുവാനോ ചെയ്യുവാനോ ഇവിടുള്ള തൊഴിലാളികൾക്ക്

താത്പര്യം ഇല്ല.

65 സജീവ തൊഴിലാളികൾ ഉള്ള 13-ആം വാർഡിൽ ആകെ 40 പേർ മാത്രമാണ് ഈ ഗ്രാമസഭയിൽ പങ്കെടുത്തത്.

ദീർഘ നേരത്തെ ചർച്ചക്കും തീരുമാനങ്ങൾക്കും ശേഷം റിപ്പോർട്ട് കയ്യടിച്ചു പാസ്സാക്കി. 4.30മണിയോടെ വി.ആർ.പി ശംഭു നന്ദി രേഖപ്പെടുത്തി കൊണ്ട് യോഗം അവസാനിപ്പിച്ചു.

# നന്ദി

=======

വർക്കല ബ്ലോക്കിലെ ഒറ്റൂർ പഞ്ചായത്തിലെ  വാർഡ് 13-ലെ  2018- 19 സാമ്പത്തികവർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി

തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ഒറ്റൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ ഫീൽഡ് പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.